# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 | ലക്കം - 1 | ധനു - 1193 | ജനുവരി 2018



എറണാകുളം കരയോഗം

# ഗുരുവായൂർ അതിഥി മന്ദിരത്തിന്റെ ഭൂമി പൂജ – ശിലാസ്ഥാപനചടങ്ങുകളിൽ നിന്ന്















ഗുരുവായൂർ ഗസ്റ്റ്ഹൗസിന്റെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് തപാൽ വകുപ്പ് പുറത്തിറക്കിയ പ്രത്യേക പോസ്റ്റൽ കവർ എറണാകുളം പോസ്റ്റൽ ഡിവിഷൻ സീനിയർ സൂപ്രണ്ട് എൻ. ആർ.ഗിരി കെ പി കെ മേനോന് നൽകി പ്രകാശനം ചെയ്യുന്നു.



നാരായണീയ ദിനത്തോടനുബന്ധിച്ച് ശ്രീമതി. രാജം ആർ മേനോന്റെ നേതൃത്വത്തിൽ നടത്തിയ സമ്പൂർണ്ണ നാരായണീയ പാരായണം.

എഡിറ്റോറിയൽ

# മാറ്റത്തിന്റെ കാറ്റു വീശി തുടങ്ങി

*"A poor (Person) is a poor (person) whether he is from a forward or backword community. A helping hand should be extended to such  needy poor not only monetarily but also by way of reservation in education and employment."*

അർഹതപ്പെട്ടവർക്ക് നീതി ലഭ്യമാക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട്, സുപ്രധാനമായ ഒരു വിധിയിലൂടെ മദ്രാസ് ഹൈക്കോടതി തമിഴ്നാട് സർക്കാരിന് നൽകിയ നിർദ്ദേശത്തിലെ ചുരുക്കം ചില വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.   എന്ന് മാത്രമല്ല ആ വിധിന്യായത്തിലൂടെ പറയുന്നു, ''എല്ലാ സമുദായങ്ങളിലും പാവപ്പെട്ടവർ ഉണ്ടെന്നുള്ളത് ഈ കോടതിക്ക് ബോധ്യമായിട്ടുണ്ട്. അവരെയെല്ലാം സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഉയർത്തപ്പെടേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും സാമൂഹ്യ നീതി ഉറപ്പാക്കേണ്ടതുണ്ട്. പക്ഷെ മുന്നോക്കക്കാരിലെ പാവപ്പെട്ടവർക്ക് വേണ്ടി ഒരു വാക്കു പറയുവാൻ, സംവരണ വിഭാഗക്കാരുടെ എതിർപ്പിനെ ഭയന്ന്, ആരും തയ്യാറാവുന്നില്ല.'' തമിഴ്നാട്ടിലെ MBBS സീറ്റ് അലോട്ട്മെന്റിൽ ഉണ്ടായ തർക്കം കോടതിയിലെത്തിയപ്പോഴാണ് കാലം കാത്തിരുന്ന ഈ വിധി ഉണ്ടായത്. SC, ST, OBC, MBC തുടങ്ങിയ സംവരണ വിഭാഗങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള സീറ്റുകളും സംവരണ സമുദായക്കാർ ജനറൽ സീറ്റുകളിൽ നിന്നും കയ്യടക്കുന്ന സീറ്റുകളും എല്ലാം കഴിഞ്ഞ് വളരെ കുറച്ച് സീറ്റുകൾ മാത്രമാണ് മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. ഇതിന് യാതൊരു നീതികരണവുമില്ല. കൂടാതെ വളരെ പ്രധാനപ്പെട്ട മറ്റൊരു വസ്തുത സമൂഹത്തിലെ ഭൂരിപക്ഷം ആളുകളേയും, SC, ST,

# ഉള്ളടക്കം

വാല്യം 11 | ലക്കം 01 | ജനുവരി 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 6 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| രാമായണത്തിലെ സ്ത്രീ സാന്നിദ്ധ്യം | 17 |
| കവിത (ഉണ്ണി പ്രസാദം) | 20 |
| കൃഷിഗീത - കാർഷിക വിജ്ഞാനത്തിലെ നിധി | 21 |
| മാരത്തോൺ മാട്രിമോണി ഡോട്ട് കോം | 23 |
| കേളികൊട്ട് | 26 |
| സൂര്യചന്ദ്രപ്രഭാവം ജ്യോതിഷത്തിൽ | 30 |
| ദ്വൈതം | 35 |
| സൗരയൂഥത്തിന്റെ അതിർത്തിയിൽ | 39 |
| പാതഞ്ജലയോഗദർശനം | 41 |
| ഹരിസുധാലഹരി | 42 |
| ആരോഗ്യവും നല്ല ശീലങ്ങളും | 43 |
| കൗമാരവും സമീപനവും | 47 |
| മുഖസൗന്ദര്യം എങ്ങനെ വർദ്ധിപ്പിക്കാം | 49 |
| സംവരണം - ഒരു പുനർവിചിന്തനം ആവശ്യമാണ് | 52 |
| എറണാകുളം വളഞ്ഞമ്പലം ദേവീക്ഷേത്രം ഉത്സവാഘോഷ പരിപാടികൾ | 54 |
| എറണാകുളം ശിവക്ഷേത്രം ഉത്സവാഘോഷം 2018 | 56 |
| മാസഫലം | 57 |
| മാട്രിമോണിയൽ | 58-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

OBC, MBC തുടങ്ങിയ സംവരണ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ട് ഒരു ചെറിയ വിഭാഗത്തെ മാത്രം മാറ്റിനിർത്തപ്പെടുന്നതു കൊണ്ട് സംവരണ തത്വം തന്നെ ഇവിടെ പരാജയപ്പെടുകയാണ് എന്നുള്ളതാണ്. അതായത് ബഹുഭൂരിപക്ഷം ആളുകൾക്ക് സംവരണാടിസ്ഥാനത്തിൽ വിദ്യാഭ്യാസവും ജോലിയും എല്ലാം ലഭ്യമാക്കുകയും ഒരു ചെറിയ വിഭാഗത്തിനു മാത്രം ഇങ്ങനെയുള്ള ആനുകൂല്യങ്ങളെല്ലാം നിഷേധിക്കുന്നതും ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല എന്ന്. അതുകൊണ്ട് തന്നെ മുന്നോക്കക്കാരിലെ പാവപ്പെട്ടവർക്കെങ്കിലും സംവരണം ലഭ്യമാക്കണമെന്ന് എല്ലാവിധ ന്യായങ്ങളും ഉദ്ധരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെട്ടിരിക്കുന്നത്.

ജാതി അടിസ്ഥാനത്തിലുള്ള നിലവിലുള്ള സംവരണരീതി അവസാനിപ്പിക്കുന്നതുവരെ ജനങ്ങൾ പല തട്ടുകളിലായി നിന്ന് പരസ്പരം പോരടിച്ചുകൊണ്ടേയിരിക്കും. ഈ രാജ്യത്തിന്റെ ഐക്യത്തെ കാർന്നു തിന്നുന്ന മഹാവിപത്താണത്. എത്രവേഗം ഇതവസാനിപ്പിക്കുന്നുവോ അത്രയും നാടിന് നല്ലത്. ദാരിദ്രം അനുഭവിക്കുന്നവർ ഏത് വിഭാഗത്തിൽപെട്ടവരായാലും അവരെ സഹായിക്കേണ്ടതും സമൂഹത്തിൽ നിന്ന് പിന്തള്ളപ്പെട്ടവരെ ഉയർത്തിക്കൊണ്ട് വരേണ്ടതും മനസ്സാക്ഷിയുള്ള ധർമ്മബോധമുള്ള ഒരു ജനതയുടെ കടമയാണ്. ഇന്നത്തെ സംവരണ രീതി ഒരു വിഭാഗത്തെ അടിച്ചമർത്തുന്നതാണ്-അവർക്ക് അർഹതപ്പെട്ടത് നിഷേധിക്കുന്നതാണ്. ഇത് അധികകാലം തുടർന്നാൽ സഹികെട്ട് ആ വിഭാഗം എന്തിനും തയ്യാറായി രംഗത്ത് ഇറങ്ങും. പലയിടങ്ങളിലും ഇതാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. നീതിനിഷേധത്തിനെതിരെ പ്രളയാഗ്നിപോലെ ജനം ആർത്തിരമ്പുമ്പോൾ അതിനെ തടയുവാൻ ഒരു ശക്തിക്കും കഴിയില്ല എന്നു വരും തീർച്ച. അങ്ങനെ ഒരവസരം ഉണ്ടാവാൻ ഇടവരുത്താതെ ജനപ്രതിനിധികൾ ദരിദ്രർക്കും പാവപ്പെട്ടവർക്കും വേണ്ടി അധികാരം വിനിയോഗിക്കണം. സംവരണം ഉൾപ്പടെയുള്ള എല്ലാ ആനുകൂല്യങ്ങളും ജാതിമത വ്യത്യാസമില്ലാതെ ദാരിദ്ര്യം അനുഭവിക്കുന്ന, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ പാടുപെടുന്ന പാവപ്പെട്ടവർക്കു മാത്രം നൽകണം. ഭാവിയെ കാലെ കൂട്ടി കാണുകയെന്നുള്ളത് യഥാർത്ഥ നേതാവിന്റെ കഴിവാണല്ലോ? ആ കഴിവ് നമ്മുടെ നേതാക്കൾക്കും ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# സ്ഥലം വിൽപ്പനയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള തൃപ്പൂണിത്തുറ കളിക്കോട്ട പാലസിന് സമീപമുള്ള കോട്ടപ്പുറത്ത് റോഡിന്റെ വലതുവശത്ത് 16 സെന്റ് 870ച. ലിങ്ക്സ് സ്ഥലം വിൽക്കുവാനുണ്ട്. താല്പര്യമുള്ളവർ രേഖാമൂലം എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**
**എറണാകുളം കരയോഗം**
**ടി ഡി എം ഹാൾ കോംപ്ലക്സ്, ഡി.എച്ച്. റോഡ്,**
**കൊച്ചി 682 016, ഫോൺ: 0484 2361160, Extn 22**

*NB:**വിൽപ്പന ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും. Brokers Excuse.***

*(മിനിക്കഥ)*

# പാവം ആത്മാവ്

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

അന്തരിച്ചുപോയ അയാൾക്ക് പുകഴ്മാല ചാർത്തുകയാണ് എല്ലാവരും. ആത്മാവ് എല്ലാം അത്ഭുതത്തോടെ കേൾക്കുന്നുണ്ടായിരുന്നു.

ജീവിച്ചിരിക്കുമ്പോൾ പിണക്കം കാട്ടിയവർ പോലും ഇപ്പോൾ ഇണക്കം അഭിനയിക്കുകയാണ്. മരിച്ചുപോയവരെപ്പറ്റി നല്ലതേ പറയാവൂ എന്ന അലിഖിത നാട്ടുവഴക്കം കൊണ്ടാവാം.

ശ്മശാനത്തിൽ നിന്നും അവർ നേരെ പോകുന്നത് ബാറിലേയ്ക്കാണ്. മരണം ആഘോഷിക്കുന്നവർക്കെതിരെ ഒന്നും ചെയ്യാനാവുന്നില്ലല്ലോ എന്ന നിസ്സഹായതയാണ് പാവം ആത്മാവിന്.

# ജനറൽ സെക്രട്ടറിയുടെ പംക്തി

*'എല്ലാവർക്കും പുതുവത്സരാശംസകൾ'*

92 വയസ്സ് പൂർത്തിയാക്കി അടുത്ത നൂറ്റാണ്ടിലേക്കുള്ള വികസനത്തിന്റെ പാതയിലാണ് നാമിന്ന്. എറണാകുളത്തിന് പുറത്തേയ്ക്ക്, സാക്ഷാൽ ഭൂലോകവൈകുണ്ഠമായ ഗുരുവായൂരിൽ, എറണാകുളം കരയോഗത്തിന് സ്വന്തമായി ഒരു അതിഥി മന്ദിരം എന്ന സ്വപ്നം യാഥാർത്ഥ്യത്തിലേക്ക്.... എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ സേവനപ്രവർത്തനങ്ങൾക്ക് ഗുരുവായൂരിലും തുടക്കംകുറിച്ചു. 2017 ഡിസംബർ 14ന് കരയോഗം നവതി സ്മാരക അതിഥി മന്ദിരത്തിന്റെ ശിലാസ്ഥാപന ചടങ്ങിനോടനുബന്ധിച്ച് നടന്ന പൊതുസഭയിൽ വച്ച് മുഖ്യമന്ത്രിയുടെ ഓഖി ദുരിതാശ്വാസ നിധിയിലേക്ക് കരയോഗത്തിന്റെ സംഭാവനയായി 55,555/- രൂപയുടെ ചെക്ക് ഗുരുവായൂർ എം എൽ എ കെ.വി.അബ്ദുൾഖാദറിനു കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു) നൽകി.

എറണാകുളം കരയോഗം ക്ഷണിച്ച എല്ലാ അതിഥികളും ശിലാസ്ഥാപനത്തിന്റെ പ്രൗഢ ഗംഭീരമായ ചടങ്ങിൽ പങ്കെടുത്തു എന്നത് ചാരിതാർത്ഥ്യത്തിന് വക നൽകുന്നു. നമ്മുടെ പ്രവർത്തനങ്ങളെ ചടങ്ങിൽ പങ്കെടുത്ത അതിഥികളെല്ലാം തന്നെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അവരെല്ലാം ഈ സ്ഥാപനത്തിന്റെ വളർച്ചയും പ്രവർത്തനവും വളരെ ആകാംക്ഷയോടെ വീക്ഷിക്കുന്നു എന്നുള്ളത് നമ്മെ കൂടുതൽ കർമ്മോത്സുകരാകുന്നു.

പതിനഞ്ച് കോടി രൂപയുടെ ബൃഹത്തായ ഒരു പദ്ധതിയാണ് നമ്മൾ ഏറ്റെടുത്തിട്ടുള്ളത് എന്നത് ഒരു ചെറിയ കാര്യമല്ല. സമയബന്ധിതമായി ഒരു മുടക്കവും കൂടാതെ പദ്ധതി പൂർത്തിയാക്കി ജനങ്ങൾക്ക് സമർപ്പിക്കുക എന്ന വലിയ ഉത്തരവാദിത്ത്വവും നിറവേറ്റേണ്ടതുണ്ട്. ഇക്കാര്യത്തിൽ നമുക്ക് ലവലേശം ഭയമോ ആശങ്കയോ ഇല്ല. സർവ്വശക്തനായ ശ്രീഗുരുവായൂരപ്പന്റെ കാരുണ്യത്താൽ എല്ലാം ഭംഗിയായി കൃത്യസമയത്തു തന്നെ തീർക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് ഭരണസമിതിക്കുള്ളത്. എല്ലാ കരയോഗാംഗങ്ങളും പ്രിവിലേജ് കാർഡ് പദ്ധതിയിൽ അംഗങ്ങളായി ചേർന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ 92-ാമത് സ്ഥാപകദിനത്തോടനുബന്ധിച്ച് കുടുംബസംഗമത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. മുൻവർഷങ്ങളിലെ അനുഭവങ്ങളിൽ നിന്നും വ്യത്യസ്തമായി ചില നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണെങ്കിലും ഭക്ഷണം പാഴാക്കി കളയാതെ കരയോഗത്തോടൊപ്പം എല്ലാ അംഗങ്ങളും സഹകരിച്ചു. അന്ന് രാവിലെ 5 മുതൽ രാത്രി 9 വരെ ടി ഡി എം ഹാളിൽ നടന്ന അദ്ധ്യാത്മിക കലാസാഹിത്യ നൃത്ത സംഗീത പരിപാടികൾ അംഗങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് സജീവമായിരുന്നു. സ്ഥാപകദിനം ആഘോഷിക്കാൻ എത്തിച്ചേർന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ.

എറണാകുളം കരയോഗത്തിന്റെ 31-ാമത് ശ്രീമദ് ഭാഗവതസപ്താഹയജ്ഞം 2018 ഫെബ്രുവരി 18 ഞായറാഴ്ച ആരംഭിച്ച് 25-ാം തീയതി ഞായറാഴ്ച സമാപിക്കുന്നു, യജ്ഞത്തിൽ ആചാര്യനായി ബ്രഹ്മശ്രീ വയപ്പുറം വാസുദേവപ്രസാദ് മുഖ്യകാർമ്മികത്വം വഹിക്കുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് ജനുവരി 20, ശനിയാഴ്ച, വൈകുന്നേരം 5 മണിക്ക് ടിഡിഎം കാവേരി ഹാളിൽ അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത കൊടിയേറ്റം, ജനുവരി 21 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ചാർളി ചാപ്ലിന്റെ മോഡേൺ ടൈംസ് എന്നീ സിനിമകൾ പ്രദർശിപ്പിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ രാവണോത്ഭവം കഥകളി ജനുവരി 23ന് വൈകുന്നേരം 6.30 മണിക്ക് ടിഡിഎം ഗംഗാ ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ബീം, പ്രതിമാസ പരിപാടിയിൽ ജനുവരി 30 ന് വൈകുന്നേരം 6.30 മണിക്ക് ടിഡിഎം ഗംഗാ ഹാളിൽ ശ്രീ.ജോസ് പീറ്റർ നയിക്കുന്ന 'സലാം ദിലീപ്കുമാർ' സംഗീത വിരുന്ന് സംഘടിപ്പിക്കുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാ അംഗങ്ങളുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു●

*ജനറൽ സെക്രട്ടറി*

# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതിയ വർഷത്തെ എല്ലാവരും അതീവ സന്തോഷത്തോടെ എതിരേറ്റിരിക്കുമല്ലോ? രണ്ടായിരത്തിപതിനെട്ട് കൂട്ടുകാർക്കെല്ലാം ഏറെ പ്രതീക്ഷകൾക്ക് വക നൽകട്ടെ എന്ന് ആശംസിക്കുന്നു. നന്നായി പഠിക്കാനും. ലോകത്തു നടക്കുന്ന നല്ല കാര്യങ്ങൾ മനസ്സിലാക്കാനും കൂട്ടുകാർ സമയം കണ്ടെത്തണം കേട്ടോ.

നാം ജീവിക്കുന്ന സമൂഹത്തോടു നമുക്കും ചില ഉത്തരവാദിത്വങ്ങളും കടമകളുമൊക്കെയുണ്ട് എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? രാമായണം എന്ന മഹാകാവ്യത്തിൽ ഇത്തരം ചില സന്ദർഭങ്ങളുണ്ട്.

രാമായണം എന്ന മഹാകാവ്യം അഥവാ ഇതിഹാസം മനുഷ്യന് നൽകുന്ന പാഠങ്ങൾ നിരവധിയാണ്. അതിൽ, കേവലം ദശാനനവധം മാത്രമായിരുന്നില്ല ഭഗവാന്റെ അവതാരോദ്ദേശ്യം. തിന്മയുടെ മേൽ നന്മയുടെ വിജയം എന്നതിലുപരിയായി മനുഷ്യസഹജമായ ദൗർബല്യങ്ങളോടൊപ്പം തന്നെ ഓരോ വ്യക്തിയുടെയും വിവിധ നിലകളിലുള്ള കടമകൾ, ഉത്തരവാദിത്വങ്ങൾ എല്ലാം നമ്മെ ബോധ്യപ്പെടുത്തുന്ന നിരവധി സന്ദർഭങ്ങൾ രാമായണത്തിലുണ്ട്. എന്നാൽ അത്ഭുതാവഹമായ മറ്റൊരു വസ്തുത മനുഷ്യരോടൊപ്പം പക്ഷിമൃഗാദികളും അവിടെ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നു എന്നതാണ്. രുദ്രാംശമായ വീരഹനുമാനെയും ദേവാവതാരങ്ങളായ മറ്റു വാനരവീരരെയും ഒഴിച്ചു നിർത്തിയാൽത്തന്നെ ജടായു, സമ്പാതി എന്നീ പക്ഷിശ്രേഷ്ഠന്മാർ സഹോദരസ്നേഹത്തിന്റെയും സ്വാമിഭക്തിയുടെയും പ്രതീകങ്ങളായി നിറഞ്ഞു നിൽക്കുന്നു എന്നാൽ, ഇവിടെ തീരെ നിസ്സാരമെന്ന് നാം കരുതുന്ന മറ്റൊരു ജീവിയെക്കുറിച്ചാണ് പറയാൻ പോകുന്നത്...

പിതാവായ ദശരഥരാജാവിന്റെ സത്യപാലനത്തിനായി ശ്രീരാമൻ ലക്ഷ്മണനോടും സീതാദേവിയോടുമൊപ്പം വനവാസം നയിക്കുന്ന കാലം. മായാപ്രയോഗത്തിലൂടെ രാമലക്ഷ്മണന്മാരെ സീതയിൽ നിന്നകറ്റിയ ശേഷം രാവണൻ കപട സന്യാസീ വേഷത്തിൽ വന്ന് ദേവിയെ അപഹരിച്ച് സ്വന്തം സാമ്രാജ്യമായ ലങ്കയിലേക്ക് കൊണ്ടുപോയി. വീരഹനുമാൻ ഒരു ചാട്ടത്താൽ സമുദ്രം മറികടന്ന് ദേവിയെ കണ്ടെത്തുന്നു. എന്നാൽ മനുഷ്യജന്മമെടുത്ത ഭഗവാന് തന്റെ സർവ്വ സൈന്യത്തെയും സമുദ്രത്തിന്റെ മറുകരയിൽ എത്തിക്കേണ്ടതിനാൽ സമുദ്രത്തിനു കുറുകെ സേതു അഥവാ ഒരു പാലം നിർമ്മിക്കേണ്ടതായി വന്നു. വിശ്വകർമ്മാവിന്റെ പുത്രനായ നളൻ എന്ന വാനരവീരന്റെ നേതൃത്വത്തിൽ പാലത്തിന്റെ പണി തുടങ്ങി ലക്ഷ്മണൻ, സുഗ്രീവൻ, ഹനുമാൻ എന്നിവരെല്ലാമാണ് ഇതിനു മേൽനോട്ടം വഹിച്ചത്. ദേവീവിരഹത്താൽ ദു:ഖിതനായ ശ്രീരാമദേവനും അവിടെ നില്പുണ്ട്. പെട്ടെന്നാണ് അദ്ദേഹം ആ കാഴ്ച കണ്ടത്.. ഒരു ചെറിയ അണ്ണാൻ. അത് ആദ്യം വെള്ളത്തിൽ ചാടുന്നു. പിന്നെ അവിടെ നിന്നും പുറത്തു വന്ന് മണ്ണിൽ കിടന്ന് ഉരുളുന്നു. പിന്നീട് ഓടി ചെന്ന് നിർമ്മാണം നടക്കുന്ന പാലത്തിൽ പോയി തന്റെ ദേഹം കുടയുന്നു. ക്രമം തെറ്റാതെ തന്റെ പ്രവൃത്തി അത് അവിരാമം തുടരുകയാണ്. കൗതുകം തോന്നിയ രാമൻ അണ്ണാന്റെ അരികിലേക്ക് ചെന്ന് ഇങ്ങിനെ ചോദിച്ചു.:- 'കുഞ്ഞേ, നീയെന്തിനാണ് ഇങ്ങിനെ ചെയ്തുകൊണ്ടിരിക്കുന്നത്? നിന്റെ ശരീരത്തിന് ക്ഷീണം അനുഭവപ്പെടുന്നില്ലേ?' ഇത് കേട്ട് അണ്ണാൻ ഇങ്ങിനെ പറഞ്ഞു.:-സ്വാമീ, വെള്ളത്തിൽ നനയുന്ന എന്റെ ദേഹത്ത് മണ്ണിൽ കിടന്ന് ഉരുളുമ്പോൾ പറ്റിപ്പിടിക്കുന്ന മൺതരികൾ പാലത്തിൽ കുടഞ്ഞിടുകയാണ്. വേഗം പാലം നിർമ്മിച്ചു കഴിഞ്ഞാലല്ലേ അങ്ങേക്ക് സൈന്യവുമായി അക്കരെ കടക്കുവാൻ കഴിയുകയുള്ളു? എന്നെക്കൊണ്ട് കഴിയുന്നത് പോലെ ഞാൻ സഹായിക്കുകയാണ്. ശ്രീരാമൻ അത്ഭുത സ്തബ്ധനായി. നിറകണ്ണുകളോടെ നിശ്ശബ്ദനായി അദ്ദേഹം അണ്ണാൻകുഞ്ഞിനെ തന്റെ മടിയിലെടുത്തു വെച്ച് വാത്സല്യപൂർവ്വം തലോടി. ആ തൃക്കൈ പതിഞ്ഞ മുദ്രകളാണത്രേ ഇന്നും അണ്ണാറക്കണ്ണന്മാരുടെ മുതുകിൽ മൂന്നു വരകളായി കാണപ്പെടുന്നത്! ഭക്തിപൂർവ്വം അണ്ണാൻ രാമന്റെ മടിയിൽ നിന്നിറങ്ങി തന്റെ ജോലി തുടരുകയും ചെയ്തു. ഇതിൽ നിന്നെന്താ കൂട്ടുകാർക്കു മനസ്സിലായത്.... 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന മഹത്തായ പഴമൊഴിയും ഈ ഗുണപാഠകഥയുടെ പിന്തുടർച്ചയാവാം. സമൂഹത്തിന്റെ പൊതു

നന്മക്കായി നടത്തുന്ന കർമ്മപരിപാടികളിലെല്ലാം കൂട്ടുകാർക്കും അവനവന്റേതായ സംഭാവനകൾ നൽകാൻ കഴിയും. അത്, സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ ഓരോ വ്യക്തിയുടെയും കടമയാണ്.കൊച്ചു കൂട്ടുകാരും ഈ കാര്യം എപ്പോഴും ഓർക്കുമല്ലോ

ഇതെന്തൊരാനന്ദമിതെന്തുകൗതുകം
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ-
പറന്നിതാ തൊടുംമുമ്പിതു വിണ്ണിലായിതെ
ഉടൻ മടങ്ങുന്നിത പൂത്തിരിട്ടിലായ്-
കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ
ചൂടുന്നതില്ലിച്ചെറു തീയതൊന്നുമേ
കെടുന്നുമില്ലീ മഴയത്തതുപോലുമേ
ഇരിക്കൊല പൊങ്ങുക, വിണ്ണിലോമനെ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ
സ്പുരിക്കുമീ നിന്നുടലിൻ പദാർത്ഥ-
മെന്തുരക്ക, മിന്നല്പിണരിൻ സ്പുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞു പാറും നിലാവതോ
പുളച്ചിടുന്നെൻ മനതാരഹോ വെറും
വെളിച്ചമേ വാ കിളിവാതിലൂടെ നീ
വിളിച്ച് കേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്ക് വയ്യെടോ

(മഹാകവി കുമാരനാശാന്റെ മിന്നാമിനുങ്ങ് എന്ന കവിതയിൽ നിന്ന്)

## എറണാകുളം കരയോഗം
### 16.01.2018 മുതൽ 15.02.2018 വരെയുള്ള പരിപാടികൾ

| | | | | |
|---|---|---|---|---|
| 17.1.2018 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 18.1.2018 | വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 20.1.2018 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ് സിനിമപ്രദർശനം കൊടിയേറ്റം (കാവേരി ഹാൾ) |
| 21.1.2018 | ഞായർ | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ് സിനിമപ്രദർശനം മോഡേൺ ടൈംസ് -ചാർളി ചാപ്ളിൻ ചിത്രം (കാവേരി ഹാൾ) |
| 23.1.2018 | ചൊവ്വ | 7.00 p.m. | : | കരയോഗം കഥകളി ക്ലബ്ബ് അവതരിപ്പിക്കുന്ന കഥകളി |
| | | | : | രാവണോത്ഭവം |
| 24.1.2018 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : | വുമൺസ് ഫോറം യോഗം |
| 25.1.2018 | വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 27.1.2018 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.1.2018 | ചൊവ്വ | 6.30 p.m. | : | ബീം പ്രതിമാസ പരിപാടി: ഗാനമേള - സലാം ദിലീപ് കുമാർ |
| 31.1.2018 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 1.2.2018 | വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 3.2.2018 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.2.2018 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 8.2.2018 | വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 10.2.2018 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 11.02.2018 | ഞായർ | 10.00 a.m. | : | പാർക്കിൻസൺസ് രോഗചികിത്സ (ഇകെഎൻഎം പോളിക്ലിനിക്) |
| 14.2.2018 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 15.2.2018 | വ്യാഴം | 4.00 p.m. | : | എൽഡർ സിറ്റിസൺസ് ഫോറം യോഗം |

രാഗപരിചയം

# ആഹിർഭൈരവ്

ഡോ. ജയലക്ഷ്മി നന്ദകുമാർ

പുരാതനമായ ഒരു ഹിന്ദുസ്ഥാനി രാഗമാണ് ആഹിർഭൈരവ്. കർണ്ണാടക സംഗീതത്തിലെ ചക്രവാകം എന്ന രാഗത്തിനോടു വളരെയധികം സമാനത പുലർത്തുന്ന രാഗമാണിത്. ഭൈരവ്, കാഫി എന്നീ ഥാട്ടുകളുടെ സമ്മിശ്രണമായിട്ടാണ് ആഹിർഭൈരവ് രാഗത്തെ പറയുന്നത്.

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ :- ഷഡ്ജം, ശുദ്ധരിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു:ശ്രുതി ധൈവതം, കൈശികി നിഷാദം.

സമ്പൂർണ്ണ - സമ്പൂർണ്ണ രാഗമാണെങ്കിലും നിഷാദം ആരോഹണത്തിൽ ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമീപനം കൂടി ഉള്ളതായി കാണുന്നു. അങ്ങനെയാവുമ്പോൾ ആഹിർഭൈരവ് ഒരു ഷാഡവ-സമ്പൂർണ്ണ രാഗമാണ്.

രാവിലെ 6 മണി മുതൽ 9 മണി വരെയുള്ള സമയത്തിൽ ആലപിച്ചാൽ ഹൃദ്യമായി തോന്നുന്ന ഒരു പുലർകാല രാഗം കൂടിയാണിത്. കരുണ, ശോകം എന്നീ ഭാവങ്ങൾ പ്രതിഫലിപ്പിക്കുവാൻ കഴിയുന്ന രാഗം. ഈ രാഗം കേട്ടു കൊണ്ടു ധ്യാനിക്കുന്നത് മന:ശ്ശാന്തി നല്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഖയാൽ, അഭംഗ്, ഭജൻ എന്നീ ഹിന്ദുസ്ഥാനി സംഗീതരൂപങ്ങൾ ഈ രാഗത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

## ഈ രാഗത്തിലുള്ള കൃതികൾ

1. ബീത് ഗയേ ദിന് - ഏക് താൾ - കബീർദാസ്
2. അല്ബേല സജന് - തീൻ താൾ
3. ജാഗോ രേ ഭായ് ജാഗോ - (ഛോട്ടാ ഖയാൽ) - ത്രി താൾ

## ചലച്ചിത്രഗാനങ്ങൾ

1. ആദിയിൽ വചനമുണ്ടായി - ചേട്ടത്തി
2. വിജന തീരമേ - രാത്രിവണ്ടി
3. അസ്തമയ ചക്രവാളം - സൗന്ദര്യപൂജ
4. ജീവിതമേ ഹാ ജീവിതമേ - പാതിരാസൂര്യൻ
5. ചൈത്രം ചായം ചാലിച്ചു - ചില്ല്
6. രാക്കിളിതൻ - പെരുമഴക്കാലം
7. ചലോമന് ജായേ - സ്വാമി വിവേകാനന്ദ
8. പൂഛോ നാ കൈസേ - മേരീ സൂരത് തേരി ആംഖേ
9. മന് ആനന്ദ് ആനന്ദ് ചായോ - വിജേത
10. തേരീ ഉമ്മീദ് തേരാ ഇന്ദസാർ - ദീവാനാ●

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 ജനുവരി മാസം 14-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

*ജനറൽ സെക്രട്ടറി*

വാസ്തു

# വാസ്തുവിൽ പിഴച്ചാൽ, വീട് പണി നില്ക്കും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

എറണാകുളം ടൗണിൽ ഉദ്ദേശം 30000/Sq. ft. വിസ്തീർണ്ണമുള്ള വീട് പണി തുടങ്ങിയിട്ട് കഴിഞ്ഞ 8 കൊല്ലക്കാലമായി കഴിഞ്ഞ 2 1/2 കൊല്ലമായി Structural works മുഴുവൻ കഴിഞ്ഞ നിലയിൽ നില്ക്കുന്നു. ഇതിനിടെ ഇപ്പോൾ 3-ാമത്തെ Architect ആണ്. ഇതിന് മുമ്പുള്ള 2 പേർ അഭിപ്രായ വ്യത്യാസം കാരണം വിട്ടുപോയി. ദമ്പതികൾ 2 പേരും ഡോക്ടർമാർ ആണ്. ഒരു പ്രമുഖ ഡോക്ടർ വഴി ഞാൻ അവിടെ എത്തി. അവിടെത്തെ കാര്യങ്ങൾ വളരെ ദുർഘടമാണ്. വീടിന്റെ മുഖം തെക്കോട്ടാണ്. ഏതാണ്ട് "L" Shape ആണ് വീടും, പറമ്പും. പറമ്പിന്റെ തെക്ക് പടിഞ്ഞാറെ മൂലയിലാണ് ഗേറ്റ് നില്ക്കുന്നത്. വടക്കു - കിഴക്കു ഭാഗത്ത് വലിയ ഫാമിലി റൂം മറ്റു മുറികളേക്കാൾ 3 അടി പൊങ്ങിയാണ്. പറമ്പിന്റെ വടക്കു കിഴക്കുഭാഗത്ത് 1 അടി താഴ്ചയിൽ കിഴക്കോട്ട് തള്ളി നില്ക്കുന്ന ഭാഗം മതിൽ കെട്ടി വേറെ പറമ്പാക്കി മാറ്റി ഇട്ടിരിക്കുന്നു. വീട് പണി വീണ്ടും തുടങ്ങുന്നതിന് വേണ്ടി ആലോചന സമയത്താണ് ഞാൻ അവിടെ സന്ദർശിച്ചത് പുതിയ ആർക്കിടെക്റ്റ് എഞ്ചിനീയർ, ഇന്റീരിയർ ഡെക്കറേറ്റർ, കുടുംബനാഥനും, ബന്ധുക്കളും, കൂട്ടുകാരും അടങ്ങിയ ഒരു സംഘം അവിടെ ഉണ്ടായി.

താഴെ പറയുന്ന കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടു.

1. പറമ്പിന്റെ തെക്ക് പടിഞ്ഞാറെ ഭാഗത്ത് 20 സെന്റ് സ്ഥലം ഒന്നര അടി താഴ്ന്ന് ഗാർഡൻ ഉണ്ടാക്കുവാൻ വേണ്ടി തിരിച്ചിട്ടിരിക്കുന്നു. ഒരിക്കലും തെക്കു പടിഞ്ഞാറെ ഭാഗം താഴ്ന്ന് കിടക്കരുത്.

2. വടക്കു കിഴക്കു ഭാഗത്തുള്ള മുറി മറ്റു മുറികളേക്കാൾ വളരെ പൊന്തിയാണ് നില്ക്കുന്നത്. ആ മുറി നിലംപൊളിച്ച് മറ്റു മുറികളുടെ ലെവലിലേക്ക് താഴ്ത്തണം

3. തെക്കു പടിഞ്ഞാറെ ഭാഗത്തുള്ള പറമ്പും മറ്റു പറമ്പിൽ നിന്നും, വേർതിരിച്ച്, ചെറിയ കുട്ടി മതിൽ കെട്ടണം. ചിത്രത്തിൽ A - B (ചിത്രത്തിൽ നോക്കുക)




തെക്കു പടിഞ്ഞാറെ ഭാഗത്തുള്ള പറമ്പ് പ്രത്യേക ഗേറ്റ് വെച്ച് Gate "G1" വടക്കു - കിഴക്കു ഭാഗത്ത് മതിൽ കെട്ടി തിരിച്ച പറമ്പ്, മതിൽ C- D വരെ മാറ്റി ഈ പറമ്പിനോട് ചേർക്കുക.

പറമ്പിന്റെ തെക്കുപടിഞ്ഞാറെ ഭാഗം 'H' എന്ന് അടയാളപ്പെടുത്തിയ സ്ഥലത്ത് പറമ്പ് 20 സെ:മീറ്റർ പൊക്കി, വടക്കു കിഴക്കു ഭാഗത്തേക്ക് ചരിച്ച് നിറുത്തണം.

തെക്കു-കിഴക്കു ഭാഗത്ത് ഒരു ചെറിയ ഗേറ്റ് വെക്കണം (G3) വീട് പണി തുടങ്ങുന്നതിന് മുമ്പ്, പറമ്പ് ശരിയാക്കണം, ഒരിക്കലും, പറമ്പിനനുസരിച്ച് പ്ലാൻ ഉണ്ടാക്കരുത്. ഒരിക്കലും, പറമ്പിന്റെ വടക്കു കിഴക്കുഭാഗം പൊന്തി നിൽക്കരുത്. തെക്കു പടിഞ്ഞാറെ ഭാഗം താഴ്ന്ന് ഇരിക്കരുത് കിണർ, കുളം, കുഴി, ഗേറ്റ് എന്നിവ തെക്കു പടിഞ്ഞാറെ ഭാഗത്ത് വരരുത്.

അടുക്കള, കിടപ്പുമുറി, കിണർ, ഗേറ്റ് എന്നിവയുടെ സ്ഥാനം വളരെ ശ്രദ്ധിച്ചു വേണം തീരുമാനിക്കാൻ.

എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ പ്ലാൻ കൊണ്ട് ടിഡിഎം ഹാളിൽ വന്നാൽ സൗജന്യമായി സംശയങ്ങൾ തീർത്തു തരുന്നതാണ്●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### നാഭാദാസ്

ഭക്തമാൽ' എന്ന ജീവചരിത്രസംഗ്രഹത്തിന്റെ കർത്താവ് എന്ന നിലക്കാണ് ഭാരതീയ സാഹിത്യചരിത്രത്തിൽ നാഭാദാസ് വിശേഷിപ്പിക്കപ്പെടുന്നത്. വ്രജ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിൽ മദ്ധ്യകാല ഭാരതത്തിലെ ഇരുനൂറോളം ഋഷികവികളുടെ ലഘു ജീവചരിത്രങ്ങൾ സംഗ്രഹിച്ചിട്ടുണ്ട്. ഗവേഷകരും ചരിത്രവിദ്യാർത്ഥികളും ഇന്നും ഈ ഗ്രന്ഥത്തെയാണ് തങ്ങളുടെ പഠനങ്ങൾക്കായി ആശ്രയിക്കുന്നത്. രാമാനന്ദ ശിഷ്യപരമ്പരയിൽപ്പെട്ട നാഭാദാസ് എ.ഡി. 1570 ൽ ഗ്വാളിയോറിലെ ഒരു ദരിദ്രകുടുംബത്തിലാണ് ജനിച്ചത്. ജന്മനാ അന്ധനായിരുന്നതിനാൽ അഞ്ചു വയസ്സുള്ളപ്പോൾ അവനെ മാതാപിതാക്കൾ കാട്ടിലുപേക്ഷിച്ചു. അഗ്രദാസ് എന്ന ആചാര്യൻ ബാലനെ കണ്ടെത്തി. അദ്ദേഹം അവനു സംരക്ഷണം നൽകുകയും വിധിയാംവണ്ണം വിദ്യ അഭ്യസിപ്പിക്കുകയും ചെയ്തു. നാഭാദാസിന്റെ ശൈശവത്തെക്കുറിച്ച് മറ്റൊരു കഥയുള്ളത് ഇങ്ങിനെ:

ജന്മനാ അന്ധനായ നാഭാദാസ് ദക്ഷിണഭാരതത്തിൽ ജനിച്ചു. അദ്ദേഹം ശൈശവം കടക്കും മുമ്പ് പിതാവിന്റെ മൃത്യൂ സംഭവിച്ചു. പിന്നീട് മാതാവിന്റെ സംരക്ഷണയിലാണ് ബാലൻ വളർന്നത്. നാഭാദാസിന് കേവലം അഞ്ചു വയസ്സുള്ളപ്പോൾ നാട്ടിൽ വരൾച്ചയും ക്ഷാമവുമുണ്ടായി. അമ്മ നാഭാദാസിനെയും കൊണ്ട് അലഞ്ഞുതിരിഞ്ഞ് ഒരു വിധത്തിൽ ജയ്പൂരിലെത്തി. ഒരു ജീവിതമാർഗ്ഗം കണ്ടെത്താൻ കഴിയാതെ വന്ന സാഹചര്യത്തിൽ അവർ കുട്ടിയെ കുറ്റിക്കാട്ടിലുപേക്ഷിച്ചു. ദൈവനിശ്ചയംപോലെ അല്പസമയത്തിനകം മഹാത്മാക്കളായ കീൽഹ്ദാസും അഗ്രദാസും അതുവഴി വന്നു. അല്പപ്രാണനായിക്കണ്ട ബാലനിൽ ദയ തോന്നിയ അവർ അവനു ജലവും ഫലങ്ങളും നൽകി. ബാലൻ അന്ധനാണെന്നു കണ്ടപ്പോൾ കീൽഹ്ദാസ് തന്റെ കമണ്ഡലുവിൽ നിന്ന് അല്പം ഗംഗാജലമെടുത്ത് പ്രാർത്ഥനയോടെ അവന്റെ മുഖത്തു തളിച്ചു. അടുത്തനിമിഷം നാഭാദാസിന്റെ കണ്ണുകൾക്കു കാഴ്ചശക്തി ലഭിച്ചു. അവർ ബാലനെ തങ്ങളുടെ സംഘത്തിൽ ചേർത്തു യാത്ര തുടർന്ന് 'ഗൽത' എന്ന ദിക്കിലെത്തി. അഗ്രദാസിന്റെ മേൽനോട്ടത്തിൽ അവൻ വളർന്നു. പിൽക്കാലത്ത് അദ്ദേഹത്തിൽ നിന്നു ദീക്ഷ സ്വീകരിക്കുകയും ചെയ്തു. ഗുരു അഗ്രദാസ്ജിയാണ് ബാലന് നാഭാദാസ് എന്ന പേരു നൽകിയത്.ഗുരുവായ ശ്രീകൃഷ്ണദാസ് പയ്ഹാരിജിയുടെ നിര്യാണത്തെ തുടർന്ന് ഗൽതയുപേക്ഷിച്ച് അഗ്രദാസ്ജി രൈവാസാ എന്ന ഗ്രാമത്തിലേക്കു പോയി. ഗുരുവിനെ സേവിച്ചുകൊണ്ട് നാഭാദാസും രൈവാസയിൽത്തന്നെ കഴിച്ചുകൂട്ടി. അഗ്രദാസിൽനിന്ന് അദ്ദേഹം രാമോപാസനയുടെ ആദ്ധ്യാത്മികതത്വങ്ങൾ മനസ്സിലാക്കി. ആചാര്യന്റെ പ്രേരണമൂലമാണ് അദ്ദേഹം 'ഭക്തമാൽ' എന്ന ഗ്രന്ഥം രചിച്ചത് എന്നതും പ്രസ്താവ്യമാണ്. നാഭാദാസിന്റെ സമ്പൂർണ്ണകൃതികൾ മൂന്നെണ്ണം വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ഭക്തമാൽ' തന്നെ. നാഭാദാസ് എ.ഡി. 1642 ലാണ് ഈ ഗ്രന്ഥം രചിച്ചത്. 'രാമാഷ്ടയാം' എന്ന പേരിൽ മറ്റു രണ്ടു കൃതികൾ കൂടി ഇദ്ദേഹത്തിന്റേതായി വീണ്ടെടുത്തിട്ടുണ്ട്. അഗ്രദാസിന്റെ മരണാനന്തരം നാഭാദാസ് ഗുരുകുലത്തിന്റെ ചുമതല ഏറ്റെടുത്തു. സുദീർഘമായൊരു ജീവിതത്തിനുശേഷം അദ്ദേഹം പരലോകം പൂകി.

### ശ്രീഹിത് ഹരിവംശ്ജിയും രാധാവല്ലഭ സമ്പ്രദായവും

മദ്ധ്യകാല ഭാരതത്തിൽ ഉറപൊട്ടിയൊഴുകിയ ഭക്തിപ്രസ്ഥാനത്തിന് അനേകം കൈവഴികളുണ്ടായി. അവയിൽ വളരെ വ്യത്യസ്തമായ ഒരു കൈവഴിയായിരുന്നു രാധാവല്ലഭസമ്പ്രദായം. ഇതിൽ കൃഷ്ണന്റെ പ്രേമഭാജനമായ രാധയാണ് ഉപാസനാ മൂർത്തി. ശ്രീഹിതഹരിവംശ് എന്ന ഋഷികവി പതിനാറാം നൂറ്റാണ്ടിൽ രാധാവല്ലഭസമ്പ്രദായം ആവിഷ്കരിച്ചുകൊണ്ട് നിശബ്ദമായ ഒരു സാമൂഹ്യവിപ്ലവത്തിനു വഴിതെളിച്ചു. ഉത്തർപ്രദേശിലെ സഹാരൻപൂർ ജില്ലയിൽ ദേവവൻ എന്നൊരു ഗ്രാമമുണ്ട്, അവിടത്തെ ഒരു ഗൗഡബ്രാഹ്മണകുടുംബത്തിൽ വ്യാസമിത്രൻ എന്നൊ

രാൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പത്നിയായ താരാറാണി പരമഭക്തയും സുശീലയുമായിരുന്നു. ഒരിക്കൽ പൂർണ്ണഗർഭാവസ്ഥയിൽ അവർ ഭർത്താവിനോടൊപ്പം വ്രജഭൂമിയിലേക്കു യാത്ര പുറപ്പെട്ടു. മഥുരയിലെ വാദ് എന്ന ഗ്രാമത്തിലെത്തിയപ്പോൾ താരാറാണിക്കു പ്രസവവേദന തുടങ്ങി. ആരോരും തുണയില്ലാതെ വേദനയാൽ പിടയുമ്പോൾ ആരോ പറഞ്ഞയച്ചതു കണക്കെ സുന്ദരിയായ ഒരു യുവതി അതുവഴി വന്നു. അവരുടെ സഹായത്താൽ താരാറാണി സുഖമായി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ഈ ജനനമുണ്ടായത് എ.ഡി. 1530ലാണെന്ന് ചില ഗവേഷകർ കണക്കാക്കുന്നു. എ.ഡി. 1559ൽ താരാറാണി മഥുരയിൽവെച്ച് ഒരാൺ കുഞ്ഞിനു ജന്മം നൽകിയതായി അതിവല്ലഭ്ജി, ജയകൃഷ്ണൻജി, ഉത്തംദാസ്ജി മുതലായ ആചാര്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

വ്യാസമിത്രൻ കുഞ്ഞിനെ ഹിത്ഹരിവംശ് എന്നു സംബോധന ചെയ്തു. ബാല്യാവസ്ഥയിൽത്തന്നെ ഹരിവംശിന്റെ മനസ്സിൽ ബുദ്ധിയുറച്ചു. കൗമാരമെത്തും മുമ്പ് ഒരുനാൾ രാധാദേവി അദ്ദേഹത്തിനു സ്വപ്നദർശനം നൽകി. ദേവിയിൽ നിന്ന് താൻ ദീക്ഷ സ്വീകരിച്ചതായും അദ്ദേഹം സ്വപ്നത്തിൽ കണ്ടു. അതോടെ ഹിത്ഹരിവംശ് രാധാദേവിയെ ഗുരുവായി വരിച്ചു. സേവക്ജി, ധ്രുവദാസ്ജി, വ്യാസ്ജി എന്നിവരുടെ ലിഖിതങ്ങളും രാധയാണ് ഹിത്ഹരിവംശ്ജിയുടെ ഗുരു എന്നു സാക്ഷ്യപ്പെടുത്തുന്നു.പതിനാറാം വയസ്സിൽ അദ്ദേഹം രുഗ്മിണീദേവിയെ വിവാഹം കഴിച്ചു. ഗാർഹസ്ഥ്യജീവിതം നയിക്കുമ്പോഴും ആദ്ധ്യാത്മികതയിലുറച്ച മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. ഭർത്താവിന്റെ രീതികൾക്കു യോജിച്ച സ്വഭാവമുള്ള സ്ത്രീരത്നമായിരുന്നു രുഗ്മിണീദേവി. ഈ ദാമ്പത്യവല്ലരിയിൽ സാഹിബാദേ എന്നൊരു പുത്രിയും വനചന്ദ്രൻ, കൃഷ്ണചന്ദ്രൻ, ഗോപീനാഥ് എന്ന മൂന്നു പുത്രന്മാരുമുണ്ടായി. ഇതിനിടെ ഹരിവംശ്ജിയുടെ മാതാപിതാക്കൾ മരിച്ചു. മനം തളർന്ന അദ്ദേഹം രാധയുടെ തപോവനമായ വൃന്ദാവനത്തിലേക്കു പോയി. മറ്റു വൈഷ്ണവസമ്പ്രദായങ്ങളിൽ താല്പര്യം തോന്നാത്തതിനാൽ അദ്ദേഹം പ്രേമഭക്തിയിലധിഷ്ഠിതമായ ഒരു നൂതന ഭക്തിസമ്പ്രദായം ആവിഷ്കരിച്ചു. രാധാവല്ലഭസമ്പ്രദായം എന്ന പേരിൽ ഇത് ജനസഹസ്രങ്ങളെ ആകർഷിച്ചു. രാധാദേവിയുടെ ഭക്തിയും പ്രേമവും ഏറ്റവും ഉദാത്തമാണെന്നും താൻ നരകത്തിൽ പതിച്ചാലും കൃഷ്ണൻ സുഖമായിരിക്കണമെന്നുള്ള രാധയുടെ പ്രണയമാണ് നിസ്വാർത്ഥപ്രണയം എന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഹരിവംശ്ജിയുടെ സിദ്ധാന്തങ്ങൾ സാധാരണക്കാരെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ കോമളരൂപം കാണുമ്പോഴൊക്കെ വ്രജഭൂമിയിലെ കൃഷ്ണൻ തന്നെയല്ലേ ഇത് എന്ന തോന്നലായിരുന്നു അവരുടെ ഉള്ളിൽ. ഹരിവംശ്ജി സാക്ഷാൽ കൃഷ്ണന്റെ അവതാരം തന്നെയാണെന്ന് അവർക്ക് ബോദ്ധ്യമായി.ഹിത്ഹരിവംശ്ജിയുടേതായി രണ്ടു ഹിന്ദിഗ്രന്ഥങ്ങളും രണ്ടു സംസ്കൃത ഗ്രന്ഥങ്ങളും ചില ഗദ്യപത്രങ്ങളും വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഹിത്ചൗരാസി, സ്ഫുടവാണി എന്നിവയാണ് ഹിന്ദിഗ്രന്ഥങ്ങൾ. രാധാസുധാനിധി, യമുനാഷ്ടകം എന്നിവയാണ് സംസ്കൃതഗ്രന്ഥങ്ങൾ. എ.ഡി. 1609 ൽ ഹിത്ഹരിവംശ്ജി സ്വർഗാരോഹണം ചെയ്തു.

ദാമോദർദാസ് (സേവക്ജി), ഹരിരാംവ്യാസ്, ചതുർഭുജദാസ് (വല്ലഭാചാര്യയുടെ ശിഷ്യരായ അഷ്ടസഖാക്കളിൽപ്പെട്ടയാളല്ല ഈ ചതുർഭുജദാസ്), ധ്രുവദാസ്, നേഹി നാഗരീദാസ്, കല്യാൺപുജാരി, രസികദാസ്, വൃന്ദാവൻദാസ് (ചാചാജി), ലാൽസ്വാമി, രൂപ്ലാൽഗോസ്വാമി, പ്രേംദാസ്, ലാട്ലിദാസ്, സഹചരിസുഖ് തുടങ്ങിയ ഋഷികവികൾ രാധാവല്ലഭസമ്പ്രദായത്തിന്റെ മുഖ്യപ്രചാരകരായിരുന്നു. വ്യാസവാണി, രാഗമാല, നവരത്ന് ഔർ സ്വധർമപദ്ധതി, ലാട്സാഗർ, ബ്രജ-പ്രേമാനന്ദ് സാഗർ, ജുഗൽ സ്നേഹ പത്രിക, ശ്രീഹിത് ഹരിവംശ് സഹസ്രനാം തുടങ്ങിയ ഒട്ടേറെ ഗ്രന്ഥങ്ങൾ രാധാവല്ലഭസമ്പ്രദായത്തിന്റെ സംഭാവനകളാണ്.

## മീര

മേവാറിലെ രജപുത്ര രാജാവായ ദൂദാജിയുടെ പൗത്രിയായിരുന്നു മീരാബായി. ഭാരതചരിത്രം മീരയെ സഹിഷ്ണുതയുടെയും സ്ത്രീശക്തിയുടെയും പ്രതീകമായി വാഴ്ത്തുന്നു. ദൂദാജിയുടെ ഇളയപുത്രനായ രത്നസിംഹിന്റെയും വീർകുമാരിയുടെയും പുത്രിയായി എ.ഡി 1500 ലാണ് (1547 ൽ എന്നും പറയപ്പെടുന്നു) മീരയുടെ ജനനം. ശൈശവത്തിൽ തന്നെ കുമാരിയുടെ മനസ്സിൽ കൃഷ്ണനെപ്രതി അഗാധമായ ഭക്തി അങ്കുരിച്ചു. വൃന്ദാവനത്തിലെ ചംപകല എന്ന ഗോപികയുടെ പുനർജന്മമായിരുന്നു മീര എന്നൊരു ഐതിഹ്യവുമുണ്ട്.

ബാല്യത്തിൽ തന്നെ ഭാഗവതവും പ്രഹ്ളാദചരിതവുമൊക്കെ ഹൃദിസ്ഥമാക്കിയ മീര സംസ്കാരസമ്പന്നയും വിനയവതിയുമായി വളർന്നു. സംഗീതം, നൃത്തം, ചിത്രകല, ശില്പകല തുടങ്ങിയ വിദ്യകളിൽ പ്രാവീണ്യം നേടി. സംസ്കൃതം, ഖടീബോലി, അവധി, ഹിന്ദി മുതലായ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനും മീര വശമാക്കി. അവിചാ

രിതമായി കണ്ടുമുട്ടിയ സംത് രൈദാസ്ജിയെ മീര ഗുരുവായി വരിച്ചു. താണ ജാതിയിൽപ്പെട്ട രയിദാസിനെ രാജകുമാരി ഗുരുവായി വരിച്ചത് ബ്രാഹ്മണർക്കിടയിൽ ചില വിമർശനങ്ങൾക്കു വഴിവെച്ചു. എന്നാൽ ധീരയായ മീര വിമർശനങ്ങളെ വകവെച്ചില്ല.തനിക്കു ശരി എന്നു തോന്നുന്ന കാര്യങ്ങളിൽ വ്യാപരിക്കാൻ കുമാരി തെല്ലും മടിച്ചില്ല. മീരയുടെ അതിരുകടന്ന കൃഷ്ണപ്രേമം ദൂദാജിയെയും മീരയുടെ മാതാപിതാക്കളെയും അസ്വസ്ഥരാക്കി. എത്രയും വേഗം കുമാരിയുടെ വിവാഹം നടത്തുക എന്നു തീരുമാനമായി.ചിത്തോറിലെ റാണാ സംഗ്രാംസിങ്ങിന്റെ പുത്രൻ ഭോജ്‌രാജും മീരയും തമ്മിലുള്ള വിവാഹം നടന്നു. തന്റെ കൃഷ്ണവിഗ്രഹവുമായി ഭർതൃഗൃഹത്തിലെത്തിയ മീരയുടെ ജീവിതത്തിൽ അതോടെ ഒരു യാതനാപർവ്വത്തിന്റെ തുടക്കമായി. ഭർത്താവിന്റെ ഇളയമ്മയായ കർമ്മവതീബായിയും പുത്രി ഊദാബായിയും ചേർന്ന് കൃഷ്ണഭക്തിയെ ചൊല്ലി മീരയെ പലവിധത്തിലും പീഡിപ്പിച്ചു. കുലദേവതയായ ദുർഗയെ അവഗണിച്ച് കൃഷ്ണനെ ആരാധിക്കുന്നതിനെ അവർ നിശിതമായി വിമർശിച്ചു. എങ്കിലും ഭർത്താവായ ഭോജ്‌രാജും ശ്വശുരനായ റാണാസംഘയും മീരക്കു ശക്തമായ പിന്തുണ നൽകി. മീര സ്വഛന്ദം തന്റെ കൃഷ്ണോപാസനയിൽ മുഴുകി. ഹിന്ദിയിലും, രാജസ്ഥാനിയിലും ഒട്ടേറെ ഗീതങ്ങൾ രചിച്ചു പാടി. ഭർത്താവിന്റെയും ശ്വശുരന്റെയും മരണം മീരയെ ദുഃഖത്തിലാഴ്ത്തി. ഭർതൃസഹോദരനായ വിക്രമജിതൻ സിംഹാസനാരൂഢനായതോടെ മീര തികച്ചും നിരാലംബയായി. മുഖാവരണമില്ലാതെ പരസ്യമായി ഭക്തിയുടെ പേരിൽ ആടുകയും പാടുകയും ചെയ്തിരുന്ന മീരയെ വകവരുത്താൻ റാണാ നീചമായ പദ്ധതികൾ ആസൂത്രണം ചെയ്തു. റാണായുടെ കെണികളിൽനിന്ന് ഒരു പോറൽ പോലുമേൽക്കാതെ മീര രക്ഷപ്പെട്ടു. ഒടുവിൽ കൊട്ടാരമുപേക്ഷിച്ചിറങ്ങിയ മീര സന്യാസിമാരോടൊത്ത് തീർത്ഥാടനം ചെയ്തു. മീരയുടെ 'ഭജനു'കളും തത്വോപദേശങ്ങളും ജനഹൃദയങ്ങളെ കീഴടക്കി. യോഗിനിയുടെ മഹത്വത്തെക്കുറിച്ചു കേട്ടറിഞ്ഞ അക്ബർ ചക്രവർത്തി മീരയെ സന്ദർശിച്ചു. അദ്ദേഹം സമ്മാനിച്ച മനോഹരമായ മുത്തുമാല മീര തന്റെ കൃഷ്ണ വിഗ്രഹത്തിൽ ചാർത്തി.

അക്ബറിനെ കൂടാതെ അക്കാലത്തെ പ്രമുഖരായ പല രാജക്കന്മാരും മീരയെ ബഹുമാനിച്ചിരുന്നു. തുളസീദാസ്, ജീവ ഗോസ്വാമി തുടങ്ങിയ സന്യാസിവര്യന്മാരും മീരയെ ആദരിച്ചു പോന്നു. മാനസാന്തരം വന്ന ഊദാബായി മീരയുടെ സന്തതസഹചാരിയായിത്തീർന്നു. നിരന്തരമായ തീർത്ഥാടനങ്ങളിലൂടെ കൃഷ്ണഭക്തി പ്രചരിപ്പിച്ചതിനുശേഷം അമ്പത്താറാം വയസ്സിൽ മീരാബായി സ്വർഗാരോഹണം ചെയ്തു.മീരയുടെ ഭജനുകൾ ഇന്നും ജനഹൃദയങ്ങളെ ഭക്തിയുടെ അപാരതയിലേക്കു കൂട്ടിക്കൊണ്ടുപോവുന്നു. അന്തരിച്ച ഗായിക എം.എസ്. സുബ്ബലക്ഷ്മി, ഇന്ത്യയുടെ വാനമ്പാടി ലതാമങ്കേഷ്കർ, അനുഗ്രഹീത ഗായിക അനുരാധ പൗദ്വാൾ തുടങ്ങിയവരുടെ ശാരീരങ്ങളിലൂടെ മീരാഭജനുകൾ അനശ്വരത നേടിക്കഴിഞ്ഞു. സ്വാതന്ത്ര്യസമരകാലത്ത് ഒരാദർശബിംബത്തെ തേടിയുള്ള ഗാന്ധിജിയുടെ അന്വേഷണം മീരയിലാണ് ചെന്നെത്തിയത്. ഇന്നും ഭാരതീയരെ സംബന്ധിച്ചിടത്തോളം മീര സ്ത്രീശക്തിയുടെ പ്രതീകമായി നിലനിൽക്കുന്നു.

## രൈദാസ്

ഉന്നതശ്രേണിയിൽ സ്ഥാനമുള്ള ഒരു സന്യാസിയാണ് രൈദാസ് അഥവാ രവിദാസ് എന്ന് നാഭാദാസ് തന്റെ ഗ്രന്ഥമായ ഭക്തമാലിൽ പ്രസ്താവിക്കുന്നു. മുൻജന്മത്തിൽ ബ്രാഹ്മണനായിരുന്ന ഇദ്ദേഹം മാംസാഹാരം ഭക്ഷിച്ചതിനാൽ നീചകുലത്തിൽ രൈദാസ് ആയി ജനിച്ചു എന്നൊരൈതിഹ്യം പ്രചാരത്തിലുണ്ട്. ചെരുപ്പുകുത്തികളായ മാതാപിതാക്കൾക്ക് പിറന്ന ആൺകുഞ്ഞ് മുതിർന്നപ്പോൾ രാമാനന്ദിൽ നിന്നു ദീക്ഷ സ്വീകരിച്ചു. ഭക്തിയുടെ ഒമ്പതു ഭാവങ്ങൾ സാധകമാക്കി അദ്ദേഹം ഈശ്വരനെ സേവിച്ചു. പകൽസമയം തോൽകൊണ്ട് ചെരുപ്പുണ്ടാക്കിയും സന്ധ്യമയങ്ങുന്ന നേരം ഈശ്വരനെ പൂജിച്ചും അദ്ദേഹം ജീവിച്ചുപോന്നു. ചെരുപ്പുകുത്തിക്ക് ഈശ്വരനെ പൂജിക്കാൻ എന്തവകാശം എന്ന് ബ്രാഹ്മണർ രൈദാസിനെ ചോദ്യം ചെയ്തു. രാജാവിനോട് പരാതി ബോധിപ്പിച്ചു. രൈദാസിന്റെ മഹത്വം തിരിച്ചറിഞ്ഞ രാജാവ് ബ്രാഹ്മണരുടെ പരാതി ചെവിക്കൊള്ളാൻ തയ്യാറായില്ല.

അക്കാലത്ത് കബീറിനെ ശുകദേവന്റെ അവതാരമായും രൈദാസിനെ നാരദന്റെ അവതാരമായും കണക്കാക്കിയിരുന്നു ചിലർ. ചിത്തോറിലെ റാണി രൈദാസിനെ ഗുരുവായി വരിച്ചു. ഇതിൽ നീരസം പൂണ്ട ബ്രാഹ്മണർ വീണ്ടും രാജാവിനു പരാതി ബോധിപ്പിച്ചു. രാജാവ് കബീറിന്റെ ഉപദേശം തേടി. അന്തിമവിജയം രൈദാസിനു തന്നെയായിരുന്നു. വിനയസമ്പന്നനായ രൈദാസും മഹാഭക്തനായ സേനയും കബീറിന്റെ ആശ്രമത്തിലെ സംഗീതാരാധനയിൽ പങ്കെടുക്കുക പതിവായിരുന്നു. ഭക്ത ജനങ്ങൾ പലപ്പോഴും കബീറിന്റെ സ്ഥാനത്ത് ചതുർഭുജനായ വിഷ്ണുവിനെ ദർശിച്ചിരുന്നുവത്രേ! മീരാബായിയും രൈദാസിനെ ഗുരുവായി വരിച്ചു.

രൈദാസിന്റേതായി അനേകം രചനകൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. വിനമ്രഭക്തിയാണ് അദ്ദേഹത്തിന്റെ കവിതകളുടെ മുഖമുദ്ര.സത്യയുഗത്തിൽ (കൃതയുഗം) തപസ്സ്, ത്രേതായുഗത്തിൽ യജ്ഞം, ദ്വാപരയുഗത്തിൽ പൂജ എന്നീ മാദ്ധ്യമങ്ങളിലൂടെ ആചാര്യന്മാർ ഈശ്വരനെ സേവിച്ചു പോന്നു. എന്നാൽ കലിയുഗത്തിൽ ഈശ്വരനെ സേവിക്കാൻ കേവലം നാമജപം മാത്രം മതിയാകും എന്ന് രൈദാസ് തന്റെ അനുയായികളെ ഉപദേശിച്ചു.

## 13. പൈതൃകത്തിന്റെ കാവൽനിലയങ്ങൾ

വേദസംസ്കാരത്തിന്റെ ഉറവിടമായ ആർഷഭാരതം അനവധി നാട്ടു രാജ്യങ്ങളുടെ ഒരു സമുച്ചയമായിരുന്ന കാലം! ഈ പ്രവിശ്യകളിലെ ജനങ്ങൾ വ്യത്യസ്ഥമായ ഭാഷകൾ സംസാരിച്ചു. വ്യത്യസ്തമായ ജീവിതശൈലികളും വ്യത്യസ്തമായ കാഴ്ചപ്പാടുകളും വ്യത്യസ്തമായ വസ്ത്രവിധാനങ്ങളും വ്യത്യസ്തമായ അഭിരുചികളും ഒരു പരിധിവരെ ഇവരെ വിഘടിച്ചു നിർത്തിയെങ്കിലും ഈ ഭിന്നസംസ്കാരങ്ങളുടെ അന്തർധാര വേദോപനിഷത്തുക്കളിലൂന്നിനിൽക്കുന്ന സനാതനത്വമായിരുന്നു. സ്വാഭാവികമായും നവോത്ഥാനത്തിനു തുടക്കം കുറിച്ച മഹാത്മഷിമാരുടെ ചിന്തകൾ സമാനമായ ദർശനങ്ങളെ പ്രതിഫലിപ്പിച്ചു. വ്യത്യസ്തമായ മാർഗങ്ങളവലംബിച്ചുവെങ്കിലും അവരുടെ ലക്ഷ്യം ഒന്നു തന്നെയായിരുന്നു. പൈശാചിയിലും സംസ്കൃതത്തിലും വീണ്ടെടുക്കപ്പെട്ട പൗരാണിക ഗ്രന്ഥങ്ങൾ ഈ മഹാത്മഷിമാരുടെ പ്രയത്നഫലമായി പ്രാദേശിക ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. ഇതുമൂലം പ്രാദേശികഭാഷകൾ വികസിക്കുകയും അത്യത്ഭുതപൂർവ്വമാംവിധം വളരുകയും ചെയ്തു.

സംസ്കൃതവും തമിഴും അക്കാലത്തു തന്നെ വളർച്ചയുടെ ഉച്ചഘട്ടത്തിലെത്തിയിരുന്നു എന്ന കാര്യം ഇവിടെ പ്രസ്താവ്യമാകുന്നു. ഗുജറാത്ത്, ബംഗാൾ, മഹാരാഷ്ട്ര, പഞ്ചാബ്, കർണ്ണാടക, ആന്ധ്ര, കേരളം തുടങ്ങിയ പ്രദേശങ്ങളിൽ ആത്മീയനവോത്ഥാനത്തിന്റെ തരംഗം ആഞ്ഞടിച്ചു. ഒട്ടേറെ ആചാര്യന്മാരും സന്യാസിമാരും ഈ തരംഗത്തിന്റെ കണങ്ങളായി. അവരുടെ ദർശനങ്ങൾ സാഹിത്യമായും സംഗീതമായും വെളിപ്പെട്ടു. അതോടെ ഹിന്ദിക്കും ആസാമീസ്, ബംഗാളി, മറാഠി, കർണ്ണാടകം തെലുങ്ക്, പഞ്ചാബി, ഒറിയ, കശ്മീരി, അവധി, മലയാളം തുടങ്ങിയ പ്രാദേശിക ഭാഷകൾക്കും നല്ലകാലം പിറന്നു. വേദങ്ങൾക്കും ഉപനിഷത്തുകൾക്കും രാമായണം, മഹാഭാരതം, ശ്രീമദ്ഭാഗവതം, ദേവീഭാഗവതം എന്നിവയ്ക്കു പുറമെ മത്സ്യപുരാണം, കൂർമപുരാണം, വരാഹപുരാണം, ഗരുഡപുരാണം, വിഷ്ണുപുരാണം, ശിവപുരാണം തുടങ്ങിയ പുരാണങ്ങൾ ക്കൊക്കെയും പ്രാദേശിക ഭാഷകളിൽ വിവർത്തനങ്ങളുണ്ടായി. സത്യത്തിൽ വിവർത്തന ങ്ങളില്ലായിരുന്നുവെങ്കിൽ അമൂല്യമായ പൈതൃകസാഹിത്യത്തെ വായിച്ചുൾക്കൊള്ളാൻ നമുക്ക് സാധിക്കുമായിരുന്നോ.? വിവർത്തനസാഹിത്യത്തെ വിലകുറച്ചുകാണുന്നവർ ഈ സത്യമോർത്താൽ നന്ന്.

## 14. കർണ്ണാടക

ദക്ഷിണഭാരതത്തിലെ പ്രകൃതിരമണീയമായ കർണ്ണാടക ഭൂവിഭാഗം ലോകാരാധ്യരായ പല ആചാര്യന്മാരുടെയും ചിന്തകന്മാരുടെയും യതിവര്യന്മാരുടെയും ആവാസഭൂമിയായിരുന്നു. തമിഴകം അഥവാ ദ്രാവിഡഭൂമിയിൽ മുളപൊട്ടിയ ആത്മീയ നവോത്ഥാനം വളർന്നു വികസിച്ച് കർണ്ണാടകദേശത്തു തരംഗങ്ങളുണർത്താൻ താമസമുണ്ടായില്ല. ദ്രാവിഡത്തിൽ ശിവോപാസന, വിഷ്ണോപാസന എന്ന് രണ്ടു ശാഖകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശിവയോഗികളായ നായനാർമാരും വൈഷ്ണവയോഗികളായ ആഴ്‌വാർമാരുമാണ് ദ്രാവിഡത്തിൽ ആദ്യകാല ആത്മീയ നവോത്ഥാനത്തിന്റെ പ്രണേതാക്കൾ. കർണ്ണാടക ത്തിൽ അനവധി ഭക്തിമാർക്ഷങ്ങൾ പ്രചരിച്ചു. അതിലൊരു വിഭാഗം പരമ്പരാഗതമായ ഹിന്ദുമതതത്വങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി നിലകൊണ്ടു. മറ്റൊരു വിഭാഗം പരമ്പരാഗതമായ ബ്രാഹ്മണമേധാവിത്വത്തിനെതിരെ ശബ്ദമുയർത്തി. ജാതി വ്യവസ്ഥയെയും സാമൂഹ്യ അനാചാരങ്ങളെയും എതിർത്തു. ഈ രീതിയിലുള്ള ഭക്തി വീരശൈവപ്രസ്ഥാനം അഥവാ ലിംഗയാത്ത് പ്രസ്ഥാനം എന്നറിയപ്പെട്ടു.

ലിംഗയാത്ത് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ബസവ എന്ന വ്യക്തിയായിരുന്നു. ബസവരാജൻ, ബസവണ്ണാ, ബസവേശ്വരൻ തുടങ്ങിയ പേരുകളിൽ ഇദ്ദേഹം പ്രസിദ്ധനായി.

എന്നാൽ ബസവേശ്വരനു മുമ്പുതന്നെ ജൈന കവികളായ പംപനും, റണ്ണായും ബ്രാഹ്മണമേധാവിത്വത്തെ വെല്ലുവിളിച്ചവരാണ്. സംസ്കൃതഭാഷയെ ഉപേക്ഷിച്ചു കൊണ്ടായിരുന്നു അവർ തങ്ങളുടെ നിശബ്ദ വിപ്ലവം നയിച്ചത്. രാമായണത്തെയും മഹാഭാരതത്തെയും കന്നഡഭാഷയിലേക്കു തർജ്ജമ ചെയ്ത് സാധാരണക്കാരി ലെത്തിക്കാൻ അവർക്ക് കഴിഞ്ഞു. പുരാണങ്ങളെയും അവർ മൊഴിമാറ്റം ചെയ്തു. അരികേസരി എന്ന ഒരു സാമന്തരാജാവിന്റെ ആസ്ഥാന കവിയായിരുന്നു പംപൻ. കർണ്ണാടകത്തിൽ മാറ്റത്തിന്റെ മഹത്തായ ഒരു സന്ദേശം നൽകികൊണ്ടാണ്

**(ശേഷം 51-ാം പേജിൽ)**

ക്ഷേത്രങ്ങളിലൂടെ

# തൃക്കുരുട്ടി മഹാദേവക്ഷേത്രം

ഇന്ദിരാഭായി (ഫോൺ:8078552892)

പുരാതനമായ ഒരു മഹാദേവക്ഷേത്രമാണ് തൃക്കുരുട്ടി മഹാദേവക്ഷേത്രം. പത്തനംതിട്ട ജില്ലയുടെയും ആലപ്പുഴ ജില്ലയുടെയും അതിർത്തി ഗ്രാമമായ മാന്നാറിലാണ് തൃക്കുരുട്ടി മഹാദേവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ചെങ്ങന്നൂർ കായംകുളം റൂട്ടിൽ മാന്നാർ ജംഗ്ഷനിൽ തന്നെയാണ് ഈ മഹാദേവക്ഷേത്രം. കൃതയുഗത്തിൽ രഘുവംശ ചക്രവർത്തിയായിരുന്ന മാന്ധാതാവ് മഹർഷി യാഗങ്ങൾ ചെയ്ത മണ്ണായാണ് മാന്നാർ അറിയപ്പെടുന്നത്. മാന്ധാതാവു മഹർഷി യാഗം ചെയ്ത മണ്ണ് മാന്നാറായി അറിയപ്പെട്ടു. പവിത്രമായ പമ്പാനദി തൊട്ടുതലോടിയൊഴുകുന്ന മണ്ണാണ് മാന്നാറിലേത്. മാന്ധാതാവു മഹർഷി യാഗം ചെയ്ത സ്ഥലം മാന്ധാതാപുരമെന്നും പിന്നീടു മാന്നാറായി അറിയപ്പെട്ടു എന്നുമാണ് വിശ്വസിക്കുന്നത്. സാക്ഷാൽ വിശ്വകർമ്മാവിന്റെ സന്തതി പരമ്പരയിൽപ്പെട്ട ദേവശില്പികൾ കല്ലിലും മരത്തിലും ലോഹക്കൂട്ടുകളിലും കവിതയെഴുതുന്ന ചുരുക്കം ചില ഗ്രാമങ്ങളിലൊന്നാണ് മാന്ധാപുരമെന്ന മാന്നാർ. ശില്പനിർമ്മാണത്തിന് ഉത്തമമായ മണ്ണാണ് മാന്നാറിലേത്. മാന്നാറിലെ ചെളിമണ്ണ് ചിതൽ സ്പർശവും ഉപ്പുരസമില്ലാത്തതുമായ മണ്ണാണ്. ശില്പികൾക്ക് ശില്പനിർമ്മാണത്തിന് വേണ്ടി ഭൂമിദേവി തന്നെ സജ്ജമാക്കി നൽകിയിട്ടുള്ള മണ്ണെന്നു തന്നെ പറയുന്നതാവും ശരി. അനുഗ്രഹീത കലാകാരന്മാരായ മാന്നാറിലെ ലോഹശില്പികളുടെ കരങ്ങളിലൂടെ എണ്ണമറ്റ ക്ഷേത്രശില്പങ്ങളും ക്ഷേത്രവിഗ്രഹങ്ങളും രൂപം കൊള്ളുന്നു.

പരശുരാമ പ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിലൊന്നാണ് തൃക്കുരുട്ടി മഹാദേവക്ഷേത്രം. ക്ഷേത്രകവാടം കടന്ന് ക്ഷേത്രാങ്കണത്തിലേക്കു കടക്കുമ്പോൾ കാണുന്ന വിശാലത തന്നെ ഒരു കാഴ്ചയാണ്. ഇവിടെ വൃത്താകൃതിയിലുള്ളതും ചെമ്പുമേഞ്ഞതുമായ ശ്രീകോവിലിൽ മഹാദേവൻ കിഴക്കോട്ടു ദർശനമായി പരിലസിക്കുന്നു. തൃക്കുരുട്ടി മഹാദേവക്ഷേത്രം ശില്പകലകളുടെയും വാസ്തു വിദ്യയുടേയും കൊത്തു പണികളുടെയും ഒരു ദൃശ്യ വിരുന്നു തന്നെയാണ്. ക്രോഷ്ടമുനീശ്വരൻ തപസ്സനുഷ്ഠിച്ച ക്ഷേത്രമാണ് തൃക്കുരിട്ടി മഹാദേവക്ഷേത്രം. കേരളത്തിലെ മറ്റു ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായ ശില്പകലാ ഭംഗി കാഴ്ചവയ്ക്കുന്ന ഈ ക്ഷേത്രം വാസ്തുശില്പ കലാ വിദ്യാർത്ഥികൾക്ക് ഒരു പാഠശാല തന്നെയാണ്. ഇവിടുത്തെ നമസ്കാര മണ്ഡപം, തിടപ്പള്ളി, നാലമ്പലം രണ്ടു നിലകളുള്ള വലിയമ്പലം, ബലിക്കൽ പുര, ദേവിയുടെയും മഹാദേവന്റേയും നടകളിലെ ആനപ്പന്തലുകൾ ഗോപുരങ്ങൾ എന്നിവയെല്ലാം ഈ ക്ഷേത്രമാഹാത്മ്യത്തെ എടുത്തു കാട്ടുന്നവയാണ്. കിഴക്കോട്ടു ദർശനമായി പരിലസിക്കുന്ന മഹാദേവന്റെ ശ്രീകോവിലിൽ പടിഞ്ഞാറെ നട പാർവ്വതീ ദേവിയുടേതാണ്. പാർവ്വതീ ദേവിയുടെ തിരുനട വർഷത്തിൽ ഒരിക്കൽ, ശിവരാത്രി ദിവസം മാത്രമേ തുറക്കാറുള്ളൂ. അതിവിസ്തൃതമായ ക്ഷേത്രമൈതാനത്തിനു പുറത്ത് വടക്കുഭാഗത്ത് മൂന്നു നിലയിലുള്ള ചെമ്പുമേഞ്ഞ ശ്രീകോവിലിൽ കിഴക്കോട്ടു ദർശനമായി മഹാവിഷ്ണു കുടികൊള്ളുന്നു. ഈ ക്ഷേത്രത്തിന്റെ മതിലുകൾ വളരെ വലിപ്പത്തിലുള്ളതാണ്. അസാമാന്യ വലുപ്പമുള്ള ഈ ചുറ്റുമതിൽ ശ്രീപരമേശ്വരന്റെ ഭൂതഗണങ്ങൾ ഒറ്റരാത്രി കൊണ്ട് പണിതീർത്തതാണ് എന്നു വിശ്വസിക്കുന്നു. ശിവഭൂതഗണങ്ങൾ എന്നതിന് ശങ്കരൻ കോവിലിൽ നിന്നും വന്ന ശിവഭക്തരായ വിശ്വകർമ്മജരുടെ പൂർവ്വികർ അഥവാ ഭൂതകാലജ്ഞർ എന്നും അർത്ഥം കല്പിക്കുന്നുണ്ട്. തൃക്കുരുട്ടി മഹാദേവക്ഷേത്രത്തിൽ അതിവിശാലമായ ഒരു കുളവുമുണ്ട്. ഈ കുളം തന്മടിക്കുളം എന്നാണറിയപ്പെടുന്നത്. പണ്ട് ക്രോഷ്ട മുനീശ്വരൻ ഈ ക്ഷേത്രത്തിൽ തപസ്സനുഷ്ടിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ മടിയിൽ നിന്നും ജലോത്ഭവം ഉണ്ടായി. കാലാന്തരത്തിൽ ഈ സ്ഥലം കുളമായി രൂപാന്തരപ്പെട്ടു.അതാണ് തന്മടിക്കുളം. തമ്മടിക്കുളം. തന്മടിക്കുളത്തിലെ വെള്ളത്തിന് ഏതു തണുപ്പു സമയത്തും ചൂടാണ്. പാർവ്വതീ ദേവിയുടെ നട ശിവരാത്രി ദിവസം രാത്രി മൂന്നു മണിക്കാണ് തുറക്കുന്നത്. അന്ന് ശിവതാണ്ഡവം ഉണ്ടായിരിക്കും ശിവരാത്രി ഒഴികെ വർഷത്തിൽ എല്ലാ ദിവസവും ശ്രീ പാർവ്വതിയുടെ നട അടഞ്ഞു തന്നെ

കിടക്കും. ശിവരാത്രി ദിവസം ശിവതാണ്ഡവത്തിന്റെ അവസാന പ്രദക്ഷിണം പൂർത്തിയാകുമ്പോൾ ഭക്തജനങ്ങൾ മേൽശാന്തിക്കു ദക്ഷിണ നൽകുന്നു. ദക്ഷിണയായി സമർപ്പിക്കുന്ന തുക മുഴുവനും നാദസ്വരക്കാർക്കവകാശപ്പെട്ടതാണ്. ഇങ്ങനെയൊരു ചടങ്ങ് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. ശിവരാത്രിയാണ് ഇവിടുത്തെ പ്രധാന ഉത്സവം. മറ്റു ശിവക്ഷേത്രങ്ങളിലേതുപോലെ ധാരയും മറ്റു വഴിപാടുകളും തൃക്കുരുട്ടി മഹാദേവക്ഷേത്രത്തിലും പ്രധാനമാണ്. പ്രദോഷ പൂജകളും ഉണ്ട്. അഭീഷ്ടകാര്യസിദ്ധിക്കായി ശതകലശവും ചതുശ്ശതവും പ്രധാന വഴിപാടായി നടത്താറുണ്ട്.

നാഞ്ചി നാട്ടിൽ നിന്നും വന്ന ശില്പകലാകാരന്മാരുടെ ശില്പകലാവൈഭവങ്ങളുടെ ആദ്യ അടയാളം പതിച്ചത് തൃക്കുരുട്ടി മഹാദേവക്ഷേത്രത്തിലാണ്. ലോഹശില്പികളുടെ ഗ്രാമമാണ് മാന്നാർ. ആരാധനാശൈലിയുടെ വിലമതിക്കാനാവാത്ത അടയാളങ്ങളായ മുപ്പത്തിമുക്കോടി ദേവതാ രൂപങ്ങളും മാന്നാറിലെ അനുഗ്രഹീത കലാകാരന്മാരായ ശില്പികളുടെ കരവിരുതിലൂടെ പിറവിയെടുക്കുന്നു. മാന്നാറിലെ ശില്പ കാലകാരന്മാരുടെ പാരമ്പര്യ സംസ്കാരം വേദകാലത്തോളം പഴക്കമുള്ളതാണ്. ലോകസൃഷ്ടാവായ വിശ്വകർമ്മാവിന്റെ സന്തതികളായ ഇവർ മനുവിന്റേയും ത്വഷ്ടാവിന്റേയും മയന്റേയും വിശ്വജ്ഞന്റെയും പിൻതലമുറക്കാരാണ്. ദേവേന്ദ്രന്റെ അമരാപുരിയും കുരുവംശജരുടെ ഹസ്തിനപുരവും ശ്രീകൃഷ്ണ ഭഗവാന്റെ ദ്വാരകാപുരിയും നിർമ്മിച്ച വിശ്വകർമ്മാവെന്ന ദേവശില്പിയുടെ പിൻഗാമികൾ ഭാരതീയ ക്ഷേത്രസംസ്കൃതിയുടെ അടയാളങ്ങളായ ദേവീ ദേവതാ രൂപങ്ങളും ആരാധനാശൈലിയുടെ അടയാളങ്ങളായ വിളക്കുകളും മണികളും തിടമ്പുകളും പൂജാപാത്രങ്ങളും ക്ഷേത്രതിടപ്പള്ളികളിലെ ചെമ്പ്, ഉരുളി, വാർപ്പ്, കിണ്ടി, ചങ്ങഴി, ഇടങ്ങഴി തുടങ്ങിയവയെല്ലാം ലോഹശില്പികളെന്നറിയപ്പെടുന്ന മാന്നാറിലെ ശില്പകലാകാരന്മാരുടെ അദ്ധ്വാനത്തിന്റെയും കരവിരുതിന്റെയും ഫലമായി രൂപംകൊള്ളുന്നവയാണ്. പൈതൃകമായി ലഭിച്ച കഴിവുകളെ അല്പം പോലും നഷ്ടപ്പെടുത്താതെ അവർ കർമ്മമൂശയിൽ വാർത്തെടുക്കുന്നതെല്ലാം പൈതൃകത്തനിമയുടെ ദൃഷ്ടാന്തങ്ങളായ ദേവചൈതന്യങ്ങളാണ്. മാന്നാറിലെ ഈ ശില്പകലാകാരന്മാരുടെ കരവിരുതിൽ സാക്ഷാൽ പെരുന്തച്ചനെപോലും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

ഏതോ കാലത്ത് നാഞ്ചി നാടെന്ന ഇന്നത്തെ നാഗർകോവിലിലെ ശങ്കരനായനാർ കോവിലിൽ നിന്നും മഹാക്ഷേത്രനിർമ്മാണത്തിനായി അക്കാലത്തെ രാജാവ് ശില്പികളെ ക്ഷണിച്ചു വരുത്തിയതാണ് എന്നു വിശ്വസിക്കുന്നു. മാന്നാറിലെത്തിയ ഇവർ കരകൗശല വിദ്യയോടൊപ്പം അവരുടെ കുലദേവതയേയും കൂടെ കൊണ്ടുപോന്നു. അവരുടെ കുലദേവതയായ മുത്താരമ്മനെ അവർ കണ്ണങ്കാവിൽ പ്രതിഷ്ഠിച്ചു. ശില്പനിർമ്മാണം അവർക്കു തപസ്സാണ്. ജന്മനാ ശില്പ നിർമ്മിതിക്കു തയ്യാറായിരിക്കുന്ന അവരേപ്പോലെ തന്നെ മാന്നാറിലെ മണ്ണും ശില്പനിർമ്മിതിക്ക് സജ്ജമാണ്. വിശ്വകർമ്മജരുടെ പ്രാചീന നാമം കമ്മാളൻ എന്നായിരുന്നു. കണ്ണാളൻ എന്ന തമിഴ് പ്രയോഗത്തിൽ നിന്നായിരിക്കാം കമ്മാളൻ എന്നായത്. അതിപുരാതന കാലം മുതലേ സനാതന ധർമ്മം പാലിക്കുന്നവരാണ് വിശ്വകർമ്മജർ. സ്വന്തം കർമ്മത്തിൽ നിയമവും നിയന്ത്രണവും പാലിക്കുന്ന കർമ്മാളൻ കമ്മാളനായതുമാകാം. ഓരോ ശില്പങ്ങളും ഇവരുടെ കരവിരുതിലൂടെ പിറവിയെടുക്കുമ്പോൾ ആ ശില്പങ്ങൾക്കു വേണ്ട തച്ചുശാസ്ത്രം സൗന്ദര്യ ശാസ്ത്രം ശില്പശാസ്ത്രം ഗണിതശാസ്ത്രം നൃത്തകല ചിത്രകല എന്നീ ശാസ്ത്രങ്ങളിലെ വാസനാ വൈദഗ്ദ്ധ്യങ്ങളെല്ലാം ഈ കലാകാരന്മാരുടെ മനസ്സിലൂടെയും കൈകളിലുടെയും ശില്പങ്ങളിലെത്തുന്നു. ഈ കലാവൈഭവങ്ങളെല്ലാം പ്രപഞ്ചസൃഷ്ടാവിൽ നിന്നും വിശ്വകർമ്മാവിനു ലഭ്യമാകുന്നു എന്നതാണ് സത്യം. അങ്ങനെ പൈതൃകപ്പട്ടികയിലിടം നേടിയ ആറന്മുള കണ്ണാടിയും ഭീമൻ വാർപ്പും മണിയും ശില്പങ്ങളും മാന്നാറിന്റെ മൂശയിൽ നിന്നും കഠിനാദ്ധ്വാനികളായ ഈ ദേവശില്പികളുടെ കൈകളിലൂടെ ലോകാത്ഭുതമായി പുറം ലോകത്തെത്തുന്നു.

കല്ലിലോ തടിയിലോ ലോഹക്കൂട്ടുകളിലോ ഏതു മാദ്ധ്യമത്തിലുള്ളതായാലും മൂലവിഗ്രഹത്തിനായുള്ള ദേവതാരൂപങ്ങളുടെ കണ്ണു തെളിയിക്കുവാനുള്ള അവകാശം ശില്പകലാകാരന്മാരുടെ കുടുംബത്തിലെ തലമൂത്ത കാരണവർക്കാണ്. വിഗ്രഹത്തിന്റെ കണ്ണുതെളിയിക്കുമ്പോഴാണ് ഗർഭഗൃഹപ്രതിഷ്ഠാഭാവം കൈവരിക്കുന്നത്. ഇവിടുത്തെ ശില്പികൾ വിഗ്രഹത്തിന്റെ കണ്ണു തുറന്ന് തേൻ കൊണ്ടു കണ്ണെഴുതി ചെവിയിൽ മൂലമന്ത്രം ജപിച്ച് കൽപ്രതിമയെ കൺകണ്ട ദൈവമാക്കി ആത്മസാക്ഷാത്ക്കാരം നേടുന്നു. ഓരോ വിഗ്രഹങ്ങളും നിർമ്മിക്കുമ്പോൾ അവയ്ക്കുവേണ്ട ഏറ്റവും പ്രധാനമായ ഒന്നാണ് ആ വിഗ്രഹത്തിന്റെ ഭാവം. പൂർവ്വികരിൽ നിന്നും കിട്ടിയ അറിവുകളും കണക്കുകളും ശില്പിയുടെ തപസ്സിന്റെ ഫലവും ചേരുമ്പോൾ വിഗ്രഹങ്ങളിൽ അംഗോപാംഗം വിവിധ ഭാവങ്ങൾ നിറയുന്നു.

കഠിനാദ്ധ്വാനത്തിലൂടെ ആത്മസമർപ്പണത്തിലൂടെ ശില്പങ്ങളെ രൂപ കല്പന ചെയ്തു ചെത്തിയും രാകിയും കൊത്തിയും മിനുക്കിയും കൈച്ചിത്രപ്പണികളും നടത്തി ഭാവവും നൽകിക്കഴിയുമ്പോൾ ശില്പിയും ശില്പവും രണ്ടായിപ്പിരിയുന്നു.ഈ ശില്പത്തെ പിന്നീട് ഭക്ത്യാരാധനാ ഭാവത്തോടു കൂടി ദർശിക്കുവാൻ മാത്രമേ ഒരു ശില്പിക്കു സാധിക്കുകയുള്ളു. തന്റെ കൈകളിലൂടെ രൂപാന്തരപ്പെട്ട ശില്പം ദേവഭാവത്തിലും ശില്പി ശില്പകലാകാരനുമായി മാറുന്നു.

ദേവശില്പിയുടെ പിൻഗാമികളെന്നറിയപ്പെടുന്ന ശില്പികൾ മാന്നാറിലെത്തി അവരുടെ കരവിരുതുകൾക്ക് തുടക്കം കുറിച്ച ക്ഷേത്രമാണ് തൃക്കുരുട്ടി മഹാദേവക്ഷേത്രം. തൃക്കുരുട്ടി മഹാദേവക്ഷേത്രത്തിൽ ശില്പവേലകളുടെ ആദ്യപാദം പതിപ്പിച്ച ശില്പകലാകാരന്മാരുടെ കലാവൈഭവങ്ങളെ കൺകുളിൽക്കെ കണ്ട് തൃക്കുരുട്ടി മഹാദേവന്റെയും മഹാവിഷ്ണുവിന്റെയും തൃപ്പാദങ്ങളിൽ അനുഗ്രഹാശിസ്സുകൾക്കായി ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട്.....●

കവിത

# കരിദിനങ്ങൾ

**ശാന്ത രവീന്ദ്രൻ**

പണ്ടു ചരിത്രത്തിൽ തൂലികത്തുമ്പിനാൽ
ഉണ്ടാക്കി വച്ചു കുറേ ദിനങ്ങൾ
കണ്ടറിയാത്ത പുതുയ തലമുറ
കൊണ്ടു പിടിച്ചവ കൊണ്ടാടുന്നു.

പെറ്റുവളർത്തിയോരമ്മയ്ക്കായ് ഒരു ദിനം
പോറ്റുന്നൊരച്ഛനായ് വേറെ ദിനം
ആലംബഹീനരവർക്കായ് നീക്കുന്നു
ആണ്ടിലൊരു ദിനമാശംസയ്ക്കായ്

സൃഷ്ടികർത്താവിൻ ദിനത്തിലൊരാശംസാ-
വൃഷ്ടി ചൊരിയും മൊബൈലേസ്തുതി
ഗർഭപാത്രത്തിന്നുടമയ്ക്കു നല്ലൊരു
എസ്സ്.എം.എസ്സേകും മനസ്സേ സ്തുതി

ജന്മം കൊടുത്തു തൃജിക്കുന്ന രാക്ഷസ
തിന്മയിൽ വാഴുന്ന കൺമണികൾ
നന്മയ്ക്കു മുൻപിലും വക്രതം കുനിക്കുന്ന
ജന്മങ്ങളേ നിങ്ങൾക്കേതു ദിനം?

ചെഞ്ചുണ്ടിൽ പുഞ്ചിരിത്തുണ്ടുള്ള ശൈശവം
ചെന്തീയിൽ വെന്തു വെണ്ണീറായിടാൻ

ചെമ്പനീർ മാറത്തു ചൂടും മഹാരഥാ
എമ്പാടു മിന്നും ശിശുദിനങ്ങൾ

നല്ലൊരദ്ധ്യാപക ജന്മദിനത്തിലോ
നല്ല ഗുരുദിനമാചരിച്ചു
ഇന്നു ഗുരുവിന്റെ കൈകാൽ ഛേദിച്ചു
നന്നായ് പുലകുളിയാചരിപ്പൂ

പണ്ടൊരു പാതിരി നാടിനു നന്മയായ്
കണ്ടു പിടിച്ചൊരാ നല്ലനാളും
വാരിപ്പുണർന്നു കമിതാക്കളാദിനം
വാലന്റൈൻസ് ഡേയാക്കി മാറ്റി പാരം

കലികാലവൈഭവക്കെടുതിയോ ഈ ഗതി
കറപൂണ്ട ജീവിത ശൈലിയാണോ?
രക്തക്കരി നാഗക്കോല വികൃതിയോ
തിക്താനുഭവ്യം ചൊരിഞ്ഞിടുന്നു.

ബഹുദിനമെല്ലാം കരിദിനമാക്കല്ലേ
ബഹുവിധമാന്യരെ സ്വസ്തി, സ്വസ്തി
പിഴവുകളെല്ലാം കഴിവതൊഴിയാനായ്
പിഴകൾ പൊറുക്കുന്നോൻ താനഭയം.

## വുമൺസ് ഫോറം 2018 ജനുവരി മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം | അവതാരകൻ |
|---|---|---|---|
| 24.01.2018 | Cooking gas<br>Safety Measures<br>Precautions | 4.00P.M | Mr.Govind<br>Sales Officer<br>H.P.C.L |

തുടർച്ച

# രാമായണത്തിലെ സ്ത്രീസാന്നിദ്ധ്യം

ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)

## നാഗമാതാവ് സുരസ

ഹനുമാൻ വിശ്രമമില്ലാതെ സമുദ്രം ചാടിക്കടന്ന് ലങ്കയിലേക്ക് യാത്രയായി. അവിടെ ദേവന്മാരും ഗന്ധർവ്വന്മാരും ഹനുമാന്റെ ശക്തിയെ പരീക്ഷിക്കുവാൻ നിയോഗിച്ച രാജമാതാവാണ് സുരസ. രാക്ഷസരൂപത്തിൽ വായ തുറന്നു നിൽക്കുവാനവർ ആവശ്യപ്പെട്ടു. ഹനുമാൻ ജയിക്കുമോ പരാജയപ്പെടുമോ എന്നറിയണം. ഇതു കേട്ട നാഗദേവി വികൃതരൂപം കൈക്കൊണ്ട് ഹനുമാനെ തടുത്ത് വിഴുങ്ങാൻ പോകുകയാണെന്നു പറഞ്ഞു. ഹനുമാൻ രാമന്റെ കഥ വിവരിച്ചു. അതു കൂടാതെ രാമന്റെ പ്രജയായ ദേവി സഹായിക്കുകയാണു വേണ്ടതെന്നു പറഞ്ഞു. സുരസ തന്നെ ആരും അതിക്രമിച്ചുകടക്കുകയില്ല എന്ന തന്റെ വരത്തെക്കുറിച്ചു പറഞ്ഞു. ഹനുമാന്റെ ബലം അറിയുവാൻ വേണ്ടി തന്റെ വായിലേക്കു കടക്കാൻ ആവശ്യപ്പെട്ട് ഹനുമാന്റെ മുമ്പിൽ വായ പിളർന്നു നിന്നു. ദേഷ്യം വന്ന ഹനുമാൻ ശരീരം വലുതാക്കി. സുരസ വായ അതിലും വലുതാക്കി. വായ വലുതാക്കിക്കഴിഞ്ഞപ്പോൾ ഹനുമാൻ ശരീരം ചെറുതാക്കി വായിൽകൂടി കടന്ന് പുറത്തുവന്നു. ഇതുകണ്ട സുരസ സ്വന്തം രൂപം കൈക്കൊണ്ട് ഹനുമാനെ അനുഗ്രഹിച്ചു. സീതയെ കണ്ടുപിടിക്കാൻ ശ്രീരാമനെ സഹായിക്കാൻ തക്ക ശക്തി ഹനുമാനുണ്ടോ എന്ന ഒരു പരീക്ഷണമാണ് സുരസ നടത്തിയത്. ഹനുമാൻ അതിശക്തനാണെന്ന് ഒന്നുകൂടി തെളിയിച്ചു.

## സിംഹിക

ഈ വഴിയിൽ കണ്ടുമുട്ടിയ വേറൊരു രാക്ഷസിയാണ് സിംഹിക. ഹനുമാൻ തനിക്കാഹാരമായി എന്നു തീരുമാനിച്ച് ഹനുമാന്റെ നിഴലിനെ അവൾ കടന്നു പിടിച്ചു. എന്തു സംഭവിച്ചുവെന്നറിയാൻ ഹനുമാൻ നോക്കിയപ്പോൾ ലവണസാഗരത്തിൽ നിന്നും പൊന്തിവന്ന വികൃതമുഖിയായ രാക്ഷസിയെ കണ്ടു. വാനരരാജാവ് പറഞ്ഞുകേട്ടിട്ടുള്ള ഛായാഗ്രാഹിയെന്ന സത്വമാണെന്നു മനസിലാക്കി ഹനുമാൻ അവളെ സിംഹികയാണെന്നു തിരിച്ചറിഞ്ഞു. മഴക്കാലത്തെ മേഘം പോലെ മഹാകായനായി വിജൃംഭിച്ചു എന്ന് വാത്മീകി വിവരിക്കുന്ന രാക്ഷസി വായ പിളർന്ന് ഹനുമാന്റെ അടുത്തേക്കു വന്നു. ശരീരം ചെറുതാക്കി ഉള്ളിലേക്കു കടന്ന് നഖം കൊണ്ട് അവളുടെ ശരീരം കീറി പുറത്തുവന്നു. അങ്ങനെ ആ രാക്ഷസിയുടെ അന്ത്യം ഹനുമാനാൽ സംഭവിച്ചു.

## ലങ്കാശ്രീ / ലങ്കാമങ്ക

ഹനുമാൻ ലങ്കാനഗരി കണ്ടു വിസ്മയം പൂണ്ടു. ഹനുമാൻ അവിടെ ചുറ്റിക്കണ്ടു. വികൃതമുഖിയും വിരൂപയുമായ ലങ്കാമങ്ക ഹനുമാനെ കണ്ടു ഗർജ്ജിച്ചു. എന്തിനു വന്നു എന്ന ചോദ്യത്തിന് വിരൂപയായ നീ ആരാണെന്നാണ് ഹനുമാൻ ചോദിച്ചത്. ഹനുമാനെ വധിക്കുമെന്നു പറഞ്ഞ് ലങ്കാശ്രീ ഹനുമാനോടു കയർത്തു. താൻ ലങ്കാനഗരി കാണുവാനാണിവിടെ വന്നതെന്നു പറഞ്ഞ ഹനുമാനോട് അവരെ കീഴടക്കാതെ ലങ്ക കാണാൻ കഴിയുകയില്ലാ എന്നു പറഞ്ഞ് ഹനുമാനെ ഇടിച്ചു. ഹനുമാൻ അത്യുച്ചത്തിൽ അലറി. ഹനുമാൻ മുഷ്ടി ചുരുട്ടി ഇടിച്ചു. താഴെ വീണ ലങ്കാശ്രീ വീര്യം കൊണ്ട് ഹനുമാൻ കീഴ്പ്പെടുത്തിയെന്നു പറഞ്ഞു. എന്നിട്ടിങ്ങനെ പറഞ്ഞു. തന്നെ ഒരു വാനരൻ കീഴ്പ്പെടുത്തുമ്പോൾ രാക്ഷസവംശത്തിന് ആപത്താണെന്നും ഈ വരം ബ്രഹ്മാവ് നൽകിയതാണെന്നും അതുകൊണ്ട് വിടുന്നു. എല്ലായിടത്തും പോയി സീതയെ കണ്ടാലും എന്ന് ലങ്കാശ്രീ പറഞ്ഞു. അങ്ങനെ ലങ്കാശ്രീയെ കീഴ്പ്പെടുത്തി ഹനുമാൻ മതിൽ ചാടി ലങ്കയിൽ പ്രവേശിച്ചു.

വനജ, വികട, അജാമുഖി, ശൂർപ്പണഖ ഇവരെല്ലാം തന്നെ സീതയുടെ കാവൽക്കാരികളായിരുന്നു. ഭീഷണിപ്പെടുത്തി സീതയെ രാവണാധീനമാക്കാൻ ശ്രമിച്ച രാവണന്റെ ജോലിക്കാർ.

## ത്രിജട.

സീതയെ ആരാണെന്നു തിരിച്ചറിഞ്ഞ് സേവിച്ചവളാണ് തൃജട. അവർ കണ്ട സ്വപ്നം ലങ്കാപതനമായിരുന്നു. മറ്റുള്ളവർ ക്രൂരമായി സീതയെ പീഢിപ്പിക്കുന്നതു നിർത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. സീത അശോകവനിയിൽ ചെന്നു കഴിഞ്ഞപ്പോൾ മുതൽ സീത ആരാണെന്ന സത്യം മനസിലാക്കി അവസാനം വരെ പരിപാലിച്ച ത്രിജട ധാർമ്മികമായ മൂല്യങ്ങൾക്ക് വലിയ വില കൊടുത്തിരുന്ന ഒരു വ്യക്തിയായിരുന്നു.

## താര

ശ്രീരാമന്റെ സഹായത്താൽ ബാലിയിൽനിന്നും ഭാര്യ രുമയെ മോചിപ്പിക്കാമെന്നും ബാലിയെ വധിക്കാമെന്നുമുള്ള സുഗ്രീവന്റെ വിശ്വാസം ബാലിയെ പോരിനു വിളിക്കുവാൻ പ്രേരിപ്പിച്ചു. രാത്രിയിൽ

വന്നു തന്നെ വെല്ലു വിളിക്കുന്നത് കേട്ട ബാലി പുറത്തേക്കിറങ്ങി. അദ്ദേഹത്തെ സ്നേഹപൂർവ്വം ആലിംഗനം ചെയ്തുകൊണ്ട് ബാലിയെ ഉപദേശിക്കുന്ന താര ബാലിയുടെ ഭാര്യയാണ്. കുറച്ചുമുൻപേ യുദ്ധത്തിൽ തോറ്റിട്ടും വീണ്ടും വന്നിരിക്കുന്നതിൽ നിന്നും അവനേ ആരോ പിന്തുണക്കുന്നുണ്ടെന്നു കരുതണമെന്നും താര പറഞ്ഞു. ഇതു കേട്ട്, ചാരന്മാരിൽനിന്നും അറിഞ്ഞ് പുത്രനായ അംഗതൻ രാമലക്ഷ്മണന്മാരുടെ സഹായവും സുഗ്രീവനുണ്ടെന്നു ബാലിയോടു പറഞ്ഞു.

സുഗ്രീവൻ ഇളയവനാണെന്നും പരിപാലിക്കണമെന്നും താര ബാലിയോടു പറയുന്നു. തന്റെ ഈ വാക്കുകൾ കേൾക്കണമെന്നും കോസലരാജകുമാരനുമായി സഖ്യം ചെയ്യണമെന്നും താര ഉപദേശിച്ചു. പക്ഷെ താരയെ ബാലി വകവെച്ചില്ല. സുഗ്രീവനെ തോൽപ്പിക്കണമെന്നു മാത്രമേ ബാലിക്കുണ്ടായിരുന്നുള്ളൂ. താര യാത്ര പറഞ്ഞു തിരികെ പോയി. ബാലിവധമറിഞ്ഞ താര സങ്കടത്തോടെ അവിടെയെത്തി. ഇവിടെ ഒരു ഭാര്യയുടെ ചിന്ത എന്താണെന്നു കാണാം. തന്റെ ഭർത്താവ് മരിക്കുന്ന ഈ അവസ്ഥയിൽ തനിക്കു രാജ്യവും പുത്രനും വരെ വേണ്ടയെന്നും ബാലിക്കൊപ്പം പോകണമെന്നുമാണ് താര പറഞ്ഞത്. താരയുടെ വിലാപം ഏതു ഹൃദയത്തേയും അലിയിക്കാൻ പോന്നവയായിരുന്നു. എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നപേക്ഷിച്ച് താര വിലപിച്ചു. ഉടൻ ഹനുമാൻ അംഗദന്റെ കാര്യങ്ങൾ പറഞ്ഞ് അംഗദനെ സനാതനനാക്കാൻ ഉപദേശിച്ചു. പക്ഷെ അംഗദനേപ്പോലുള്ള നൂറു മക്കളേക്കാൾ സ്വന്തം ഭർത്താവിന്റെ ശരീരത്തോടു ചേർന്നിരിക്കുന്നതാണ് ഉത്തമം എന്നു താര പറഞ്ഞു. ദുഃഖത്തിൽ മുഴുകിയ താര ഭർത്താവിന്റെ മുഖത്തുനോക്കിയിട്ട് വെട്ടിയിട്ട മരത്തിൽ ലതയെന്ന പോലെ കിടന്നു എന്നു വാല്മീകി വർണ്ണിക്കുന്നു. ദുഃഖിതയായ താര രാമനോടു തന്നെ കൂടി കൊന്നുതന്നാലുമെന്നു പറഞ്ഞു. സ്ത്രീവധം കൊണ്ടുള്ള ദോഷം രാമന് വരില്ലായെന്നും ബാലിക്കു താൻ ആത്മാവിൽനിന്നും ഭിന്നയല്ലായെന്നും പറയുന്നു. പുരുഷനും ഭാര്യയും ഒരേ ശരീരവും ആത്മാവുമാണെന്നും അതുകൊണ്ട് തന്റെ ഭർത്താവിന് തന്നെ നൽകിയാലും എന്നുകൂടി താര പറയുന്നു. ലോകത്തിൽ എല്ലാത്തിനും കാരണം നിയതിയാണെന്നും കാലം കാലത്തെ അതിലംഘിക്കുന്നില്ലായെന്നും രാമൻ പറഞ്ഞു.

താര എന്ന വാനര രാജ്ഞിയുടെ വാക്കുകൾ തികച്ചും ഒരു ഭാര്യയുടെ ധർമ്മത്തെ പ്രദാനം ചെയ്യുന്നതാണ്. ഭർത്താവിനെ സൗമ്യമായ വാക്കുകളിലൂടെ പിൻതിരിപ്പിക്കാൻ ആവുന്നതും ശ്രമിച്ചു. ഭർത്താവിന്റെ മരണത്തിൽ മനംനൊന്ത് കരയുമ്പോഴും ധർമ്മത്തേക്കുറിച്ചു സംസാരിക്കുന്നു. ഭർത്താവിനോടൊപ്പം ജീവിതത്തിലായാലും മരണത്തിലായാലും ഒരുമിച്ചായിരിക്കണമെന്ന തത്ത്വം ആവർത്തിച്ച് താര പറയുന്നുണ്ട്. ഭാര്യാധർമ്മം എന്താണെന്നു വ്യക്തമാക്കുന്നു. അവസാനം കാലത്തിനെല്ലാം വിട്ടുകൊടുത്തുകൊണ്ട് ഭർത്താവിന്റെ അന്ത്യകർമ്മങ്ങൾ ചെയ്യാനൊരുങ്ങുന്ന താരയെന്ന സതീരത്നം എല്ലാക്കാലത്തും ചർച്ചചെയ്യേണ്ടുന്ന ഒരു വ്യക്തിത്വം തന്നെയാണ്.

ബാലിവധം കഴിഞ്ഞു സുഗ്രീവൻ രാജ്യഭരണം ഏറ്റെടുത്തു രാമനോടു ചെയ്ത വാഗ്ദാനം നിറവേറ്റിയില്ല. ലക്ഷ്മണൻ സുഗ്രീവന്റെ കൊട്ടാരത്തിൽ വന്നു. ഭയന്ന സുഗ്രീവൻ താരയോടു ലക്ഷ്മണന്റെ കോപം ശമിപ്പിക്കുവാൻ ആവശ്യപ്പെട്ടു. താര സുഗ്രീവന്റെ അന്തപ്പുരത്തിലായി രുന്നുവെന്നും വാല്മീകി വിവരിക്കുന്നു. താരയുടെ സൗമ്യമായ വാക്കുകൾ കേട്ടു ലക്ഷ്മണൻ ശാന്തനായി. നല്ല വാക്കുകൾ പറഞ്ഞ് താര ലക്ഷ്മണനെ അകത്തേക്കു നയിച്ചു. താരയുടെ വാക്കുകളാണ് ലക്ഷ്മണകോപത്തിൽ നിന്നും സുഗ്രീവനെ രക്ഷിച്ചത്.

## അനസൂയ

വനവാസത്തിനിറങ്ങിയ രാമൻ അവിടെയുള്ള ഋഷിമാർ പറഞ്ഞ് ഖരൻ എന്ന രാക്ഷസന്റെ ഉപദ്രവത്തേക്കുറിച്ചറിഞ്ഞു. അവിടെനിന്നും താമസം മാറുന്ന മുനിമാരേയും കണ്ടു. ഭരതന്റെ സൈനികർ രാമനെ കൊണ്ടുപോകാൻ വന്നപ്പോൾ തമ്പടിച്ചതിനാലും മറ്റും ആ പ്രദേശം വൃത്തിഹീനമായി. രാമൻ അവിടെനിന്നും മാറി അത്രിമഹർഷിയുടെ ആശ്രമത്തിൽ ചെന്നു. ഈ അത്രിമഹർഷിയുടെ ഭാര്യ അനസൂയ താപസിയായിരുന്നു. അത്രിമഹർഷി പത്നിയെ പരിചയപ്പെടുത്തിയതെങ്ങനെയെന്നോ, പത്താണ്ടുകൾ മഴയില്ലാതിരുന്നപ്പോൾ ഇവർ കായ്കനികൾ സൃഷ്ടിച്ച് ജാഹ്നവിയെ ഒഴുക്കി പതിനായിരം വർഷം ഉഗ്രമായ തപസ്സ് ചെയ്ത് വിഘ്നങ്ങൾ ഇല്ലാതാക്കിയവൾ എന്നാണ്. അങ്ങനെ പുണ്യകർമ്മങ്ങൾ കൊണ്ട് പേരുകേട്ട അനസൂയയുടെ ശിക്ഷണം സീത സ്വീകരിച്ചു. ആ വൃദ്ധ തപസ്വിനിയുടെ വാക്കുകൾ ഭാരതസംസ്കാരത്തിൽ ഒരു പതിവ്രതാരത്നത്തിന്റേതാണ്. നഗരം വാഴുന്നവനായാലും കാടു വാഴുന്നവനായാലും ശുഭനായാലും അശുഭനായാലും പ്രിയനായി ഭർത്താവിനെ കരുതുന്ന സ്ത്രീകൾക്കാണ് ഉയരങ്ങളിലെത്താൻ കഴിയുക എന്നും പതിതന്നെ പരമദൈവമെന്നും സീതയെ ഉപദേശിക്കുന്നു. യശസ്സ് ലഭിക്കുമെന്നു പറഞ്ഞ് സീതയെ അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. സീതയാണെങ്കിൽ ഈ ധർമ്മം പാലിക്കുന്നവളാണ്. സീതയുടെ ഭാര്യാധർമ്മത്തെക്കുറിച്ചു കേട്ട അനസൂയ സന്തോഷവതിയായി സീതയോടു പറഞ്ഞു,

വളരെയേറെ കഷ്ടപ്പെട്ടു നേടിയ തപശ്ശക്തി തനിക്കുണ്ട്. അതുകൊണ്ട് നിനക്കു ഞാൻ വസ്ത്രാഭരണങ്ങളും അനലേപനത്തിനുള്ള അംഗരാഗവും തരുന്നു. അതിനുശേഷം സീതയുടെ സ്വയംവര കഥകളും കേൾക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. സീത പറഞ്ഞ കഥ കേട്ട് അനസൂയ സന്തോഷവതിയായി. സീതയുടെ മധുരമായ വാക്കുകളിൽ സംതൃപ്തയായി. സീതയെ അണിയിച്ചൊരുക്കിയെന്നും വാല്മീകി പറയുന്നു. കുറച്ചു ഭാഗങ്ങളിൽ മാത്രമാണ് ഈ തപസ്വിനി രാമായണത്തിൽ പ്രത്യക്ഷപ്പെട്ടുള്ളുവെങ്കിലും ഭാരതീയ സാംസ്കാരിക ചരിത്രത്തിൽ ഇടം നേടാനുള്ള ദിവ്യമായ വാക്കുകളാണ് ആ ജ്ഞാനി പ്രദാനം ചെയ്യുന്നത്. പവിത്രമായ ഭാര്യാഭർത്തൃസങ്കല്പം എന്താണെന്ന് അനസൂയയിലൂടെ വാല്മീകി നമുക്കു ഘോഷണം ചെയ്തു തരുന്നു.

### സരമ

സീതയുടെ കാവലിനായി നിർത്തിയിരുന്ന രാക്ഷസികളിൽ സീതക്കു പ്രീയപ്പെട്ടവളായി മാറിയിരുന്നു സരമ. ശ്രീരാമനെ താൻ വധിച്ചുവെന്നും മറ്റുമുള്ള രാവണന്റെ വാദമുഖങ്ങൾ കേട്ടു സീത ദുഃഖിതയായി. സരമ ദയയുള്ളവളും സീതയോടു സ്നേഹമുള്ളവളുമായിരുന്നു. അവൾ സീതയെ സമാധാനിപ്പിച്ചു. സർവ്വജ്ഞനായ ശ്രീരാമനെ ഉറക്കത്തിൽ ആക്രമിക്കുകയെന്ന കാര്യം സാധ്യമല്ല. രാമൻ വധിക്കപ്പെട്ടിട്ടില്ലാ എന്ന സത്യം സീതയെ ധരിപ്പിച്ചു.

### വേദവതി

മഹാനായ ബ്രഹ്മർഷി കുശധ്വജന്റെ പുത്രിയാണ് വേദവതി. രാക്ഷസരാജാവായ രാവണൻ ഭൂമിയിൽ ചുറ്റിസഞ്ചരിച്ച് ഹിമവദ്വനത്തിലെത്തി. അവിടെവെച്ച് മാൻതോലും മരവുരിയുമുടുത്ത് തപസുചെയ്യുന്ന വേദവതിയെ കണ്ടു മോഹിച്ച് വിവരങ്ങൾ അന്വേഷിച്ചു. മുനി വിഷ്ണുവിനെ ജാമാതാവായി മനസിൽ നിശ്ചയിച്ചിരുന്നു. മകളെ തനിക്കു കിട്ടില്ലായെന്നുറച്ച് ശംഭുവെന്നൊരാൾ ഉറക്കത്തിൽ മഹർഷിയെ വെട്ടിക്കൊന്നു. ഇതു കണ്ട പത്നി അഗ്നിപ്രവേശം ചെയ്തു. പിതാവിന്റെ ആഗ്രഹം സാധിക്കാനായി വിഷ്ണുവിനെ ഭജിച്ചു കഴിയുകയാണ് വേദവതി. തപശക്തികൊണ്ട് രാവണനെ മനസിലാക്കാൻ കഴിഞ്ഞ വേദവതി രാവണനോടു ക്രോധിച്ചു. രാവണൻ അവളുടെ മുടിയിൽ പിടിക്കുകയും വേദവതിയുടെ ഒരു കൈ വാളായി മാറുകയും മുടിയെ അറുത്തിടുകയും ചെയ്തു. രാവണൻ തന്നെ സ്പർശിച്ചതുകൊണ്ട് അഗ്നിയിൽ ചാടുകയാണെന്നും രാവണനെ വധിക്കുന്നതിനായി വീണ്ടും അയോനിജയായി (സ്ത്രീ പ്രസവിച്ചതല്ലാത്ത) ധർമ്മിഷ്ട പുത്രിയായി ജനിക്കുമെന്നും പറഞ്ഞു. പദ്മപ്രഭയായ അവൾ വീണ്ടും പത്മത്തിൽ പിറന്നുവെന്നും രാവണൻ വീണ്ടും അവളെ കണ്ടെത്തിയെന്നും കഥ. ഇവൾ ഗൃഹത്തിലിരുന്നാൽ രാവണന്റെ നാശത്തിനു കാരണമാകുമെന്ന മന്ത്രിയുടെ വാക്കുകേട്ട് രാവണൻ ആ കുഞ്ഞിനെ കടലിലേക്കെറിഞ്ഞുവെന്നും കരക്കടിഞ്ഞ ആ കുട്ടിയാണ് ജനകമഹാരാജാവിന് നിലം ഉഴുതപ്പോൾ കിട്ടിയതെന്നും പറയപ്പെടുന്നു. ഏതായാലും വേദവതിയെന്നു പേരായി കൃതയുഗത്തിൽ പിറന്ന് ത്രേതായുഗത്തിൽ ജനകമഹാരാജാവിന്റെ സീതയായി രാക്ഷസവധത്തിനായി പിറന്നുവെന്നും കരുതാം.

### കുംഭീനിസി

രാവണന്റെ മാതാമഹൻ സുമാലിയുടെ ജ്യേഷ്ട സഹോദരനായ മാല്യവാന്റെ മകളുടെ മകളാണ് കുംഭീനസി. കുംഭിനസിയുടെ മാതാവ് അനില. രാവണൻ യുദ്ധത്തിൽ ദേവദാനവന്മാരെ തോൽപിച്ചു. അവരുടെ സ്ത്രീകളെ ലങ്കയിലേക്ക് കൂട്ടിക്കൊണ്ടുപോന്നു. ഇതുകണ്ട് ധർമ്മാത്മാവായ വിഭീഷണൻ പറഞ്ഞു, ഭവാൻ ഈ സ്ത്രീജനങ്ങളെ കടത്തിക്കൊണ്ടു വന്നു. എന്നാൽ മധു എന്ന ബലവാനായ രാക്ഷസൻ കുംഭീനസിയെ ബലാൽ അപഹരിച്ചു. രാവണൻ പാപഫലം അനുഭവിക്കുന്നു എന്നു കൂടി പറഞ്ഞപ്പോൾ ക്രൂധനായ രാവണൻ മധുവിനെ കൊല്ലാനായി പുറപ്പെടുകയും ചെയ്തു. തന്റെ ഭർത്താവിനെ കൊല്ലരുതെന്നും കുലസ്ത്രീകൾക്ക് എല്ലാ ഭയങ്ങളിൽ വെച്ച് ഏറ്റവും വലിയ ഭയം വൈധവ്യമാണെന്നും പറഞ്ഞ് രാവണനോട് അപേക്ഷിച്ചു. ഇതു കേട്ട രാവണൻ മധുവിനെ സുരലോകത്തേക്കുള്ള യുദ്ധത്തിൽ കൂടെ കൂട്ടാൻ നിശ്ചയിച്ചു. ഒരു സ്ത്രീയെന്ന നിലയിൽ എന്താണ് ആവശ്യമെന്ന് കുംഭീനിസി രാവണനെ മനസിലാക്കിയിട്ടും രാവണൻ സ്ത്രീകളോടുള്ള പരാക്രമത്തിന് കുറവു വരുത്തിയില്ല.

### രംഭ

രാവണൻ കൈലാസത്തിലെത്തിയപ്പോൾ പ്രകൃതിസൗന്ദര്യം അയാളെ വേറൊരു ലോകത്തേക്കു കൊണ്ടുപോയി. ഈ സമയത്താണ് സർവ്വാഭരണ ഭൂഷിതയായ രംഭ ആ വഴി കടന്നു പോകുന്നതായി കണ്ടത്. രംഭയോട് അനുരാഗം തോന്നിയ രാവണൻ അവളെ സമീപിച്ചു. താൻ ആരാണെന്നും പുത്രഭാര്യയാണെന്നും മറ്റും പറഞ്ഞിട്ടും രാവണൻ അവളെ ഉപദ്രവിച്ചു. രംഭ പേടിച്ച് നളകുബേരനെ സമീപിച്ച് നടന്നതെല്ലാം വിവരിച്ചു. അത്യന്തം ക്രൂധനായ നളകുബേരൻ അകാമയായ ഒരു സ്ത്രീയെ കാമാർത്തനായി തീണ്ടിയതിനാൽ രാവണന്റെ തല ഏഴായി പിളർക്കും എന്നു ശപിച്ചു. അങ്ങനെ രംഭമൂലമാണ് അകാമയായ സ്ത്രീകളോടുള്ള രാവണന്റെ മോശമായ പെരുമാറ്റത്തിന് ഒരന്ത്യം വന്നതെന്നു പറയപ്പെടുന്നു●

കവിത

# ഉണ്ണിപ്രസാദം

പറവൂർ രാജഗോപാൽ (ഫോൺ :9847291483)

പ്രാണന്റെ പ്രാണനാം
കണ്ണനല്ലേ
ഉള്ളിന്റെയുള്ളി-
ലെന്റുണ്ണിയല്ലേ
ഓമനപൈതലല്ലേ,
അഴകിന്റെ-
ശ്രീവാഴും കോവിലല്ലേ
ആത്മഹർഷം പകർ-
ന്നാറാടി നിൽക്കുമെൻ
ഹൃത്തിന്റെ താളമല്ലേ
നാദസ്വരൂപമല്ലേ.

നാമമന്ത്രാക്ഷരം
ചൊല്ലിയിരിക്കെ, യെൻ
നാവിൽ വരുന്ന നാമം
ഉണ്ണിയതെന്നതല്ലേ
നാമരൂപങ്ങൾ-
ക്കതീതനാം ദേവനെ
പൂജിച്ചുണർത്തുമ്പോഴും
ഉള്ളിലെന്റുണ്ണിയല്ലേ
പുന്നാരപൈതലല്ലേ;
കൊഞ്ചിയടുത്തു-
വന്നെന്നെ പൊതിയുന്ന
പഞ്ചാര ചന്തമല്ലേ.

പാലാഴിയിൽ പള്ളി-
കൊള്ളുന്ന നാഥനെ-
തന്നെ സ്മരിക്കുമ്പോഴും,
പാൽക്കടൽ വാസനാം
ശ്രീ പത്മനാഭനെ-
വാഴ്ത്തി സ്തുതിക്കുമ്പോഴും,
കൺമുന്നിൽ കണ്ണനല്ലേ
പൊന്നുണ്ണി ചന്തമല്ലേ
തൊട്ടുതൊട്ടെന്നോ-
ടൊട്ടി നിന്നീടുന്ന
ഇഷ്ടക്കുറുമ്പനല്ലേ.

പാർത്ഥന്റെ സാരഥിയായ
പ്രഭുവിനെ പ്രാർത്ഥിച്ചിരിക്കുമ്പോഴും
വിശ്വരൂപം കൊണ്ട
വിഷ്ണുതേജസ്സിനെ
കുമ്പിട്ടു കൂപ്പുമ്പോഴും,
കാൺമതെന്നുണ്ണിയല്ലേ
കാർവർണ്ണരൂപനല്ലേ
പിന്നിൽ വന്നെന്നുടെ
കണ്ണുപൊത്തീടുന്ന
കായാംപൂവർണ്ണനല്ലേ.

പൂർണ്ണത്രയീശനാം
പുണ്യസുകൃതത്തെ
തേടിയണയുമ്പോഴും
വാതാലയേശനാം
ശ്രീവാസുദേവനെ
കണ്ടുവണങ്ങുമ്പോഴും,
എന്നുള്ളിൽ കണ്ണനല്ലേ
കൺമുന്നിൽ ഉണ്ണിയല്ലേ
ചേർന്നിരുന്നെന്നോടു-
കൊഞ്ചിക്കുഴയുന്ന
പഞ്ചാരക്കുഞ്ഞനല്ലേ.
കാണുവാൻ കൺനട്ടു-
കാത്തിരിക്കുന്നേരം
കൺമുന്നിലെത്തുന്നതെൻ
ഓമന ഉണ്ണിയല്ലേ
ചെന്താമരക്കണ്ണനല്ലേ;
പാടിയുണർത്തുമ്പോഴും,
ശ്രീപദം
കണ്ടു കൈകൂപ്പുമ്പോഴും
കാലത്തും നേരത്തും
ഗോപാലകൃഷ്ണനെൻ
ചാരത്തണയുന്നതും
ചേലുകൾ കാട്ടുന്നതും
മണിവർണ്ണനായ് തന്നെയല്ലേ
ഉണ്ണിക്കണ്ണനായ് തന്നെയല്ലേ!

# കൃഷിഗീത-കാർഷിക വിജ്ഞാനത്തിലെ നിധി

പ്രൊഫ : പി. അംബുജാക്ഷി

ഭൂമിയുടെ ഉപരിതലത്തിലെ ഇത്തിരി മണ്ണിനെ ആശ്രയിച്ചാണ് ജീവജാലങ്ങളുടെ നിലനിൽപ്പ്. ആ ഇത്തിരിമണ്ണ് ഇന്ന് പലവിധത്തിലുള്ള ആക്രമണങ്ങൾക്ക് വിധേയമായി നാശോന്മുഖമായിരിക്കുന്നു. ഭൂമി വാസയോഗ്യമായ നാൾ മുതൽക്കേ വിവിധതരം കൃഷികൾ ഉണ്ടായിരുന്നു. പക്ഷികളും മൃഗങ്ങളും ജലജീവികളുമൊക്കെ അറിയാതെയാണെങ്കിലും ആ കൃഷിയിൽ പങ്കാളികളായിരുന്നു. കർഷകനേയും കൃഷിഭൂമിയേയും സംരക്ഷിക്കുകയാണ് ഒരു ഭരണാധികാരിയുടെ പ്രധാന ചുമതല എന്ന് 'കാശ്യപീയ കൃഷിസൂക്തി'യിൽ പ്രതിപാദിച്ചിട്ടുണ്ട്. മണ്ണും മഴയും തിരിച്ചറിഞ്ഞുള്ള കൃഷി സമ്പ്രദായമാണ് ജീവികളുടെ നിലനില്പിന് ആധാരം എന്ന് നമ്മുടെ പൂർവ്വികർ തിരിച്ചറിഞ്ഞിരുന്നു. കേരളീയ കാർഷിക വിജ്ഞാനശാഖയിലെ അമൂല്യ നിധിയായ 'കൃഷിഗീതയെ' വിലയിരുത്തുമ്പോൾ നമുക്കു കിട്ടുന്ന അറിവുകൾ ഏറെ വിലപ്പെട്ടതാണ്.

ദക്ഷിണഭാരതത്തിന്റെ പടിഞ്ഞാറൻ കടൽത്തീരത്തോട് ചേർന്നു കിടക്കുന്ന, ഈർപ്പമേറിയ ചേരളമെന്ന കേരളത്തിന്റെ കൃഷിസമ്പ്രദായങ്ങളാണ് കൃഷിഗീതയിലെ പ്രതിപാദ്യം. പരദേശങ്ങളിലെ കൃഷിയെ സൂചിപ്പിക്കുന്നുണ്ടെങ്കിലും വേണാട്, പൂഴിനാട്, കർക്കനാട്, ചിതനാട്, കുട്ടനാട്, കുടനാട്, മലനാട്, വെള്ളപ്പൻനാട് എന്നൊക്കെ പ്രാദേശിക വിഭാഗങ്ങളുള്ള-കന്യാകുമാരി മുതൽ ഗോകർണം വരെയുള്ള ഭൂവിഭാഗത്തിലെ കൃഷിയെയാണ് പ്രാധാന്യേന വിവരിച്ചിട്ടുള്ളത്. നെൽക്കൃഷിക്കു തന്നെയാണ് പ്രാധാന്യം.

'സ്വർഗത്തേക്കാളുമേറ്റം സുഖകര
മാർഗമായുള്ള കേരള ഭൂതലം'

തങ്ങൾക്ക് ദാനം ചെയ്ത പരശുരാമനെക്കാണാൻ ചെന്ന ബ്രാഹ്മണരോട് അദ്ദേഹം

'കൃഷിചെയ്തു കഴിയാത്തവർക്കൊരു
വഴിയില്ല പിഴപ്പിനു ഭൂതലേ'

എന്ന് കാർഷികവൃത്തി സ്വീകരിക്കാൻ നിർദ്ദേശിച്ചു. പൊട്ടന്മാരായ തങ്ങൾക്ക് വിത്തുകളെപ്പറ്റിയും വിവിധ കൃഷി രീതികളെപ്പറ്റിയും പറഞ്ഞു തരണമേ എന്നഭ്യർത്ഥിച്ചപ്പോൾ പരശുരാമൻ നല്കുന്ന ഉത്തരമായാണ് കൃഷി ഗീത ആരംഭിക്കുന്നത്.

ഇത് കാർഷികവിജ്ഞാനചരിത്രത്തിലെ ഒരദ്ഭുതഗ്രന്ഥമാണ്. കാർഷികവിദഗ്ധനായ പരശുരാമൻ, ഗോകർണം മുതൽ കന്യാകുമാരിവരെയുള്ള സമുദ്രഭാഗത്തു നിന്ന് കര വീണ്ടെടുത്ത് ആ ചതുപ്പു നിലത്തെ കൃഷിഭൂമിയാക്കി മാറ്റി. അങ്ങനെ അന്വർഥമായ പരശുരാമക്ഷേത്രത്തിലെ, നെൽവിത്തുകളെക്കുറിച്ചാണ് ഇതിന്റെ ആദ്യഭാഗത്തിൽ പറയുന്നത്.

'പണ്ടുപണ്ടുള്ള വിത്തുകളെല്ലാമേ
കണ്ടാലുമറിയാതെ മറഞ്ഞുപോയ്'

എന്ന ആമുഖത്തോടെയാണ് 'വിത്തുചരിത്രം' തുടങ്ങുന്നത്. എന്തോ ഒരു സാധനം കിട്ടിയ ശേഷം അതെന്താണെന്നറിയാൻ, അച്ഛനേയും മുത്തച്ഛനേയും മുതുമുത്തച്ഛനേയും സമീപിച്ച ഒരു കർഷകന്റെ കഥ ഓർമ്മ വരും ആ വരികൾ വായിക്കുമ്പോൾ ആ വസ്തുവിന്റെ രൂപം കണ്ട് അത്തരം ഒരു വിത്തുണ്ടെന്ന കേട്ടുകേൾവിയിൽ ആശ്വസിക്കുന്ന ആ കുടുംബത്തിന്റെ കഥ യഥാർത്ഥം തന്നെയാണ്.

ദുഷ്ടവിത്തുകൾ കുഷ്ഠം പോലുള്ള രോഗങ്ങൾ വർധിപ്പിക്കും. കേരളം, പരദേശം എന്ന് സ്ഥലഭേദമുള്ളതിനാൽ നമുക്കു ചേർന്നത് നാടൻ വിത്തുകൾ തന്നെയാണ്. പരദേശത്തുള്ള വിത്തുകളും കായ്കളും കിഴങ്ങുകളുമൊക്കെ വർജ്ജിക്കേണ്ടതാണ് എന്ന് ഉപദേശിക്കുമ്പോൾ, ചുറ്റുപാടിന്നിണങ്ങിയ ഭക്ഷണസമ്പ്രദായം എന്ന ശാസ്ത്രീയമായ കാഴ്ചപ്പാടിലേക്കാണ് പരശുരാമൻ വിരൽ ചൂണ്ടുന്നത്.

ഗോകർണത്തോടു ചേർന്നു കിടക്കുന്ന തുളുനാട്ടിലെ വിത്തുകളെപ്പറ്റി ഇപ്രകാരം പറയുന്നു. കാമദാരവും ഗിരികശാലയും മുകിനാവെളുതുമാണ് തുളുമണ്ണിലേക്ക് ഉചിതമായത്. പ്രസിദ്ധമായ ചെറുവിത്തും ദണ്ഡൻ വിത്തും ഒഴിവാക്കണം. വെട്ടുവെളി എരി നല്ല വിളവു തരും. ചുരുണക്കറിയനാകട്ടെ പൊട്ടിച്ചിനച്ച് വളരും, വാഴക്കണ്ണൻ വിത്തിനെ എല്ലാവരും കുറ്റം പറയുന്നുണ്ട്. വെള്ളച്ചെന്നെല്ലിന് ആവശ്യക്കാർ ഏറെയുണ്ട്. സമ്പന്നർക്കിഷ്ടം സമ്പതാളനാണ്. ഇതൊക്കെ തുളുനാട്ടിൽ മുളപ്പിച്ച് വിതയ്ക്കുന്നു.

ഇനി തൊട്ടുതെക്കുള്ള കോലനാട്ടിലെ വിത്തുകൾ പരിശോധിക്കാം. ഇടവം മുതൽ ചിങ്ങം വരെ

യുള്ള വിരിപ്പുകൃഷിക്ക് ചെന്നെല്ല് ഉത്തമമാണ്.കരിഞ്ചെന്നെല്ലും കുഞ്ഞിവിത്തും ഉരുണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ കോഴിവാലൻ വിത്ത് വിതയ്ക്കാം. വെള്ളക്കോഴിവാലന് ചാഴിക്കേടോ പുഴുക്കേടോ വരില്ല. പൊന്നാര്യനും കഴമയും നല്ല രുചിയേറിയതാണ്. കന്നി മുതൽ ധനുവരെയുള്ള മുണ്ടകൻ കൃഷിക്ക് ഏറ്റവും അനുയോജ്യം അരിക്കിലാരിയാണ്. അരിക്കിലാരി എല്ലായിടത്തും കൃഷി ചെയ്യാം. എല്ലാ സമ്പന്നരും പയ്യനാടൻ വിത്ത് കൃഷി ചെയ്യണം. ഓർത്തിടിയൻ കാണാൻ ഭംഗിയുള്ളതാണ്. പല വിത്തുകളും ആദ്യ കൃഷിക്ക് നേട്ടമുണ്ടാക്കുമെങ്കിലും തുടർച്ചയായുള്ള കൃഷിക്ക് ഏറ്റവും നല്ലത് 'വള്ളി വിത്താണ്.' ഉയർന്ന പ്രദേശങ്ങളിൽ പൂത്താനും കാട്ടുപ്രദേശങ്ങളിൽ ചെറുമോടൻ, മോടൻ, നികേതൻ എന്നിവയും ആണ് നല്ലത്. അതുപോലെത്തന്നെ പറമ്പൻ കഴമ ഉയർന്ന പ്രദേശങ്ങളിലും മലയുടുമ്പൻ കുന്നിൻചെരിവുകളിലും ചരൽപ്പറമ്പിലും നല്ല വിളവു തരുന്നു. ചുരങ്ങളിൽ പറ്റിയത് കോടനെല്ലാണ്. കോലനാട്ടിലെ നെൽവിത്തുകളെക്കുറിച്ചാണ് ഇതുവരെ വിവരിച്ചത്. ഇവയൊന്നും കർഷകനെ നിരാശപ്പെടുത്തില്ല എന്നറിയിച്ചുകൊണ്ട് ഇടനാട്ടിലെ വിത്തുകളെ പരിചയപ്പെടുത്തുന്നു.

ഇടനാട്ടിൽ വിതയ്ക്കുന്നവയാണ് കരിപ്പാലിയും ആരിയനും. വിരിപ്പുകൃഷിക്ക് കഴമയും കാളിയും നല്ലതാണ്. നിലത്തിന്റെ പട്ട്, വരൾച്ച, നോക്കി വിതയ്ക്കേണ്ടവയാണ് വട്ടനും മുണ്ടമ്പള്ളിയും നവരയും, വെള്ളക്കെട്ടുള്ള വയലിൻ കോഴിയാള വിത്താണ് നല്ലത്. വെള്ളം വറ്റാത്ത പ്രദേശങ്ങളിൽ പുഞ്ചകൃഷി ചെയ്യാം. മകരം മുതൽ മേടം വരെയാണ് പുഞ്ചക്കൃഷിയുടെ സമയം. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്നു പൂവൽ കൃഷിയാണ് അത്തരം പ്രദേശങ്ങളിൽ ചെയ്യേണ്ടത്. കുട്ടനാടന് എട്ടുമാസത്തെ മൂപ്പുണ്ട്. പറിച്ചു നട്ടാൽ കോടനേരി നല്ല വിളവു തരും.ചേപ്പിലക്കാടനും കൂവളക്കാടനും മൂപ്പിന് വ്യത്യാസമുണ്ട്. മുണ്ടകത്തിലെ പ്രധാന വിത്തുകൾ ആണ്. കുമ്പളവൻ, ചെന്താർമണിയൻ എന്നിവയേക്കാൾ പഴക്കമുണ്ട് മുണ്ടൻവിത്തിന്. വെള്ളയാത്തൻ നല്ല വിളവു തരും. കരിങ്കാളി നെല്ലിന്റെ തണ്ട് പൊള്ളയല്ല. തണ്ടുതുരക്കുന്ന കീടങ്ങളെ പ്രതിരോധിക്കും. അരിക്കുറുമ പെട്ടെന്നു പറിച്ചു നടേണ്ടതാണ്. ആരിയം കാളിയും തനിക്കാളിയും ചോറണാലിയും വലിയ ചോറണാലിയും മറ്റുള്ളവയേക്കാൾ നേരത്തെ വിതയ്ക്കേണ്ട വിത്തുകളാണ്. ഈ വിത്തുകൾ വിശാലമായ വെള്ളപ്പൻനാട്ടിൽ പാലക്കാടൻ ഭാഗത്ത് - വിതക്കുന്നവയാണ്. കറുത്ത എരുമക്കാരി വിത്ത് നല്ല വിളവു തരും. ചിറ്ററി വിത്തിന് ഒരു കേടും ഉണ്ടാകില്ല. കാടക്കഴുത്തന്റെ വിളവ് അദ്ഭുതകരമാണ്. വെള്ളക്കുറിഞ്ഞി അഴകുള്ള വിത്താണ്, കരിങ്കുറിഞ്ഞി ധൂസരനിറത്തിൽ മിന്നുന്നതും വെള്ളപ്പൻ നാട്ടിലെ മറ്റു വിത്തുകൾ താഴെ പറയുന്നു.

അന്നച്ചെമ്പാൻ നല്ലംഗച്ചമ്പാൻ രാജാക്കന്മാരുപയോഗിക്കുന്ന ചെഞ്ചെമ്പാൻ, മങ്കമക്കാപ്പൻ എലിച്ചെമ്പാൻ പ്രസിദ്ധമായ ഈർക്കിലച്ചെമ്പാൻ, കോതമ്പച്ചെമ്പാൻ എന്നിവയാണ് അവിടെ ആദരിക്കേണ്ട വിത്തുകൾ●

# എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
## 2018 ജനുവരി/ ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 18.01.2018 | | വി.രാധാകൃഷ്ണമേനോൻ | വിവേകാനന്ദ ജയന്തി യോടനുബന്ധിച്ച് ഒരനുസ്മരണ പ്രഭാഷണം | 952 |
| 25.01.2018 | ശ്രീമതി.കല്പകവല്ലി | ശ്രീ.ടി.കെ.ശ്രീകുമാരൻ നായർ | അമ്പലം | 953 |
| 01.02.2018 | ശ്രീ.പി.ആർ.ബാലകൃഷ്ണൻ | ശ്രീ.പി.ജയരാമൻ | എന്റെ ജീവിതം എന്റെ അനുഭവം | 954 |
| 08.02.2018 | Know Each Other Programme | ശ്രീ.എൻ.സുകുമാര മേനോൻ | മഹായുദ്ധങ്ങളുടെ ചരിത്രവഴിയിലൂടെ | 955 |

# മാരത്തോൺ മാട്രിമോണി ഡോട്ട് കോം

അനുരാധ (ഫോൺ :9447035067)

ക്ഷേത്രത്തിൽ നിന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ സുജാതയുടെ മനസ്സിൽ ഉത്തരമില്ലാത്ത ചോദ്യങ്ങൾ നിരവധിയായിരുന്നു. ഓർമ്മയിൽ അപ്പോഴും മേൽശാന്തി ശങ്കരൻതിരുമേനിയുടെ വാക്കുകൾ.

പ്രസാദത്തിന്റെ കൂടെ ഒരു കടലാസുപൊതി അവളെ ഏല്പിച്ചശേഷം തിരുമേനി പറഞ്ഞു. 'ശശിധരൻ നായർ മധൂന്റെ പേരിൽ ഒരു ഗണപതി ഹോമം കഴിക്കാൻ ഏല്പിച്ചതിന്റെ പ്രസാദാ. ഇന്നലെ സന്ധ്യക്ക് നായരും മധൂം കൂടി തൊഴാൻ വന്നിരുന്നു. മൂപ്പരും മോനും കൂടി ഇന്ന് രാവിലെ യാത്ര പോവ്വാണത്രെ, അതോണ്ട് ഹോമത്തിന്റെ പ്രസാദം വാങ്ങിക്കാൻ വരണുണ്ടാവില്ല്യാന്ന് ഇന്നലെ വഴിപാട് ഏല്പിക്കുമ്പോൾ തന്നെ പറയേണ്ടായി. ഏതായാലും കുട്ടി ഇതൊന്ന് അങ്ങോട്ടെത്തിച്ചേക്കൂ.'

സുജാത ഒരു നിമിഷം അത്ഭുത സ്തബ്ധയായി നിന്നു. പിന്നെ തിരുമേനിയിൽ നിന്നും പ്രസാദപ്പൊതി വാങ്ങിക്കൊണ്ട് വീട്ടിലേക്ക് മടങ്ങി.

മധുവേട്ടൻ ലീവിൽ നാട്ടിൽ വന്നുപോയിട്ട് രണ്ടുമാസമാകാൻ പോകുന്നതേയുള്ളു.

ഇപ്പോൾ പെട്ടെന്നുള്ള ഈ വരവ്?

മധുവേട്ടന്റെ വീടും തന്റെ വീടും തമ്മിൽ കാൽനടയായി പോകാവുന്നത്ര ദൂരമേയുള്ളു. അച്ഛൻ കഴിഞ്ഞയാഴ്ച മധുവേട്ടന്റെ വീട്ടിലേക്ക് പോയതുമാണ്. എന്നിട്ടും മധുവേട്ടന്റെ ഈ വരവിനെക്കുറിച്ച് അച്ഛനൊന്നും പറഞ്ഞ് കേട്ടില്ല. അപ്പോൾ ഇങ്ങനെ പെട്ടെന്ന് വരാൻ....എന്തെങ്കിലും ആരോഗ്യ പ്രശ്നമാണോ? അതാകാൻ സാധ്യതയില്ല. അല്ലെങ്കിൽ ഇന്ന് ചെറിയച്ഛന്റെ കൂടെ യാത്രക്ക് പുറപ്പെടില്ലല്ലോ. ആ യാത്ര എങ്ങോട്ടാണാവോ. ഏതായാലും എല്ലാം വിചിത്രമായി തോന്നുന്നു.

വീടിന്റെ ഉമ്മറപ്പടികൾ കയറാൻ തുടങ്ങുമ്പോൾ തന്നെ അച്ഛൻ സുധാകരന്റെയും അമ്മ കുസുമത്തിന്റെയും സ്വരങ്ങൾ പതിവിലും ഉച്ചത്തിൽ കേട്ടു. അവർ തമ്മിലെന്തോ വാദപ്രതിവാദത്തിലാണെന്ന് തോന്നുന്നു. ഭാഗി ചിറ്റയുടെയും ചെറിയച്ഛന്റെയും മധുവേട്ടന്റെയും പേരുകൾ സംഭാഷണത്തിൽ ഇടം പിടിച്ചിരിക്കുന്നത് ശ്രദ്ധിച്ചപ്പോൾ മധുവേട്ടന്റെ പെട്ടെന്നുള്ള വരവാണ് വിഷയമെന്ന് മനസ്സിലായി. പ്രഭാതസവാരിക്കിടയിൽ ആരോ പറഞ്ഞ് അച്ഛനും ആ വാർത്ത അറിഞ്ഞു കാണും.

സുജാത ചെവിയോർത്തു.

ഞാനറിഞ്ഞത് മറ്റുള്ളവർ പറഞ്ഞിട്ടല്ലേ കുസുമം? ഞാൻ നേരിട്ടവിടെ ചെന്ന് സത്യാവസ്ഥ അറിഞ്ഞിട്ടുപോരെ ഈ ബഹളമൊക്കെ? 'സുധാകരന്റെ അനുനയസ്വരം.' ഇനി കൂടുതലായി എന്തറിയാനാണ് സുധേട്ടാ. അച്ഛനും മകനും കൂടി തിരുവനന്തപുരത്തേക്ക് പോയിരിക്കുന്നത് മകന് പെണ്ണ് കാണാനാണെന്ന് നാട്ടുകാരെല്ലാം അറിഞ്ഞു കഴിഞ്ഞല്ലോ. പക്ഷെ നമ്മളറിഞ്ഞില്ലെന്നു മാത്രം. കുസുമത്തിന്റെ സ്വരം ക്ഷോഭം കൊണ്ട് ഇടറി.

'നാട്ടുകാരെല്ലാം അറിഞ്ഞിട്ടൊന്നുമില്ല. മധു എത്തിയിട്ടുണ്ടെന്നറിഞ്ഞ് അയൽപക്കത്ത് താമസിക്കുന്ന ബാലൻ അവനെ കാണാൻ ചെന്നപ്പോൾ ശശിയേട്ടൻ ഇക്കാര്യം ഒന്ന് സൂചിപ്പിച്ചു. ഇന്ന് ബാലൻ എന്നെ കണ്ടപ്പോൾ ഈ സംഭവം എന്നോടു പറഞ്ഞു അത്രേള്ളൂ.'

'ശരി. അപ്പോഴത് സത്യം തന്നെയാണല്ലോ. മധൂം സൂജാതേം കുട്ടികളായിരുന്ന കാലം മുതൽക്ക് അവള് അവന്റെ പെണ്ണാണെന്ന് സുധേട്ടന്റെ പൊന്നുപെങ്ങൾ ആയിരം വട്ടോങ്കിലും പറഞ്ഞിട്ടില്ലേ? എന്നിട്ടിപ്പോഴെന്താ ഇങ്ങനൊരു മറവി?'

'ഭാഗി മറന്നതാവില്ല. ശശിയേട്ടന്റെ നിർബന്ധത്തിന് വഴങ്ങീതാവും. ശശിയേട്ടന്റെ മുഖത്ത് നോക്കി സ്വന്തം അഭിപ്രായം വെട്ടിത്തുറന്ന് പറയാനുള്ള തന്റേടമൊന്നും അവൾക്കില്ലാന്നറിഞ്ഞൂടെ? പാവം!'

'അതെയതെ. പഞ്ചപാവം. പക്ഷെ സുധേട്ടന്റെ പെങ്ങൾക്ക് ഓന്തിന്റെ സ്വഭാവമാണെന്ന് മാത്രം'. കുസുമത്തിന്റെ സ്വരത്തിൽ പരിഹാസത്തിന്റെ മുള്ളുകൾ

'നമ്മളിങ്ങനെ തർക്കിച്ചിട്ടെന്താ ഫലം കുസുമം. മധു, യു ക്കേന്നിവിടെവരെ വരാനും പെണ്ണുകാണാൻ പോകാനുമെല്ലാം തയ്യാറായെങ്കിൽ എന്താ അതിനർത്ഥം? അവനീ ആലോചനയിൽ താല്പര്യമുണ്ടായിട്ടല്ലേ? അവന്റെ വിദ്യാഭ്യാസയോഗ്യതക്കും ഉയർന്ന ഉദ്യോഗപദവിക്കും അനുയോജ്യമായ ഒരു പെൺകുട്ടിയെ ആണ് അവൻ ആഗ്രഹിക്കുന്നതെങ്കിലോ?

നമുക്ക് അതിൽ ഇടപെടാൻ എന്താണവകാശം?

'നമ്മുടെ മോൾക്ക് എന്താണൊരു കുറവ്? പോസ്റ്റ് ഗ്രാജ്വേറ്റല്ലേ? കമ്പ്യൂട്ടർ ട്രെനിങ്ങിനും പോണുണ്ടല്ലോ.. കാണാനും തെറ്റില്ല.'

'എല്ലാം ശരി തന്നെ. രണ്ടു വർഷമായി മധു വിദേശത്തല്ലേ. നമ്മളെക്കാളൊക്കെ ലോകം കണ്ടവനല്ലേ അവൻ. അവന്റെ ഇഷ്ടാനിഷ്ടങ്ങൾ നമ്മുടേതുമായി ഒത്തുപോകണമെന്നില്ലല്ലോ. പിന്നെ മറ്റൊരു കാര്യം. കൂടെ ജോലി ചെയ്യുന്ന ഏതെങ്കിലും പെൺകുട്ടിയുമായി അവൻ അടുപ്പത്തിലാണെങ്കിലോ? ഒരുപക്ഷെ ഇത് ആ പെൺകുട്ടിയുടെ വീട്ടിലേക്കുള്ള സന്ദർശനമാകാനും സാധ്യതയുണ്ട്. ഏതായാലും എനിക്കൊന്നേ പറയാനുള്ളൂ. നമ്മുടെ മോൾക്ക് ഈശ്വരൻ ഒരുത്തനെ നിശ്ചയിച്ചിട്ടുണ്ടാവൂല്ലോ. അതുകൊണ്ട് തൃപ്തിപ്പെട്ട് അവരുടെ ജീവിതം സന്തോഷകരമാകാൻ പ്രാർത്ഥിക്കാം.'

'മധൂനും ശശിയേട്ടനും മാനത്തെ മാവിന്റെ കൊമ്പത്താണ് നോട്ടോങ്കിൽ അങ്ങനെ തന്നെ ആയിക്കോട്ടെ. ഈ ലോകത്ത് വേറേം ചെറുപ്പക്കാരുണ്ടല്ലോ. എന്റെ മോൾക്കും യോഗ്യനായ ഒരുത്തനെ തന്നെ കിട്ടും...അതുറപ്പാ. എങ്കിലും.' കുസുമത്തിന്റെ സ്വരത്തിലപ്പോഴും എന്തോ നഷ്ടബോധം.

ഒരേങ്കിലുമില്ല. കല്യാണം കഴിഞ്ഞാൽ മാത്രം പോരല്ലോ. മനപ്പൊരുത്തമില്ലെങ്കിൽ പിന്നെ എന്തുണ്ടായിട്ടെന്താ കുസുമം?

'അത് ശരിയാ. കല്യാണം കഴിഞ്ഞാൽ മാത്രം പോരല്ലോ. പിന്നീടുള്ള ജീവിതത്തിൽ സന്തോഷോം സമാധാനോം ഒക്കെ വേണോല്ലോ.'

അമ്മയുടെ സ്വരത്തിൽ ഇപ്പോൾ അല്പം പോലും ആവലാതി ഇല്ലെന്ന് സുജാത ശ്രദ്ധിച്ചു. അച്ഛന്റെ വിശകലനങ്ങൾ അമ്മയ്ക്കും സ്വീകാര്യമായെന്ന് തോന്നുന്നു

ഏതാനും നിമിഷത്തെ നിശ്ശബ്ദത

'ഞാനൊന്ന് കുളിച്ചിട്ട് വരാം.' അച്ഛന്റെ സ്വരം

'ആട്ടെ, ഞാൻ അപ്പോഴേക്കും ബ്രേക്ക്ഫാസ്റ്റ് റെഡിയാക്കാം.' അമ്മയുടെ സ്നേഹശീതളമായ സ്വരം.

സുജാതയുടെ ചുണ്ടിലപ്പോൾ നനുത്തൊരു പുഞ്ചിരി വിരിഞ്ഞു.

അച്ഛനും അമ്മയും വീണ്ടും രഞ്ജിപ്പിലെത്തിയിരിക്കുന്നു.!

അവരെപ്പോഴും അങ്ങനെയാണ്. എന്തെങ്കിലും കാര്യത്തിന് കലമ്പൽ കൂട്ടിയാൽ തന്നെ നിമിഷങ്ങൾക്കകം രണ്ടുപേരും കൂടുതൽ രമ്യതയിലാകും. മനപ്പൊരുത്തം എന്ന വാക്കിന് വിവാഹജീവിതത്തിൽ എത്രയധികം പ്രസക്തിയുണ്ടെന്ന് അവളോർത്തു പോയി.

'അന്തരീക്ഷം ശാന്ത'മായെന്ന് ഉറപ്പായപ്പോൾ സാധാരണത്വം അവലംബിച്ചുകൊണ്ട് സുജാത തളത്തിലേക്ക് ചെന്നു. നിവേദ്യപൊതി മേശപ്പുറത്തു വെച്ചുകൊണ്ട് അവൾ അറിയിച്ചു 'ശശികൊച്ചച്ഛൻ ഏല്പിച്ചിരുന്ന ഗണപതിഹോമത്തിന്റെ പ്രസാദാ. എന്നെ കണ്ടപ്പോൾ തിരുമേനി ഒന്നിതങ്ങോട്ടെത്തിച്ചേക്കാൻ പറഞ്ഞ് എന്നെ ഏല്പിച്ചു.'

'ഉം...ഉം..ഉദ്ദേശിച്ച കാര്യങ്ങൾക്ക് മുടക്കം വരാതിരിക്കാൻ നടത്തിയ വഴിപാടായിരിക്കും' കുസുമത്തിന്റെ സ്വരത്തിൽ അമർഷം തുളുമ്പി

'കുസുമം, എന്തിനാ വെറുതെ......'സുധാകരന്റെ വാക്കുകൾ അർദ്ധോക്തിയിൽ അവസാനിച്ചു. പിന്നെ വീണ്ടുവിചാരമുണ്ടായതുപോലെ അയാൾ തുടർന്നു. 'കുളിയെല്ലാം കഴിഞ്ഞ് ഞാനൊന്നവിടെ വരെ പോയിട്ട് വരാം. പ്രസാദം ഏല്പിക്കലുമായി, ഭാഗിയെ ഒന്ന് കാണൂം ചെയ്യാം.'

കുസുമത്തിന്റെ മുഖത്തപ്പോൾ നിസ്സംഗത മാത്രം.

'ഞാനീ വേഷമൊന്നു മാറിയിട്ട് വരാമ്മേ. എന്നിട്ട് ഞാനും സഹായിക്കാം.'

'നിനക്കിന്നു കമ്പ്യൂട്ടർ ക്ലാസ്സിനു പോവണ്ടേ?' ഇന്ന് അംബേദ്കർ ജയന്തി ആയതുകൊണ്ട് ക്ലാസ്സില്ലമ്മേ.

കുസുമം എന്തോ പറയാനോങ്ങിയെങ്കിലും അടുത്ത നിമിഷം മൌനത്തിലേക്ക് പിൻവാങ്ങി. തന്റെ മുഖത്ത് തിരിയുഴിയുന്ന അമ്മയുടെ കണ്ണുകളിൽ നനവൂറിയിരുന്നോ?

സുജാതക്ക് സംശയം തോന്നി.

ബെഡ്റൂമിലേക്ക് നടക്കുമ്പോൾ നനുത്തൊരു നൊമ്പരം അവളുടെ മനസ്സിനെയും കീഴ്പ്പെടുത്തിയിരുന്നു. ഒരു കളിക്കൂട്ടുകാരി എന്ന നിലക്ക് തന്നോടെപ്പോഴും സ്നേഹവാത്സല്യങ്ങളോടെ മാത്രമേ മധുവേട്ടൻ പെരുമാറിയിട്ടുള്ളൂവെങ്കിലും തങ്ങളുടെ ബന്ധത്തിന് അതിൽ കൂടുതൽ അർത്ഥതലങ്ങളൊന്നും അവകാശപ്പെടാനാകില്ല. പക്ഷെ........., ഭാഗിചിറ്റ എത്രയോ തവണ മധുവേട്ടൻ കേൾക്കേ സ്വന്തം ആഗ്രഹം വെളിപ്പെടുത്തിയിരിക്കുന്നു. എന്നിട്ടും മധുവേട്ടൻ മറ്റൊരു വിവാഹാലോചനക്ക്, വഴിപ്പെട്ടത്, തന്നെ ജീവിത പങ്കാളിയാക്കാൻ താല്പര്യമില്ലാത്തതിനാലാണല്ലോ എന്നാൽ ഭാഗിചിറ്റയുടെ പരാമർശങ്ങൾ താനറിയാതെ തന്നെ തന്റെ മനസ്സിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് സമ്മതിക്കാതെ വയ്യ. ചിറ്റ എപ്പോഴും മാതൃസഹജമായ വാത്സല്യം പ്രകടിപ്പിക്കാറുമുണ്ട്. ചിറ്റ ചാരിതാർത്ഥ്യത്തോടെ നൽകിയ നിലവിളക്കുമായി മധുവേട്ടന്റെ വധുവായി

വലത്തുകാൽ വെച്ച് ഭർത്തൃഗൃഹത്തിലേക്ക് പ്രവേശിക്കുന്ന ധന്യനിമിഷങ്ങൾ തന്റെ സങ്കല്പങ്ങളിലും ഇടം പിടിച്ചിരുന്നല്ലോ. ആ സൗഭാഗ്യം അന്യമാവുകയാണല്ലോ എന്നോർക്കുമ്പോൾ......സുധാകരന്റെ വാക്കുകൾ ഓർമ്മിച്ചുകൊണ്ട് സുജാത സ്വയം സമാധാനിക്കാൻ ശ്രമിച്ചു. 'അച്ഛൻ പറഞ്ഞതിലും കാര്യമുണ്ട്. മനസ്സുകൊണ്ട് അന്യോന്യം പൊരുത്തപ്പെടാത്ത വ്യക്തികൾ തമ്മിലുള്ള വിവാഹ ബന്ധത്തിന് സന്തുഷ്ടമായ ഒരു ഭാവി അവകാശപ്പെടാനാകില്ല. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ജോലിയുമുള്ള ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാനാണ് മധുവേട്ടൻ ആഗ്രഹിക്കുന്നതെങ്കിൽ തനിക്കതിൽ യാതൊരു പരിഭവവുമില്ല.'സുധാകരൻ മധുവിന്റെ വീട്ടിലേക്ക് ചെല്ലുമ്പോൾ അവിടെ ഭാഗീരഥി മാത്രമേ ഉണ്ടായിരുന്നുള്ളു.

പതിവുപോലെ സുധാകരനെ സ്നേഹത്തോടെ അകത്തേക്ക് വിളിച്ചിരുത്തിയശേഷം ഭാഗീരഥി ചോദിച്ചു 'ഏട്ടന് കുടിക്കാൻ സംഭാരമെടുക്കട്ടെ. എന്ത് വെയിലാ പുറത്ത'

'ജീരകവെള്ളം മതി ഭാഗി. ഇതാ ഗണപതി ഹോമത്തിന്റെ പ്രസാദം. സുജാത തൊഴാൻ ചെന്നപ്പോൾ തിരുമേനി അവളെ ഏല്പിച്ചതാ.'

അടുക്കളയിൽ നിന്ന് ഒരു ഗ്ലാസ് ജീരകവെള്ളം കൊണ്ടു വന്ന് സുധാകരന് നൽകിയ ശേഷം ഭാഗീരഥി പറഞ്ഞു 'ഇവിടുത്തെ ചില വിശേഷങ്ങളൊക്കെ അറിയിക്കാൻ ഞാൻ ഏട്ടനേയും കാത്തിരിക്ക്യായിരുന്നു.'

'രാവിലെ ഞാൻ നടക്കാനിറങ്ങിയപ്പോൾ ഇവിടെ അയൽപക്കത്തുള്ള ബാലനെ കണ്ടു. അയാൾ പറഞ്ഞ് ചിലതൊക്കെ അറിയും ചെയ്തു.'●

തുടരും...

കവിത

# വൈറൽ

**പറവൂർ ബാബു (ഫോൺ:9961252196)**

തിരക്കി പേരക്കുട്ടി
സിറ്റൗട്ടിൽ
മുറുക്കിയിരുന്ന
മുത്തശ്ശിയോട്:
വാട്ട്സ് ആപ്പിലിടട്ടെ
മുത്തശ്ശിയെ ഞാൻ?
    ഭയന്നു നോക്കി
    മുത്തശ്ശി
    നാട്ടുമാങ്ങ
    ഉപ്പിലിടുന്ന പോലുള്ള
    സംഗതിയെന്നു കരുതി.
കോളാമ്പിയിലേയ്ക്ക്
കാറിത്തുപ്പി
കലിയോടെ പറഞ്ഞു:
'ഉപ്പിലിടണ്ട
എന്നെയാരും
എനിക്കു കയറാൻ
ഇനിയൊരു യാനമേ
വരാനുള്ളൂ'.
മനസ്സിലായില്ല
പേരക്കുട്ടിക്ക്
മുത്തശ്ശി
പറഞ്ഞതൊന്നും.
തങ്ങി നിന്നു
താഴെ വീഴാതെ
മിഴിനീർത്തുള്ളികൾ
മുത്തശ്ശിയുടെ
കണ്ണുകളിൽ.
    കേട്ടില്ല
    ഹൃദയത്തിൽ നിന്നും
    ഉയർന്ന
    കഥകളുടെ നിലവിളി
    മുത്തശ്ശിയല്ലാതെ
    മറ്റാരും......
പകർത്തി മുത്തശ്ശിയെ
പുഞ്ചിരിയോടെ
പേരക്കുട്ടി
സമ്മതം കൂടാതെ
ക്യാമറയിൽ.
    വൈറലായി മുത്തശ്ശി
    മിനിറ്റുകൾക്കുള്ളിൽ
    വാട്ട്സ് ആപ്പിൽ
    'പുരാവസ്തു' എന്നൊരു
    അടിക്കുറിപ്പോടെ

# കേളികൊട്ട്

രാധാ ദാമോദരൻ

ഈ 'കൊട്ടിന്റെ' മാസ്മരികതയെക്കുറിച്ച് എന്ത് പറയാൻ? വൃദ്ധന്മാരായ ഞങ്ങളുടെയൊക്കെ ബാല്യകാലത്ത് ഈ കൊട്ട് നൽകിയിരുന്ന ആഹ്ലാദവും ഉന്മേഷവും കുറച്ചൊന്നുമായിരുന്നില്ല. സൂര്യ നമ്പൂതിരിപ്പാടിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഭ്രാന്തന്മാർ' ധാരാളം ഉണ്ടായിരുന്നു. ഭ്രാന്ത് എന്നുപറഞ്ഞാൽ കളിഭ്രാന്ത്! കഥകളിയോടുള്ള ഭ്രമവും ആരാധനയും. ഇന്ന് കളിയുണ്ടോ എന്ന് ചോദിക്കുമ്പോൾ പുതിയ തലമുറ ഉദ്ദേശിക്കുന്നത് ക്രിക്കറ്റ് മത്സരം ഉണ്ടോ എന്നാണ്. കളികൾ പലതുമുണ്ടെങ്കിലും 'കളി' എന്നു പറഞ്ഞാൽ ക്രിക്കറ്റാണ്. കാലം പുരോഗമിക്കുന്തോറും വാക്കുകളുടെ അർത്ഥത്തിനും മാറ്റം വന്ന് തുടങ്ങി.

'കഥകളി' എന്നുപറയുമ്പോഴേയ്ക്കും മനസ്സിൽ പെട്ടെന്ന് വരുക വേഷങ്ങളും പ്രത്യേകതരം മേക്കപ്പുമാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് പ്രത്യേകം പ്രത്യേകം നൃത്തസമ്പ്രദായങ്ങളുണ്ട്; വേഷവിധാനങ്ങളുണ്ട് എന്നാൽ കഥകളിയുടേത് പോലുള്ള മേയ്ക്കപ്പ് ഒരിടത്തുമില്ല. ഇതിന്റെ പ്രത്യേകതകൊണ്ടാണ് പ്രായക്കൂടുതലുണ്ടെങ്കിലും ഒരു നടന് നിലനില്പുണ്ടാകുന്നത്. അവന് ധൈര്യമായി, യുവാവായി രംഗത്ത് വരാം. നടന്മാരിൽ പലർക്കും വലിയ ആരാധകവൃന്ദമുണ്ട്.

ഗായകരുടെ കാര്യവും അങ്ങനെതന്നെ കഥയുടെ രസകരമായ ഒരു സന്ദർഭം – ചെണ്ടയുടേയും മദ്ദളത്തിന്റേയും അകമ്പടിയോടെ ഗായകൻ ചേങ്കില പിടിച്ച് തകർത്തു പാടുന്നു. നടന്റെ തന്മയത്വമുള്ള അഭിനയം. ഫലം നമുക്ക് നാം പ്രതീക്ഷിച്ച ആനന്ദലബ്ധി. എന്നാൽ ചെറുപ്പകാലത്ത് ചിന്തിക്കാതിരുന്നതും പ്രായമാകുംതോറും മനസ്സിനെ അലട്ടുന്നതുമായ ഒരു വിഷയമുണ്ട്. ഒരുപക്ഷെ എന്റെ അജ്ഞതയായിരിക്കാം – ആട്ടക്കഥകളുടെ രചയിതാക്കൾ ആരാണെന്ന് നമുക്കറിയാം. ആരാണ് പാട്ടുകൾക്ക് സംഗീതം നല്കിയിരിക്കുന്നത് എന്നത് മാത്രം അറിയില്ല. സിനിമയിലാണെങ്കിൽ ഗാനരചനയോളമോ അതിൽ കൂടുതലോ പ്രാധാന്യം സംഗീതം നൽകുന്നവർക്കുണ്ടാകും പാട്ടുകളിലില്ലെങ്കിലും സിനിമയെടുക്കാം. നടന് ഭംഗിയായിട്ട് അഭിനയിക്കുവാൻ പാട്ട് വേണമെന്നില്ല – എന്നാൽ കഥകളി നടന്റെ കാര്യം ആലോചിക്കൂ. എത്ര നല്ല വേഷമായാലും എത്രതന്നെ അഭിനയശേഷി ഉണ്ടെങ്കിലും പാട്ടിന്റെ പിൻബലമില്ലെങ്കിൽ അവനെന്തു ചെയ്യാൻ കഴിയും?

'സാമ്യമകന്നൊരുദ്യാന'ത്തിലെ പ്രസന്നഭാവം, 'വിജനേബത‌യിലെ' പശ്ചാത്താപം കലർന്ന ശോകം, കിരാതത്തിൽ 'പാർത്ഥൻ ഗൗരീശദേവം' എന്ന ശ്ലോകത്തിന് ശേഷം വരുന്ന ഗൗരീശം മമ കാണാകേണം എന്നതിലെ ഭക്തി, ദക്ഷയാഗത്തിലെ 'യാഗശാലയിൽ നിന്ന് പോകജവാൽ, ഭൂതേശദയിതേ' എന്ന പദത്തിലെ രൗദ്രഭാവം 'കല്യാണീ കാൺക മമ'യിലെ ശൃംഗാരം, ഇതൊക്കെ സഹൃദയന് നെഞ്ചിലേറ്റാൻ തോന്നാൻ കാരണം ഉചിതമായ സംഗീതമാണ്. 'യാഗശാലയിൽ നിന്ന് പോക ജവാൽ' എന്ന പാട്ടിനോടൊപ്പം ദക്ഷൻ അതിക്രുദ്ധനായിവരുമ്പോൾ സതീദേവിക്ക് കരണത്ത് അടികൊണ്ടു എന്നു പ്രതീതി കാണികൾക്കുണ്ടാകുന്നു. എത്ര സമർത്ഥനായ അഭിനേതാവാണെങ്കിലും അഭിനയത്തിന്റെ മികവ് പ്രകടിപ്പിക്കാൻ കഴിയണമെങ്കിൽ, കഥാസന്ദർഭത്തിന് യോജിച്ച, കുറിക്കുകൊള്ളുന്ന പദപ്രയോഗവും അതിനോട് നീതി പുലർത്തുന്ന സംഗീതവുമുണ്ടായിരിക്കണം.

ആട്ടക്കഥകൾ ചെറിയ പുസ്തകങ്ങളായി പണ്ടുമുതലേ കിട്ടാറുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ പ്രശസ്ത സാഹിത്യകാരന്മാർ നിരൂപണസഹിതം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും കാണാനിടവന്നിട്ടുണ്ട്. പദങ്ങളുടെ ആരംഭത്തിൽ 'രാഗം– എരിക്കിലാകാമോദരി' 'താളം–ചെമ്പട' എന്നൊക്കെ കാണാം. സംഗീതസംവിധായകന്റെ പേർ മാത്രം ഇല്ല. ഈ ആട്ടക്കഥാ രചയിതാക്കൾതന്നെയാണോ പദങ്ങൾക്ക് സംഗീതം നല്കിയിട്ടുള്ളത്? കേരള കലാമണ്ഡലം പോലെയുള്ള സ്ഥാപനങ്ങളിൽ 'കഥകളിപ്പദങ്ങളിലെ സംഗീതം' എന്ന വിഷയത്തെക്കുറിച്ചു പാഠങ്ങൾ കൊടുക്കുന്നുണ്ടോ ആവോ? എങ്ങനെയായാലും കഥകളി പ്രേമികളായ ഞങ്ങളെപ്പോലെയുള്ള നിരവധി പേർക്ക് അറിഞ്ഞുകൂടാത്ത കാര്യമാണിത്

എന്നതൊരു സത്യം മാത്രം.

കഥകളി സംഗീതത്തെക്കുറിച്ച് ഇന്നത്തെ തലമുറ എത്രത്തോളം ചിന്തിക്കുന്നുണ്ടോ ആവോ? കഥകളി സംസ്കാരം എന്നൊരു പ്രത്യേകസംസ്കാരം തന്നെയുണ്ട്. ബാല്യം മുതൽ കഥകളിയെക്കുറിച്ച് കേട്ടും അത് കണ്ടും ശീലിച്ചും ഒരു പ്രത്യേകമായ അന്തരീക്ഷത്തിൽ വളരുമ്പോൾ കുട്ടികൾ അവരറിയാതെതന്നെ ഈ കലയുടെ ആസ്വാദകരും ആരാധകരുമായിത്തീരുന്നു.

'പുലരുംവരെ കഥകളി' കണ്ടിരിക്കുവാൻ പറ്റാത്ത സാഹചര്യങ്ങളാണിന്ന് എന്നത് വിസ്മരിക്കുവാൻ പാടില്ല. ഇന്നത്തെ കുട്ടികൾ 'പുലരുംവരെ' കളികാണാനിരുന്നാൽ അത് കഴിഞ്ഞ ഉടനെ നേരെ ചെല്ലേണ്ടത് സ്കൂൾ ബസ്സിൽ കയറാനായിരിക്കും എന്ന് ഓർക്കണം. കാണാൻതന്നെ തടസ്സങ്ങൾ – പിന്നെയാണോ അതിലെ സംഗീതത്തെപറ്റിയൊക്കെ ചിന്തിക്കാൻ കഴിയുന്നത്?

സാംസ്ക്കാരിക സംഘടനകൾ പലതും ഇടക്കിടെ കഥകളിപരിപാടികൾ നടത്തുന്നുണ്ട് എന്നത് ശുഭോദർക്കമാണ്. ആഴ്ചയിൽ ഒരു പീരിഡെങ്കിലും വിദ്യാലയങ്ങളിൽ കഥകളിയെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുവാൻ വേണമെന്നാണ് പല സഹൃദയരുടേയും ആഗ്രഹം. കേരളത്തിലല്ലാതെ വേറെ എവിടെയാണ് ഇത്തരത്തിലൊരു ആവശ്യം ഉന്നയിക്കുവാൻ കഴിയുക?

എറണാകുളത്തുകാരായ ഞങ്ങളെപ്പോലെയുള്ള വൃദ്ധജനങ്ങൾക്ക്, ഞങ്ങളുടെ ബാല്യകാലത്ത് വ്യത്യസ്തങ്ങളായ അനുഭവങ്ങളായിരിക്കുമല്ലോ ഉണ്ടായിട്ടുള്ളത്. കഥകളിയോട് അത്യധികം ആഭിമുഖ്യം പുലർത്തിയിരുന്ന എറണാകുളത്തുകാരായ രണ്ടാളുകളെക്കുറിച്ച് പറയാം. ഒരാൾ രവിപുരത്തുകാരൻ, മറ്റയാൾ ജീവിതാന്ത്യംവരെ തനി എറണാകുളത്തുകാരനായിരുന്നുവെങ്കിലും തൃശൂരായിരുന്നുവോ വേരുകൾ എന്ന് സംശയമുണ്ട്. ഏതായാലും ഈ ബാലന്മാർക്ക് ഹൈസ്കൂൾ പഠനം കഴിഞ്ഞപ്പോൾ കോളേജ് വിദ്യാഭ്യാസത്തിന് നല്ല ആഗ്രഹമുണ്ടായിരുന്നു. കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായ എറണാകുളത്തിന്റെ തൊടുകുറിയായി പണ്ടുമുതലേ വിളങ്ങുന്ന മഹാരാജാസ് കോളേജിൽ ഡിഗ്രി പഠനത്തിന് സൗകര്യമുണ്ടായിരുന്നില്ല. സ്കൂൾ ഫൈനൽ കഴിഞ്ഞാൽ രണ്ടുകൊല്ലം മാത്രം എഫ്.എ. രണ്ടു കൊല്ലത്തെ പഠനം, പിന്നീട് എഫ്.എ. ഇന്റർമീഡിയറ്റും പ്രി ഡിഗ്രിയും ഇന്നത്തെ പ്ലസ് ടൂവുമായി മാറി. ഡിഗ്രിക്കുവേണമെങ്കിൽ മദിരാശിയിൽ പോകണം. അവിടെ ചെന്നെത്തുക എളുപ്പമല്ല. ഷൊർണ്ണൂർ വരെ മാത്രമെ റെയിലുള്ളു. എറണാകുളത്ത് നിന്ന് കൊച്ചികായലിൽ വള്ളത്തിൽ സഞ്ചരിച്ചു ഷൊർണ്ണൂരെത്തണം. ധനികരാണെങ്കിലും ഈ വക ബുദ്ധിമുട്ടുകൾ സഹിക്കാൻ പലരും മടിച്ചു. മദിരാശി എന്ന് പറയുന്നത് ഇന്നത്തെ ചെന്നൈ പോലെയല്ല. കോളേജിൽ ചേർന്നാൽ താമസിക്കാനും ബുദ്ധിമുട്ടാണ്. ഹോട്ടലുകളും മറ്റു താമസസൗകര്യങ്ങളും ദുർല്ലഭം തന്നെ. ഏതായാലും കൊച്ചപ്പൻ എന്ന ഓമനപ്പേരുള്ള ദാമോദരനും പഴയ തേവര റോഡിൽ താമസിച്ചിരുന്ന അച്യുതനും മദിരാശിയിലെത്തി. സമാനചിന്താഗതിക്കാരും സസ്യഭുക്കുകളുമായ ചിലർ ഒത്തുചേർന്ന് സ്വയം പാചകവും മറ്റുമായി ഒരു ലോഡ്ജിൽ താമസം തുടങ്ങി. പാൽ, ഇന്നത്തെപോലെ പാക്കറ്റിലോ കുപ്പിയിലോ കിട്ടുമായിരുന്നില്ല. പശുവിനെ ആവശ്യക്കാരന്റെ പടിക്കൽ കൊണ്ടുവന്ന് കറന്ന് കൊടുക്കും. ഇവരുടെ ഒരു സഹവാസിയെക്കുറിച്ചറിയാം. പിന്നീട് പ്രശസ്ത സാഹിത്യകാരനായിത്തീർന്ന ആലുവ മണപ്പുറത്ത് ദുരൂഹസാഹചര്യങ്ങളിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ട കണ്ണമ്പ്ര കുഞ്ഞുണ്ണി നായരായിരുന്നു ആ വിദ്യാർത്ഥി.

ഒഴിവുള്ളപ്പോൾ കൊച്ചപ്പനും അച്യുതനും കഥകളിയെക്കുറിച്ച് ചർച്ച ചെയ്യാറുണ്ടായിരുന്നു. ആർ ആരെയാണ് കൂടുതൽ പിരികയറ്റിയതെന്നറിയില്ല. ഡിഗ്രി എടുത്ത് കഴിഞ്ഞപ്പോൾ കൊച്ചപ്പൻ പഠിത്തം നിറുത്തി നാട്ടിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു. അപ്പോൾ അച്യുതൻ പറഞ്ഞു. 'ഡിഗ്രിക്കാർ അപൂർവ്വമായതിനാൽ വേഗം ജോലി കിട്ടും. പക്ഷെ പ്രമോഷനൊക്കെ വരുമ്പോൾ ലോ-ഡിഗ്രി വേണം. ജീവിക്കാൻ മാർഗ്ഗമുണ്ടെങ്കിലും കൊച്ചപ്പൻ ഇത്രയുംതന്നെ സാധിച്ചത് അത്ഭുതമായിരുന്നു. കാരണം സാമ്പത്തികം മോശമല്ലെങ്കിലും മരുമക്കത്തായ തറവാട്ടിലെ കാരണവത്തിയായിരുന്ന അമ്മ, മകന് ഒമ്പത് വയസ്സുള്ളപ്പോൾ മരിച്ചുപോയി. അവനുവേണ്ടി ശബ്ദിക്കാൻ ആരുമുണ്ടായിരുന്നില്ല. അമ്മാവന്മാർ ഇത്രയെങ്കിലും ചെയ്തത് അത്ഭുതംതന്നെ ആയിരുന്നു. ഇനി ബുദ്ധിമുട്ടിക്കാൻ കഴിയില്ലെന്ന് തീരുമാനിച്ചു. അച്യുതൻ കൂടുതൽ അനുകൂലപരിതസ്ഥിതിയിൽ നിന്നായിരുന്നു വന്നത്. അദ്ദേഹം ലോ കോളേജിൽ ചേർന്നു. കൊച്ചപ്പൻ എന്ന ദാമോദരന് വന്ന ഉടൻ ജോലികിട്ടി. ഡിഗ്രി എത്ര അപൂർവ്വവസ്തുവാണെന്ന് കാണിക്കാൻ എറണാകുളത്ത് പണ്ട് സ്ത്രീകൾ പറയുന്നതാണെന്ന് സങ്കല്പിച്ച് തമാശ

യുള്ള ഒരു ഈരടി പാടി കേൾക്കാറുണ്ടായിരുന്നു 'കറുത്താലും വേണ്ടില്ല, വെളുത്താലും വേണ്ടില്ല എനിക്കൊരു ബി.എ.മതി' ബ്രിട്ടീഷ് ആധിപത്യം വെറുക്കപ്പെട്ടത് തന്നെ. പക്ഷെ നല്ല ശീലങ്ങൾ ആരുടേതായാലും നല്ലതെന്ന് തന്നെ പറയണമല്ലോ. ഓഫീസുകളിലെ ചിട്ടയായ ഭരണം, സമയനിഷ്ഠ, കൃത്യനിർവ്വഹണത്തിൽ കണ്ടിരുന്ന ശുഷ്കാന്തി, ഇവ ശ്ലാഘിക്കപ്പെടേണ്ടത് തന്നെയായിരുന്നു. ജന പ്രതിനിധികളില്ല. പക്ഷെ സത്യസന്ധരായ അധ്വാനശീലരെ പ്രോത്സാഹിപ്പിച്ചിരുന്നു. അങ്ങനെ ദാമോദരൻ പടിപടിയായുർന്നു വളരെവേഗത്തിൽ തഹസിൽദാരായി. കണയന്നൂർ ഒഴികെ എല്ലാ താലൂക്കുകളിലും ഇരുന്നിട്ടുണ്ട്. കോഴയും കൈക്കൂലിയും വാങ്ങാത്ത ഉദ്യോഗസ്ഥനെന്ന് പ്രശസ്തനായി. പടിക്കൽ കാവലുള്ള ശിപായി ആരെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി വന്നാൽ മുന്നറിയിപ്പു കൊടുക്കുമായിരുന്നുവത്രെ! കൈയിൽ വല്ലതുമുണ്ടെങ്കിൽ പുറത്ത് വെച്ചിട്ട് പൊക്കോളു – അല്ലെങ്കിൽ തന്റെ കാര്യം പോക്ക് തന്നെയെന്ന്. ക്ഷേത്രങ്ങളിലും മറ്റും ഭരണത്തിന് ഇന്നത്തെ രീതിയല്ല. താൻ പോകുന്ന സ്ഥലങ്ങളിലെല്ലാം ക്ഷേത്രങ്ങളുടെ നല്ല നടത്തിപ്പും ശ്രേയസ്സും ലക്ഷ്യമാക്കി പ്രവർത്തിച്ചു. കഥകളിക്ക് പ്രോത്സാഹനം നൽകി. കൊടുങ്ങല്ലൂർ താലപ്പൊലിക്ക് നാലു ദിവസവും കഥകളി വേണമെന്നു തീരുമാനിച്ചു, നടപ്പിലാക്കിയത് അദ്ദേഹമായിരുന്നു. കുറച്ച് വർഷങ്ങൾക്ക് ശേഷം ഇതിന് മുടക്കം വന്നു. അദ്ദേഹം അഞ്ചൽ സൂപ്രണ്ടായി പെൻഷൻപറ്റി എറണാകുളത്ത് സ്ഥിരതാമസമാക്കി കഴിഞ്ഞപ്പോൾ ഒരിക്കൽ കൊടുങ്ങല്ലൂർ താലപ്പൊലി കമ്മിറ്റിക്കാരുടെ ഒരു കത്തു വന്നു. ഞങ്ങൾ വീണ്ടും താലപ്പൊലിക്ക് കഥകളി തുടങ്ങുവാൻ തീരുമാനിച്ചു. ഇത് തുടങ്ങിവെച്ചത് അങ്ങാണല്ലോ. ഇപ്പോൾ ഇത് ഉൽഘാടനം ചെയ്യുവാൻ അങ്ങുതന്നെ വരണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷെ അദ്ദേഹം മറുപടി കൊടുത്തത് താഴെപറയും പ്രകാരമായിരുന്നു. അതായത് താനിപ്പോൾ റിട്ടയർ ചെയ്ത് ശാന്തമായ ജീവിതം നയിക്കുന്നു. വായനയും ഭക്തിമാർഗ്ഗവുമായിട്ടാണ് ജീവിതം. ഞാൻ വന്നില്ലെങ്കിലും ഭഗവതിയുടെ കൃപയാൽ എല്ലാം നന്നാകും എന്ന്. ഇത്രയും എഴുതിയപ്പോൾ ആ പഴയ കാലത്തെ കഥകളികലാകാരന്മാരെ ഓർക്കുന്നു. ശങ്കരപ്പിള്ള, ഗോപാലപിള്ള എന്നിവർ അനുഗ്രഹീതകലാകാരന്മാരായിരുന്നു. ശങ്കരപിള്ള പച്ച, ഗോപാലപിള്ള ചുവന്ന താടി. ഗോപാലപിള്ള അലറിയപ്പോൾ കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ ഓട് തെറിച്ചുപോയി എന്നൊക്കെ (അതിശയോക്തി ആയിരിക്കാം) കേട്ടിട്ടുണ്ട്. പ്രഗത്ഭരായിരുന്ന ഈ അഭിനേതാക്കൾ ഏത് കളരിയിലാണ് അഭ്യസിച്ചത്? ഇവരെ അറിയുന്നവർ ഇന്നു ആരെങ്കിലുമുണ്ടോ? ഇവരെക്കുറിച്ച് ആരെങ്കിലും കേട്ടിട്ടുണ്ടോ? ഇന്നത്തേയും അന്നത്തേയും വ്യത്യാസങ്ങൾ ആലോചിച്ചാൽ വളരെ ദുഃഖം തോന്നും. എത്രയോ ദരിദ്രന്മാരായിരുന്നു ഇവർ – ഗോപാലപിള്ള ഇടയ്ക്ക് പണ്ടത്തെ താസിൽദാരേമ്മാനെ കാണാൻ വരാറുണ്ടായിരുന്നു. വൈക്കത്തേക്കുള്ള ബോട്ടിലാണ് തിരിച്ചുപോയിരുന്നത്. ഇത്ര നല്ല കല കയ്യിലുണ്ടായിട്ടും അരി മേടിക്കാൻ പോലും ബുദ്ധിമുട്ടായിരുന്ന ഇവരെയോ അനന്തരപരമ്പരയേയോ കുറിച്ചു ആർക്കെങ്കിലും വല്ല വിവരവുമുണ്ടോ?

എവിടെ കഥകളിയുണ്ടെങ്കിലും ദാമോദരൻ സകുടുംബം കാണാൻ പോകും. ഒരിക്കൽ എറണാകുളം ഗേൾസ് ഹൈസ്കൂളിൽവെച്ച് ഏഴുദിവസത്തെ കഥകളി പരിപാടി ഉണ്ടായി. 7 ദിവസത്തെ ടിക്കറ്റിനു പത്തുരൂപയായിരുന്നു – പത്തു രൂപയെന്നു പറഞ്ഞാൽ അന്ന് ഇന്നത്തെ ആയിരത്തി അഞ്ഞൂറോ രണ്ടായിരമോ എന്ന് കണക്കാക്കാം ആദ്യത്തെ നാലുദിവസം നളചരിതമായിരുന്നു. ഇത് ഉദ്ദേശം പത്തെഴുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പായിരുന്നു. അന്ന് കാണികളെ അമ്പരിപ്പിച്ച കഥാപാത്രമായിരുന്നു 'ദമയന്തി' അന്നത്തെ, സുന്ദരികളായ പ്രശസ്ത സിനിമാതാരങ്ങളെ നിഷ്പ്രഭയാക്കിയ ദമയന്തി. സാക്ഷാൽ കലാമണ്ഡലം കൃഷ്ണൻ നായർ – പരമഭക്തനായിരുന്ന അദ്ദേഹം, മുകുന്ദപുരം താസിൽദാർ ആയിരുന്നകാലത്ത് കേൾക്കാൻ ഭാഗ്യമുണ്ടായ ദിവ്യമായ അശരീരി അനുസരിച്ച് മണ്ണിനടിയിൽ നിന്നും ആറു വിഗ്രഹങ്ങൾ കണ്ടെടുക്കുകയും മഹാരാജാ തിരുമനസ്സിന്റെ അനുവാദത്തോടെ ഒരു ക്ഷേത്രം പണിയിച്ചു പ്രതിഷ്ഠ നടത്തുകയും ചെയ്തു. ആ ക്ഷേത്രം ഇന്ന് പ്രസിദ്ധമാണ് 'ആറേശ്വരം'. കോഴയും കൈക്കൂലിയുമില്ലാതെ സത്യസന്ധവും കാര്യക്ഷമവുമായ ഭരണം നടത്തിയതിലുള്ള തൃപ്തിയും സന്തോഷവുംകൊണ്ട് മഹാരാജാവ് (മദ്രാസിൽ തീപ്പെട്ട തിരുമേനി) ദർബാർ വിളിച്ചുകൂട്ടി അദ്ദേഹത്തിന് വീരശൃംഖല സമ്മാനിച്ചു.

അച്യുതൻ അതിപ്രശസ്തനായ വക്കീലായി പക്ഷെ ഇന്നത്തെ ആളുകൾ കേട്ടാൽ അവിശ്വസനീയമെന്ന് കരുതുന്ന ഒരു പ്രത്യേകത അദ്ദേഹത്തിനുണ്ടായിരുന്നു. ഒന്നാം കിടയിലുള്ള ഈ അഭിഭാഷകൻ, എത്ര വലിയ പ്രതിഫലം വെച്ച് നീട്ടിയാലും കള്ള

ക്കേസ് വാദിക്കില്ല. മാത്രമല്ല അല്പം മുൻശുണ്ഠി കൂടി ഉണ്ടായിരുന്ന അദ്ദേഹം കള്ളക്കേസാണെന്ന് കണ്ടാൽ കാശും കടലാസ്സുമൊക്കെ വലിച്ചെറിഞ്ഞു ആളെ ഓടിക്കും. ജഡ്ജി എന്ന നിലയിൽ നിന്നും പടിപടിയായി ഉയർന്ന് കൊച്ചിരാജ്യത്തെ ചീഫ് ജസ്റ്റിസായ അദ്ദേഹമാണ് പണ്ടത്തെ എറണാകുളത്തെ ഏറ്റവും ബഹുമാനിക്കപ്പെട്ടിരുന്ന മാന്യരിൽ മുമ്പനായ ശ്രീമാൻ കരുമ്പറ്റെ അച്യുതമേനോൻ.

കഥകളി പ്രേമിയായിരുന്ന മേനോൻ സ്വന്തം ഭവനത്തിൽ ഒരു കളരിതന്നെ തുടങ്ങി. അതിനുള്ള സ്ഥലസൗകര്യവും മറ്റ് ചുറ്റുപാടുകളും അദ്ദേഹത്തിനുണ്ടായിരുന്നു. കലാമണ്ഡലത്തിൽ ജോലി ചെയ്തിരുന്നവരായിരുന്നു ഗുരുനാഥന്മാർ. പെൺമക്കൾ പാടും. ആൺകുട്ടികൾ വേഷമിടും ഒരാൾ ചെണ്ടയിൽ മിടുക്കനായി. അദ്ദേഹത്തിന് സെക്രട്ടറിയേറ്റിൽ ഉദ്യോഗമുണ്ടായിരുന്നു. പ്രൊഫഷണൽ കളിക്കാരുടെ നിലവാരം ഇവരുടെ പ്രകടനത്തിനുണ്ടായിരുന്നു. കളികാണുവാൻ വിരലിലെണ്ണാവുന്ന സുഹൃത്തുക്കളെ മാത്രം ക്ഷണിക്കും. അവരിൽ ഒന്നാമത്തെ ആൾക്കാർ താസിൽദാരും കുടുംബവും തന്നെ. ആ പഴയസ്നേഹം അവസാനംവരെ നിലനിന്നു. എന്ന് വെച്ച് നിത്യവും പരസ്പരം കാണലോ കൂട്ടുകൂടലോ ഒന്നുമില്ല. പരസ്പരസ്നേഹബഹുമാനങ്ങൾ എന്നും ഉണ്ടായിരുന്നു എന്ന് മാത്രം. ഇവരെ പണ്ടുമുതലേ നല്ല പരിചയമുള്ളവർ ഒരു തമാശ പറയാറുണ്ടായിരുന്നു. 'കൈക്കൂലിവാങ്ങാത്ത താസിൽദാരും കള്ളക്കേസു വാദിക്കാത്ത വക്കീലും'

അച്യുതമേനോന്റെ ശുദ്ധഗതിയും അല്പം മുൻശുണ്ഠിയും വ്യക്തമാക്കിയ ഒരു സംഭവം കൂടി പറഞ്ഞ് അവസാനിപ്പിച്ചുകൊള്ളട്ടെ എറണാകുളത്തമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന കഥകളി. വെളുപ്പാൻകാലമാകുമ്പോഴേക്കും അച്യുതമേനോൻ പതിവുപോലെ ക്ഷേത്രത്തിലെത്തി. ജോലിക്കാരൻ കൂടെയുണ്ട്. 'ഗുരുദക്ഷിണ' യായിരുന്നു കഥ. പെട്ടെന്നൊരു കശപിശ. അച്യുതമേനോൻ എന്തോ ശുണ്ഠിയെടുത്ത് പറഞ്ഞു. ആ പദം കഴിഞ്ഞു 'വേഷം' പിൻവാങ്ങിയപ്പോൾ അദ്ദേഹം തട്ടിക്കയറി. ഇതെഴുതന്നയാൾ ദൃക്സാക്ഷിയാണ്. സംഭവം ഇങ്ങനെ. 'താരേശമുഖി' എന്ന പദം മുനി ആടുന്നു. മുനിപത്നിയെ 'സരസിജനയനേ, കരിവരഗമനേ' എന്ന് സംബോധന ചെയ്യുന്ന ഭാഗം – കരിവരഗമനേ എന്നുള്ളിടത്ത് കരിവര അവതരിപ്പിച്ചു. ഗമനം കാണിച്ചില്ല 'മുനിപത്നിയെന്താ ആനയാണോ' എന്നുചോദിച്ചായിരുന്നു ബഹളം – പാവം നടൻ. ഉത്സവക്കളി കാണാൻ വന്നവരുടെ കൂട്ടത്തിൽ ഇങ്ങനെ കളിയുടെ മർമ്മം അറിയുന്നവർ ഉണ്ടാകുമെന്ന് അയാൾ സ്വപ്നത്തിൽ പോലും കരുതിയിട്ടുണ്ടാവില്ല.●

# വിശേഷ ദിവസങ്ങൾ

## 2018 ജനുവരി 1മുതൽ ഫെബ്രുവരി 16 വരെ

| | | |
|---|---|---|
| ജനുവരി | 16 | മകരചൊവ്വ |
| ,, | 21, 22 | ഉദയംപേരൂർ നടക്കാവ് താലപ്പൊലി |
| ,, | 22 | എറണാകുളം ശിവക്ഷേത്രത്തിൽ കൊടിയേറ്റ് |
| ,, | 25 | മകരഭരണി |
| ,, | 26 | റിപ്പബ്ലിക് ദിനം |
| ,, | 29 | എറണാകുളം ശിവക്ഷേത്രത്തിൽ ആറാട്ട് |
| ,, | 30 | ഗാന്ധിസ്മരണദിനം, പഴനി രഥോത്സവം |
| | | വളഞ്ഞമ്പലം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| ,, | 31 | തൈപ്പൂയം |
| ഫെബ്രുവരി | 4 | ലോക ക്യാൻസർ ദിനം |
| ,, | 5 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ ആറാട്ട് |
| ,, | 13 | ശിവരാത്രി |
| ,, | 16 | ഏറ്റുമാനൂർ കൊടിയേറ്റ് |

# സൂര്യചന്ദ്രപ്രഭാവം ജ്യോതിഷത്തിൽ

ഡോ.കെ.ഹരിഹരൻ, ഫോ:9847313322

അനന്തവിസ്തൃതമായ ആകാശമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രഹങ്ങളുടേയും നക്ഷത്രങ്ങളുടേയും ഗതിവിഗതികളും സ്ഥാനവ്യത്യാസങ്ങളും വീക്ഷണകോണുകളും മനസ്സിലാക്കി ഒരു കുട്ടിയുടെ ജനനസമയമോ അഥവാ ഒരു കർമ്മം ആരംഭിക്കുന്ന സമയമോ കണക്കിലെടുത്ത് അവരുടെ ഭാവി ജീവിത വ്യവഹാരങ്ങളേയും ആകാര സ്വരൂപാദികളേയും, ബുദ്ധി, വിദ്യ, ആയുസ്സ് ആദിയായവകളേയും മുൻകൂട്ടി നിർവ്വചിക്കുകയും പ്രവചിക്കുകയും ചെയ്യുന്ന ഒരു ശാസ്ത്ര വിദ്യയാണ് ജ്യോതിഷ ശാസ്ത്രം. പഞ്ചഭൂതാത്മകമായ മനുഷ്യ ശരീരത്തിൽ തൽഘടകങ്ങളിലൊന്നായ ആകാശവും അന്തർലീനമായിരിക്കുന്നു. അതുകൊണ്ട് ആകാശത്തിൽ സ്ഥിതിചെയ്യുന്ന അനന്തകോടി നക്ഷത്രങ്ങളുടേയും ഗ്രഹങ്ങളുടേയും അതിസൂക്ഷ്മമായ ശക്ത്യാംശങ്ങൾ പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങളിലും സദാവിന്യസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവയുടെ ആകർഷണാദി പ്രസ്ഫുരണങ്ങൾ, സ്ഥാനം, ദൂരം, ഗതി ഇവ അനുസരിച്ച് ഭൂമിയിലും സകലജീവികളിലും അനുസ്യൂതം അനുഭവഗോചരമാകുന്നുണ്ട്. തൽഫലമായി മനുഷ്യശരീരത്തിലും ജീവിതത്തിലും പല പരിവർത്തനങ്ങളും മാറ്റങ്ങളും സംഭവിക്കുന്നു. ജീവിത ചൈതന്യം പോലും അതിനു വിധേയമാകുന്നു.

ഒരു കുട്ടി ജനിക്കുമ്പോൾ, തൽസമയം ആ കുട്ടിയിൽ വർഷിക്കപ്പെടുന്ന ഗ്രഹനക്ഷത്രാംശ സൂക്ഷ്മപ്രസരങ്ങൾ എങ്ങനെ ഏതേതു നിലയിൽ, ഏതേതു സ്ഥാനങ്ങളിൽ, ഏതേതു ഡിഗ്രി കോണുകളിൽ സമാകർഷിക്കപ്പെട്ടു വിന്യസിക്കപ്പെടുന്നു എന്നതിനെ ആസ്പദമാക്കിയാണ് ആ കുട്ടിയുടെ ജീവിതം അതിന്റെ സാരാംശത്തിൽ മുമ്പോട്ടു നീങ്ങുന്നത് എന്നതാണ് ജ്യോതിഷതത്ത്വം. ആ തത്വമാണ് ജാതകത്തിനടിസ്ഥാനം (സമ്പൂർണ്ണ ജാതക ഗണിതം). കേവലം കണക്കു മാത്രമാണ് ജ്യോതിഷ വിദ്യയുടെ കാതലായ ഭാഗം. അതുകൊണ്ട് ജ്യോതിഷത്തെ ഗണിതമെന്നും വിശേഷിപ്പിക്കുന്നു.

രാശി, നക്ഷത്രം, ഗ്രഹം, ഭാവം ഇവ നാലുമാണ് ജ്യോതിഷത്തിന്റെ നാലു നെടും തൂണുകൾ. രാശിചക്രം വിഷ്ണുവിനേയും, പന്ത്രണ്ടു രാശികൾ വിഷ്ണുവിന്റെ ശരീരഭാഗങ്ങളേയും, ഗ്രഹങ്ങൾ വിഷ്ണുവിന്റെ അവതാരങ്ങളേയും പ്രതിനിധീകരിക്കുന്നതായാണ് വിശ്വാസം.

രാമാവതാര സൂരസ്യ ചന്ദ്രസ്യയദു നായക:
നൃസിംഹോ ഭൂമി പുത്രസ്യ ബുദ്ധ:സോമസുതസ്യച
വാമനോ വിബുധേഡ്യസ്യ ഭാർഗ്ഗവോ ഭാർഗ്ഗവസ്യ ച
കൂർമ്മേ ഭാസ്കര പുത്രസ്യ സൈംഹികേയസ്യ സുകര:
കേതോർമ്മീനാവതാരശ്ച യേ ചാന്യേതേപി ഖേടജാ:
പരമാത്മാംശമധികം ഏഷുതേഖേ ചരാഭിധാ:
ജീവാംശമധികം യേഷു ജീവാസ്തേവൈപ്രകീർത്തിതാ:

(പരാശരഹോര)

വിഷ്ണുവിന്റെ ദശാവതാരങ്ങളെ ഗ്രഹങ്ങളുമായി സങ്കല്പിക്കുകയാണിവിടെ. ശ്രീരാമനായി അവതാരമെടുത്തത് സൂര്യൻ ശ്രീകൃഷ്ണാവതാരം ചന്ദ്രൻ, ചൊവ്വ നരസിംഹാവതാരം ബുധൻ ബുദ്ധനായും വ്യാഴം വാമനമൂർത്തിയായും ശുക്രൻ പരശുരാമനായും ശനി കൂർമ്മമായും രാഹു വരാഹമായും കേതു മത്സ്യമായും അവതരിച്ചതായി കണക്കാക്കപ്പെടുന്നു. ഇവിടെ ഗ്രഹങ്ങൾ പൊതുവെ പരമാത്മാവതാരങ്ങളാണ്. അവയിൽ ഈശ്വരാംശം പൂർണ്ണമായി കാണപ്പെടുന്നു.

## രാശി ചക്രവും രാശികളും

മനുഷ്യർക്കു ഭൂമിയിൽ സഞ്ചാരത്തിന് റോഡുകൾ ഉള്ളതുപോലെ ആകാശത്തിൽ യാത്ര ചെയ്യുന്ന ഗ്രഹങ്ങളുടെ യാത്രാപഥമാണ് രാശിചക്രം. ആ രാശിചക്രത്തിനു ചുറ്റിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാങ്കല്പിക ആകാശസ്ഥലികളാണ് രാശികൾ. മേടം, ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം എന്നിങ്ങനെ

പന്ത്രണ്ടു രാശികളാണ് ജ്യോതിഷപ്രകാരം ഉള്ളത്. അന്തമില്ലാത്ത ആകാശത്തിൽ മേലുകീഴായി അദൃശ്യമാം വിധം സ്ഥിതി ചെയ്യുന്ന ഒരു ദീർഘവൃത്ത വലയമാണ് രാശിചക്രം. രാശിചക്രത്തിന് ആധാരമായ മണ്ഡലത്തെ രാശിമണ്ഡലമെന്നു പറയുന്നു. രാശിചക്രവും രാശി മണ്ഡലവും സ്ഥിരമാണ്. ഇവയ്ക്ക് ഒരു ചലനവുമില്ല. ഈ രാശിചക്രത്തിലൂടെ സൂര്യനൊഴിച്ച് ഭൂമിയും ഗുളികനുമുൾപ്പെടെയുള്ള പത്തുഗ്രഹങ്ങളും സദാ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. രാശിചക്രത്തിൽ ഒരോ ഗ്രഹത്തിനും ഓരോ ഗ്രഹപഥങ്ങളുണ്ട്. ഈ ഗ്രഹപഥങ്ങൾ മുട്ടയുടെ ആകൃതിപോലെ ഒരു ദീർഘവൃത്തമായാണ് സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. സൂര്യനും അതിനെ ചുറ്റിസഞ്ചരിക്കുന്ന ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും കൂടി ചേർന്നതാണ് സൗരയൂഥം രാശിചക്രത്തിന്റെ ആകെ ദൈർഘ്യം 360 ഡിഗ്രിയാണ്. ഈ രാശിചക്രത്തിലാണ് പന്ത്രണ്ടു രാശികളും സ്ഥിതി ചെയ്യുന്നത്. ആ സ്ഥിതിക്ക് ഒരു രാശിയ്ക്ക് 30 ഡിഗ്രി വീതം കിട്ടും. രാശിചക്രത്തിന്റെ ആരംഭസ്ഥാനം മീനം-മേടം രാശികളുടെ സംക്രമ ബിന്ദുവാണെന്നാണ് സങ്കല്പിച്ചിട്ടുള്ളത്. അതായത് 0 ഡിഗ്രി മുതൽ 30 ഡിഗ്രിവരെ ഒന്നാം രാശിയായ മേടം 31 ഡിഗ്രി മുതൽ 60 ഡിഗ്രി വരെ രണ്ടാം രാശിയായ ഇടവം ഇങ്ങനെ ക്രമത്തിൽ കാണാം.

നാം അധിവസിക്കുന്ന ഭൂഗോളം സദാ ഭ്രമണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ 24 മണിക്കൂർ കൊണ്ട് ഭൂമിയുടെ ഓരോ ഭാഗവും ക്രമമായി 12 രാശികളിൽ ഓരോന്നിനും നേരെ എതിരായി മാറിമാറി നീങ്ങുന്നു. ഇപ്രകാരം സൂര്യോദയം മുതൽ അടുത്ത സൂര്യോദയം വരെയുള്ള നേരം 60 നാഴിക കൊണ്ട് പന്ത്രണ്ടു രാശികളും ഭൂമിയ്ക്കുനേരെ ഉദിച്ചസ്തമിക്കുന്നു. ഒരു രാശിയുടെ ദൈർഘ്യം ഏതാണ്ട് രണ്ടു മണിക്കൂർ അഥവ 5 നാഴികയാണ്. എന്നാൽ സ്ഥലഭേദം മൂലം ഈ കൃത്യതയ്ക്ക് ചിലപ്പോൾ മാറ്റം വരും. ഒരു കുട്ടി ജനിക്കുന്ന സമയത്ത് സൂര്യനഭിമുഖമായി ഉദിച്ചു നില്ക്കുന്ന രാശി ഏതാണോ അതാണ് ജനനരാശി അഥവ ലഗ്നം.

രാശികൾക്ക് അധിപന്മാരായി സൂര്യചന്ദ്രാദി സപ്തഗ്രഹങ്ങളുണ്ട്. ഒരു കാലത്ത് രാശിചക്രത്തിലെ സ്ഥലികളായ രാശികളുടെ മുഴുവൻ ഉടമസ്ഥാവകാശവും സൂര്യനും ചന്ദ്രനും മാത്രമായിരുന്നു. ചിങ്ങം മുതൽ മുമ്പോട്ട് മകരം വരെയുള്ള രാശികൾ സൂര്യാധിപത്യത്തിലും കർക്കിടകം മുതൽ പ്രതിലോമമായി കുംഭം വരെയുള്ള രാശികൾ ചന്ദ്രന്റെ അധീനതയിലുമായിരുന്നു. പിൽക്കാലത്ത് പിതാവും രാജാവുമായ സൂര്യനും, മാതാവും രാജ്ഞിയുമായ ചന്ദ്രനും ആലോചിച്ചുറപ്പിച്ച് അവരവരുടെ അധീനത്തിലുള്ള ഓരോ രാശി വീതം പഞ്ചതാരഗ്രഹങ്ങളായ ചൊവ്വ, ബുധൻ, ഗുരു, ശുക്രൻ, ശനി എന്നിവർക്ക് വീതം വെച്ചു നൽകി. അതിൽപ്രകാരം സൂര്യൻ ചിങ്ങം രാശിയും ചന്ദ്രൻ കർക്കിടക രാശിയും യഥാക്രമം സ്വക്ഷേത്രമായി സ്വീകരിച്ചു. യുവരാജാവും വിദ്യ, വിജ്ഞാനം, ഗണിതം മുതലായവയുടെ കാരകനുമായ ബുധന് കന്നിയുടേയും മിഥുനത്തിന്റേയും ആധിപത്യം സിദ്ധിച്ചു. അടുത്ത രാശികളായ തുലാമും ഇടവവും നർമ്മ കലാവിദ്യകൾക്കെല്ലാം ആചാര്യനായ ശുക്രന് ദാനം കിട്ടി. പിന്നത്തെ രണ്ടു രാശികളായ വൃശ്ചികവും മേടവും സൈന്യാധിപനായ കുജനു പകുത്തു കിട്ടി. പിന്നീട് ദേവഗുരുവായ വ്യാഴത്തിന് ധനുവും മീനവും സൂര്യചന്ദ്രന്മാർ വീട്ടു നൽകി. ശേഷിച്ച രണ്ടു രാശികൾ മകരം കുംഭം എന്നിവ സേവകനും ദാസനുമായ ശനിക്കു ലഭിച്ചു.

## ഗ്രഹങ്ങൾ

ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നിങ്ങനെ ആറു വിഭാഗങ്ങളോടു കൂടിയ ജ്യോതിഷ ശാസ്ത്രം പ്രധാനമായും ഗുളികനുൾപ്പെടെയുള്ള പത്ത് ഗ്രഹങ്ങളെ അടിസ്ഥാനമാക്കിയാണ് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു എന്നീ ഗ്രഹങ്ങളാണ് നവഗ്രഹങ്ങൾ എന്നറിയപ്പെടുന്നത്. ഗുളികൻ പത്താമത്തെ ഗ്രഹവും. ഇവയിൽ സൂര്യനൊഴിച്ചുള്ള ബാക്കി ഒൻപതു ഗ്രഹങ്ങളും സ്വയം പ്രകാശിതങ്ങളല്ല. സ്വയം പ്രകാശിതങ്ങളല്ലാത്ത ഗോളങ്ങളെ ഗ്രഹങ്ങളെന്നും സ്വയം പ്രകാശിക്കുന്നവയെ നക്ഷത്രങ്ങളെന്നുമാണ് നിർവ്വചിക്കേണ്ടത്. ആ സ്ഥിതിക്ക് ഉജ്ജ്വലഭാസ്വത്തായ ഒരു നക്ഷത്രമാണ് സൂര്യൻ. എങ്കിലും ജ്യോതിഷത്തിൽ സൂര്യനെ ഒരു ഗ്രഹമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഭൂമി ചലിക്കാത്ത ഒന്നായിട്ടും കണക്കാക്കിയിരിക്കുന്നു. ഇക്കാര്യങ്ങളിൽ പിടിമുറുക്കിയാകാം ചിലർ ജ്യോതിഷത്തെ അശാസ്ത്രീയമെന്നു പറഞ്ഞ് പഴിക്കുന്നത്. പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളേയും നിലനിറുത്തുകയും അവയ്ക്ക് ഉണർവ്വും ഊർജ്ജവും അന്നവും പ്രാണനുമായി വർത്തിച്ചു വരികയും ചെയ്യുന്നത് സൂര്യനായതു കൊണ്ടായിരിക്കാം ഒരു നക്ഷത്രമാണെങ്കിൽ കൂടി അതിനെ ഒരു ഗ്രഹമായി ജ്യോതിഷികൾ കണക്കാക്കി വരുന്നത്. വാസ്തവത്തിൽ സൂര്യന് ഗ്രഹപഥമോ സഞ്ചാരമോ ഇല്ല. സൂര്യന്റെ ഗ്രഹപഥമായി കണക്കാക്കിയിരിക്കുന്നത് ഫലത്തിൽ ഭൂമിയുടെ ഗ്രഹപഥമായി പരിണമിക്കുന്നു. ആ ഗ്രഹപഥത്തിൽ കൂടി, ഭൂമി സൂര്യനഭിമുഖമായി സദാ പ്രദിക്ഷണം ചെയ്തു കൊണ്ടിരിക്കുന്നു. ഭൂമി

സൂര്യനെ ഒരു പ്രദക്ഷിണം വെയ്ക്കുന്ന കാലയളവാണ് ഒരുവർഷം അതായത് 365 1/4 ദിവസങ്ങൾ സൂര്യനു ചുറ്റും മേലുകീഴായി ഭൂമി അതിലെ ചരാചരങ്ങളും ഒത്ത് പ്രദക്ഷിണം ചെയ്യുന്നതുകൊണ്ട് സാധാരണ ഗതിയിൽ സൂര്യൻ സ്ഥാനം വിട്ട് ചലിക്കുന്നതായും നമുക്ക് അനുഭവപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സൂര്യൻ ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേയ്ക്ക് പ്രവേശിക്കുന്നതായി ജ്യോതിഷികൾ പറയുന്നത്. ഗണിത സൗകര്യത്തിനു വേണ്ടി മാത്രമായിട്ടാണ് ഭൂമിയുടെ ഗതിയെ സൂര്യന്റെ ഭ്രമണമായി ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഫലത്തിൽ തെറ്റൊന്നും കാണേണ്ടതില്ല.

## ആദിത്യൻ

പ്രപഞ്ചത്തിന്റെ പിതാവും രാജാവും പരമാത്മാവുമാണ് സൂര്യൻ. കശ്യപപ്രജാപതിക്ക് അദിതിയിൽ ജനിച്ച പുത്രനാണ് സൂര്യൻ. ആദിത്യന്മാർ പന്ത്രണ്ടു പേരുണ്ടെന്നാണ് സങ്കല്പം. ഓരോ മാസവും ഓരോരുത്തരായി ഉദിച്ചുയർന്ന് ആ മാസത്തിന്റെ ആധിപത്യം ഏറ്റെടുക്കുന്നു. വരുണൻ, സൂര്യൻ, സഹസ്രാംശു, ധാതാവ്, തപനൻ, സവിതാവ്, ഗഭസ്തി, രവി, പർജന്യൻ, ത്വഷ്ടാവ്, മിത്രൻ, വിഷ്ണു എന്നിങ്ങനെയാണ് അവരുടെ നാമങ്ങൾ. മേടം മുതൽ മീനം വരെയുള്ള മാസങ്ങൾ യഥാക്രമം ഈ സൂര്യന്മാരുടെ ആധിപത്യത്തിലാണ്. ഇവരെ ദ്വാദശാദിത്യന്മാർ എന്നാണ് വിളിക്കുന്നത്. ഏഴു വെള്ളക്കുതിരകളെ പൂട്ടിയ തേരിലാണ് സൂര്യന്റെ സഞ്ചാരം. സൂര്യനിൽ നിന്നാണ് ഹനുമാൻ വിദ്യാഭ്യാസം നേടിയതെന്ന കാര്യം പ്രസിദ്ധമാണ്. വിശ്വകർമ്മാവിന്റെ മകളായിരുന്ന സംജ്ഞയാണ് സൂര്യന്റെ പത്നി. സംജ്ഞയുടെ നിഴലായ ഛായയും സ്ത്രീരൂപം പൂണ്ട് സൂര്യന്റെ പത്നീപദമലങ്കരിച്ചിരുന്നു. സൂര്യന് മനു, യമൻ, യമുന, ശനി, തപതി എന്നിവർ മക്കളായുണ്ട്. രാമായണത്തിലെ സുഗ്രീവനും മഹാഭാരതത്തിലെ കർണ്ണനും സൂര്യപുത്രന്മാരാണെന്ന കാര്യം പ്രശസ്തമാണ്.

ജ്യോതിഷ ഗുരുനാഥനിൽ ശ്രീ എസ്.ശ്രീനിവാസ അയ്യർ സൂര്യന്റെ സ്വരൂപത്തെ വർണ്ണിക്കുന്നതിങ്ങനെയാണ്-സമചതുരമായ ദേഹം അതാണ് സൂര്യന്റെ ശരീരഘടന. നീളത്തിനൊത്തവണ്ണം കണ്ണുകൾക്ക് ഇളം ചുവപ്പു കലർന്ന തവിട്ടു നിറം. ശരീര വർണ്ണമാകട്ടെ ഇളം കറുപ്പും ചുവപ്പും കലർന്നതാണ്. എല്ലുകൾക്ക് നല്ല ബലമുണ്ട്. തലമുടി തീരെ കുറവാണ്. പിത്ത പ്രകൃതിയാണ്. സൂര്യൻ ഒരു സാത്വികനാണ്, എന്നാലും മുഖത്തും പെരുമാറ്റത്തിലും തുളുമ്പുന്ന രാജകീയതയും പ്രതാപവുമുണ്ട്. രാജലക്ഷണങ്ങൾ വാക്കിലും നോക്കിലും ഉണ്ട്. ഊക്കുള്ള വാക്ക്, മുഴങ്ങുന്ന ശബ്ദം, ഇരുത്തം വന്ന ശീലം, ഉറച്ച ഇഷ്ടാനിഷ്ടങ്ങൾ, സ്ഥായിയായ താല്പര്യങ്ങളുള്ളവൻ, എതിരാളികളെ നിഷ്പ്രഭമാക്കുന്ന തീക്ഷ്ണതയും ശൂരത്വവും എന്നിങ്ങനെയുള്ള സ്വഭാവ വിശേഷണങ്ങൾ, ദുഷ്ടചിന്തകൾ കടന്നു കയറുന്ന മനസ്സുള്ളവനാണെങ്കിലും പൊതുവെ വികസനത്തിന്റേയും മുന്നോട്ടു പോക്കിന്റേയും വക്താവാണ്. ആത്മധൈര്യവും ഹൃദയബലവും ശരീരക്ഷമതയും വേണ്ടുവോളമുണ്ട്. ഒരാളുടെ ഗ്രഹനിലയിൽ ബലവാനായ സൂര്യൻ ലഗ്നവുമായോ സാത്വിക ഭാവങ്ങളായ 4,5,9 എന്നിവയുമായോ ബന്ധപ്പെടുമ്പോൾ ഈ ലക്ഷണങ്ങൾ ജാതകനുണ്ടാകും.

ഇനിയും ജ്യോതിഷത്തിൽ സൂര്യന്റെ കാരകധർമ്മങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. സൂര്യന്റെ കാരകധർമ്മങ്ങൾ എന്നു പറഞ്ഞാൽ സൂര്യനാൽ പ്രതീകമാക്കപ്പെടുന്ന, വ്യക്തമാക്കിത്തരുന്ന, പ്രതിനിധീകരിക്കപ്പെടുന്ന, ധർമ്മങ്ങൾ എന്നു മനസ്സിലാക്കേണ്ടതാണ്. അതിലേയ്ക്കായി ഉത്തരകാലാമൃതത്തിലെ ശ്ലോകങ്ങൾ നോക്കാം.

ആത്മാശക്ത്യതിതീക്ഷ്ണ ദുർഗ്ഗബലാശ്ചോഷ്ണ
പ്രഭാ വാഗ്നയ:
ശൈവോപാസനധൈര്യ കണ്ടക തരൂ
രാജാശ്രയത്വം, കടു:
വൃദ്ധത്വം പശുദൗഷ്ട്യഭൂപിതൃരുചിജ്ഞാനോദയ
വ്യോമദൃക്
ഭീരുത്പന്ന മനുഷ്യ ലോക ചതുരശ്രാസ്ഥി
പ്രതാപാസ്തൃണം
കുക്ഷ്യൂത്സാഹവനായനാക്ഷി ഗിരിസഞ്ചാരശ്ച
തുഷ് പാത്ത്യപം
സഞ്ചാരോ വ്യവഹാര പിത്തതപനാവൃത്താകൃതിർ
നേത്രരുക്
ദേഹോ ദാരു മന:ശുചി:സകല ദേശാധീശത്വം ഹൃരുക്
സൗരാഷ്ട്രാധിപതിത്വ ഭൂഷണ ശിരോ
വ്യാധിശ്ച മുക്താ: ഖപ:
ഹ്രസ്വ:പൂർവ്വദിഗീശതാമ്രരുധിരേ രാജ്യം ചരക്ക:പട:
പാഷാന്നപ്രകട പ്രവർത്തന നദീതീര പ്രവാളാഭിധാ:
മദ്ധ്യാഹ്ന ബലത്വ പൂർവ്വ വദന:സ്യാദ്ദീർഘരോ
ഷോരിപു-
ഗ്രാഹ സാത്ത്വിക രക്തചന്ദന പരത്വസ്ഥൂലന്തൂരവേ:

ആത്മാവ്, ശരീരശക്തി, അതിതീക്ഷ്ണത, കോട്ട, ബലം, ഉഷ്ണം, സ്വാധീനത, അഗ്നി, ശിവപൂജാ, ധൈര്യം, മുള്ളുള്ള വൃക്ഷങ്ങൾ, രാജാശ്രയം, എരിവ്, വാർദ്ധക്യം, മൃഗങ്ങൾ, ദുഷ്ടത, ഭൂമി, അച്ഛൻ, സ്വാദ്, അറിവുനേടൽ, ആകാശത്തേക്ക് നോക്കൽ, ഭീരുത്വം, മനുഷ്യലോകം, ചതുരാകൃതി, എല്ലുകൾ, പരാക്രമം, പുല്ല്, ഉദരം, ഉത്സാഹശീലം, കാട്, അയ

നം, കണ്ണുകൾ, വനസഞ്ചാരം, നാൽക്കാലികൾ, യാത്ര, ചൂട്, വൃത്താകൃതി, നേത്രരോഗം, ദേഹം, മരം, മനശുദ്ധി, ദേശാധിപത്യം, രോഗം, അലങ്കാരം, ശിരോരോഗം, മുത്ത്, നക്ഷത്രം, ഹ്രസ്വത, കിഴക്കു ദിക്ക്, ചെമ്പ്, രക്തം, രാജ്യം, ചുവന്ന രത്നങ്ങൾ, കല്ല്, തുറന്ന പെരുമാറ്റം നദീതീരം, പവിഴം, മുഖം, പ്രതികാരബുദ്ധി, ശത്രുക്കളെ കീഴടക്കൽ, സാത്വിക ഗുണം, രക്തചന്ദനം മുതലായവയെല്ലാം സൂര്യന്റെ കാരക ധർമ്മങ്ങളിൽ പെടുന്നു.

തലവേദന, മറ്റു ശിരോരോഗങ്ങൾ, ജ്വരം, ദഹനക്കുറവ്, അതിസാരം, ശരീരവേദന, തളർച്ച, മോഹാലസ്യം, ചുമ, നെഞ്ചെരിച്ചിൽ, ഹൃദയരോഗം, പിത്തജന്യരോഗങ്ങൾ, അസ്ഥിതേയ്മാനം, നേത്രരോഗം, ഒടിവ്, ചതവ്, അർബുദം തുടങ്ങിയ രോഗങ്ങൾ സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. സൂര്യൻ രോഗസ്ഥാനവുമായി ബന്ധപ്പെടുക, മറ്റ് അനിഷ്ട ഭാവങ്ങളിൽ നില്ക്കുക, നീചം, ശത്രുക്ഷേത്രസ്ഥിതി, ശത്രുഗ്രഹങ്ങളുടെ യോഗദൃഷ്ട്യാദികൾ എന്നിവ സൂര്യനു വരിക എന്നിങ്ങനെ വരുമ്പോഴാണ് സൂര്യൻ രോഗദാതാവാകുന്നത്. പോരെങ്കിൽ ആ സൂര്യന്റെ ദശാപഹാരഛിദ്രാദികൾ ജാതകനും ലഭിക്കുകയും വേണം.

**ചന്ദ്രൻ**

ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണ്. അതിന്റെ വലിപ്പം ഭൂമിയുടെ അൻപതിലൊരു ഭാഗമേ ഉള്ളു. ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമായതുകൊണ്ടും വിശിഷ്യാസദാസമയവും ഭൂമിയെ ചുറ്റി പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടും ജാതക ഗണിതത്തിൽ സുപ്രധാനമായൊരു സ്ഥാനം ചന്ദ്രന് നീക്കി വെച്ചിരിക്കുന്നു. മറ്റെല്ലാ ഗ്രഹങ്ങളേയും അപേക്ഷിച്ച് ഭൂമിയും ചന്ദ്രനും തമ്മിലാണ് കൂടുതൽ അടുപ്പം. അവയുടെ അത്യാകർഷണം കൊണ്ട് ഭൂമിയിലുള്ള ജലവും വായുവും ചന്ദ്രനിലേയ്ക്ക് പിടിച്ചു വലിക്കപ്പെടുന്നു. ചന്ദ്രൻ സ്വയം പ്രകാശിതമല്ല. സൂര്യരശ്മികൾ തട്ടി പ്രതിഫലിക്കുമ്പോഴാണ് ചന്ദ്രൻ ഒരു പ്രഭാഗോളമായി പരിണമിക്കുന്നത്. ചന്ദ്രൻ ഭൂമിയെ ഒരു തവണ പ്രദക്ഷിണം ചെയ്യുന്നതിന് 27 ദിവസം 19 നാഴിക 18 വിനാഴിക സമയമെടുക്കും. ചന്ദ്രന് അതിന്റെ അച്ചുതണ്ടിൽ സ്വയം കറങ്ങി ഒരു ഭ്രമണം പൂർത്തീകരിക്കുവാൻ 29 ദിവസം 13 മണിക്കൂർ സമയം വേണം. ചന്ദ്രന്റെ ഒരു വശം മാത്രമെ എന്നും ഭൂമിക്ക് ദൃശ്യമാകുകയുള്ളു. അവിടെ തുടർച്ചയായി 14 3/4 ദിവസം പകലും 13 3/4 ദിവസം രാത്രിയുമാണ്. ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നതിനിടയിൽ രാശിമണ്ഡലത്തിലുള്ള 12 രാശികളേയും തരണം ചെയ്യുന്നു. അപ്പോൾ രണ്ടേകാൽ ദിവസം വീതം ഓരോ രാശിയിലും ചന്ദ്രൻ സ്ഥിതി ചെയ്യുന്നു. അതുകൊണ്ട് ആ രാശിയിലുള്ള രണ്ടേകാൽ നക്ഷത്രങ്ങളുമായി ചന്ദ്രൻ കൂറു പുലർത്തുന്നു. ചന്ദ്രൻ രണ്ടേകാൽ നക്ഷത്രങ്ങളുമായി കൂറു പുലർത്തി നില്ക്കുന്ന ചന്ദ്രസ്ഥിത രാശിക്ക് 'കൂറ്' എന്നാണ് ജ്യോത്സ്യന്മാർ പറയുന്നത്.

പാലാഴി മഥനത്തിൽ പല വിശിഷ്ട വസ്തുക്കളും സമുദ്രാന്തർഭാഗത്തു നിന്നും ഉയർന്നു വന്നു. അവയിലൊന്നാണ് ചന്ദ്രൻ എന്ന് ചന്ദ്രോല്പത്തിയെപ്പറ്റി പറയുന്നുണ്ട്. ബ്രഹ്മാവിന്റെ മാനസപുത്രനായ അത്രിക്കും അനുസൂയക്കും ത്രിമൂർത്തികളുടെ അനുഗ്രഹത്താൽ മൂന്നു പുത്രന്മാരുണ്ടായി. അതിൽ ബ്രഹ്മാവിന്റെ അംശമായി ജനിച്ചവനാണ് ചന്ദ്രൻ എന്നും മറ്റൊരു ചന്ദ്രോല്പത്തി കഥയുണ്ട്. ദേവഗുരുവായ ബൃഹസ്പതിയുടെ വീട്ടിൽ നിന്നാണ് ചന്ദ്രൻ വിദ്യാഭ്യാസം നടത്തിയത്. ദക്ഷപ്രജാപതിയുടെ 27 പെൺമക്കളേയും ചന്ദ്രൻ വിവാഹം കഴിച്ചു. അവർ 27 പേരുമാണ് ജ്യോതിഷത്തിൽ പ്രതിപാദിക്കപ്പെടുന്ന നക്ഷത്രങ്ങൾ ദക്ഷന്റെ ശാപം മൂലം നിസ്തേജനായിപോയ ചന്ദ്രന് ശിവൻ ശാപമോക്ഷം നൽകി മാസത്തിൽ പകുതി നാൾ മാത്രം നിസ്തേജനാകണമെന്നും (കറുത്ത പക്ഷം) ബാക്കി പകുതി നാളുകൾ വർദ്ധിത ബലവാനായിരിക്കണമെന്നും (വെളുത്തപക്ഷം) ഉള്ള തരത്തിൽ ശിവൻ ദക്ഷന്റെ ശാപത്തെ ലഘൂകരിച്ചു.

വട്ടത്തിലുള്ള ഉരുണ്ട ശരീരമാണ് ചന്ദ്രന്. കൈകാലുകൾ കൊഴുത്തുരുണ്ടിട്ടാണ്. വട്ടമുഖം, അധികം പൊക്കമില്ലാത്ത ശരീരം, മനോഹരമായ കണ്ണുകൾ, കറുത്ത ചുരുണ്ട മുടി, തൂവെള്ള നിറം. പെരുമാറ്റം സൗമ്യമധുരമാണ്. യുവത്വം തുളുമ്പുന്നതിനാൽ പെരുമാറ്റത്തിൽ പ്രസരിപ്പ് വ്യക്തമാണ്. വാതകഫ പ്രകൃതിയാണ്. നിത്യസഞ്ചാരിയാണ്, ഉറച്ച സ്വഭാവമില്ലാത്തവനാണ്. ത്രികാലങ്ങളേയും അറിയുന്നവനാണ്. ശുഭ്രവസ്ത്രധാരിയും രതിവിലാസങ്ങളിൽ താല്പര്യമുള്ളവനും, സാത്വികനുമാണ് ചന്ദ്രൻ. ഈ തരത്തിലുള്ള സ്വരൂപവും സ്വഭാവവും ജാതകത്തിൽ ബലവാനാണ് ചന്ദ്രനെങ്കിൽ ചന്ദ്രൻ ലഗ്നവുമായി ബന്ധപ്പെടുന്നുണ്ടെങ്കിൽ ജാതകന് ഭവയോഗ്യമാകും.

ചന്ദ്രന്റെ കാരകധർമ്മങ്ങൾ ഇനിയും പരിശോധിക്കാം.

ബുദ്ധി: പുഷ്പസുഗന്ധ ദുർഗ്ഗഗമന വ്യാധിദ്വിജാലസ്യക:
ശ്ലേഷ്മാവസ്മൃതിഗുല്മഭാവ ഹൃദയ സ്ത്രീസൗമ്യ പാപാല്പകാ:
നിദ്രാസൗഖ്യ ജലസ്വരൂപകരജത സ്ഥൂലേഷു ശീതജ്ജ്വര:

യാത്രാ കൂപതടാകമാതൃസമദൃങ്
മദ്ധ്യാഹ്നമുക്താക്ഷയാ:
ധാവള്യം കടിസൂത്ര കാംസ്യലവണ
ഹ്രസ്വാമന: ശക്തയോ
വാപീ വജ്ര ശരന്മുഹൂർത്തമുഖ കാന്തിശ്വേത
വർണ്ണാഭരാ:
ഗൗരീ ഭക്തി മധുപ്രസാദ പരിഹാസാ:
പുഷ്ടിഗോധുമകാ:
മോദാ:കാന്തിമുഖേ മനോജവ ദധീപ്രീതി തപസ്വീയശ:
ലാവണ്യം നിശീവീര്യ പശ്ചിമമുഖേ വിഷാര
കാര്യാപ്തയ:
പ്രത്യക് ദിങ്പ്രിയ മദ്ധ്യലോക നവരത്നാനീ
ഹമധ്യം വയ:
ജീവോ ഭോജന ദൂരദേശഗമനേ ലഗ്നം ച ദോർ
വ്യാധയ:
ഛത്രാദ്യഞ്ചിത രാജചിഹ്ന സുഫലേ സദ്രക്ത
ധാതുസ്തഥാ
മീനാദ്യാജലജാ:സരീസൃപ ദുകുലേ സദ്വികാസ
സ്ഫുരത്
ശുദ്ധസ്തത് സ്ഫടികാസ്തതോ മൃദുലകം വസ്ത്രം
ത്വമീസ്യമൂർപീധോ:

(ഉത്തരകാലാമൃതം-ജ്യോതിഷ ഗുരുനാഥൻ)

ബുദ്ധിശക്തി, പുഷ്പങ്ങൾ, സുഗന്ധ വസ്തുക്കൾ, രോഗങ്ങൾ, ബ്രാഹ്മണർ, അലസത, കഫപ്രകൃതം, അപസ്മാരം, ഗുല്മരോഗം, മാനസികാവസ്ഥ, ഹൃദയം, സ്ത്രീ, സൗമ്യത, പാപത, അമ്ലഗുണം, ഉറക്കം, സന്തോഷം, ദ്രാവകങ്ങൾ, വെള്ളി, വണ്ണം, കരിമ്പ്, ശീതജ്ജ്വരം, യാത്ര, കിണർ, ജലാശയം, മാതൃതുല്യർ, നോട്ടം, മദ്ധ്യാഹ്നം, മുത്ത്, ക്ഷയരോഗം, വെള്ള, അരഞ്ഞാണം, ഈയ്യം, ഉപ്പ്, പൊക്കക്കുറവ്, മന:ശക്തി, തടാകം, വസ്ത്രം, ശരത്ക്കാലം മൂഹൂർത്തനേരം, മുഖശോഭ, വെളുത്ത നിറം, വയറ്, തേൻ, പ്രസാദം, പോഷണം, ഗോതമ്പ്, സന്തോഷം, ശീഘ്രഗതി, തപസ്, കീർത്തി, സൗന്ദര്യം, പടിഞ്ഞാറു ദർശനം, പ്രേമം, കാര്യസിദ്ധി, മധ്യലോകം, നവരത്നങ്ങൾ, മധ്യവയസ്സ്, ജീവൻ, ഭക്ഷണം, ദൂരയാത്ര, ലഗ്നം, കൈകളെ ബാധിക്കുന്ന രോഗങ്ങൾ, പഴവർഗ്ഗങ്ങൾ, രക്തപുഷ്ടി, ഇഴജന്തുക്കൾ, പട്ടുവസ്ത്രങ്ങൾ, വികാസം, തിളക്കം മുതലായവ ചന്ദ്രന്റെ കാരക ധർമ്മങ്ങളിൽ പെടുന്നു.

പാണ്ഡുരോഗം, വിളർച്ച, ജലദോഷം, മഞ്ഞപ്പിത്തം, ആസ്മ, സ്ത്രീകൾ നിമിത്തമുള്ള ദുരിതങ്ങൾ, ദുർഗ്ഗ, ഭദ്രകാളി, യക്ഷി മുതലായ ദേവതമാരുടെ കോപം മൂലമുണ്ടാകുന്ന ഉപദ്രവങ്ങൾ തുടങ്ങിയവയും ചന്ദ്രൻ ജാതകത്തിൽ പിഴച്ചു നിന്നാലുള്ള ഫലങ്ങളാകുന്നു. കൂടാതെ ഉന്മാദം, വാതം, കഫം മുതാലായവ മൂലമുണ്ടാകുന്ന രോഗങ്ങൾ, അതിസാരം, ഛർദ്ദി, ക്ഷയം, പ്രമേഹം, മഹോദരം, നീര്, സന്നിപാതജ്വരം, മലേറിയ തുടങ്ങിയവയ്ക്കും ചന്ദ്രൻ കാരണക്കാരനാകുന്നു●


# മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext.32), 2369589**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**


## 4-ാം ശ്രാദ്ധദിനം

**02.02.2018**



**പി. എ. നാരായണപിള്ള**
**പേരേപറമ്പിൽ ഹൗസ്**
**വട്ടേക്കുന്നം, ഇടപ്പള്ളി നോർത്ത്.പി.ഒ**

# ദ്വൈതം

എ.ബി.സി.കയ്മൾ, ഫോൺ: 0484 2373293

കോളേജ് കാമ്പസ് ശബ്ദായമാനമായിരിക്കുകയാണ്. കലാലയ ലിറ്റററി ഡിബേറ്റിങ്ങ് സൊസൈറ്റിയുടെ സെക്രട്ടറി സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുപ്പ് നടക്കുകയാണ്. വാശിയേറിയ മത്സരമാണെന്ന് വ്യക്തം. സാഹിത്യസമിതിയുടെ സ്ഥാനാർത്ഥിയായി മത്സരിക്കുന്നത് വിദ്യാർത്ഥിനികളുടെ അനിഷേധ്യനേതൃസ്ഥാനം അലങ്കരിക്കുന്ന രഞ്ജിനി സുന്ദറാണ്. നഗരത്തിലെ പ്രസിദ്ധ ബിസിനസ്സുകാരനായ ശ്യംസുന്ദറിന്റെ ഏക മകൾ. ധാടിക്കും ധാർഷ്ട്യത്തിനും കുറവൊട്ടുമില്ല. എതിർ സ്ഥാനാർത്ഥി സീനിയർ ക്ലാസിലെ സോമനാഥൻ. രാജ്യത്തെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തെ അനുകരിച്ച് വോട്ടുപെട്ടികൾ വെച്ചിട്ടുണ്ട്. ബാലറ്റ് പേപ്പറിന് പകരം തുണ്ടുകടലാസ്സിൽ ഇഷ്ടപ്പെടുന്ന സ്ഥാനാർത്ഥിയുടെ പേരെഴുതി സ്വന്തം പേരും ക്ലാസ്സും എഴുതി പെട്ടിയിലിടാനാണ് നിർദ്ദേശം.

കോളേജ് ഓഡിറ്റോറിയത്തിലാണ് വോട്ടിങ്ങ് നടക്കുന്നത്. വരാന്തയിൽ കുട്ടികൾ കൂടി നിൽക്കുന്നുണ്ട്. രഞ്ജിനിക്ക് വിജയമാശംസിച്ചുകൊണ്ട് പെൺകുട്ടികൾ അവളുടെ ചുറ്റും കൂടിയിരിക്കുകയാണ്. എതിർസ്ഥാനാർത്ഥി സോമനാഥൻ ചില കൂട്ടുകാരുമായി വരുന്നതു കണ്ട് രഞ്ജിനിയുടെ വാലെന്ന് ഓമനപ്പേരുള്ള ശോഭനയുടെ ഒരു കുസൃതി ചോദ്യം.

'സോമൻ ആർക്കാണ് വോട്ട് ചെയ്യുന്നത്'

'രഞ്ജിനിക്ക്' സോമൻ പ്രത്യുത്തരം നൽകിയതുകേട്ട് രഞ്ജിനി നെറ്റിചുളിച്ചു.

'ഇയാളുടെ വോട്ടൊന്നും വേണ്ട എനിക്ക് ജയിക്കാൻ'

സോമൻ ചിരിച്ചുകൊണ്ട് കടന്നുപോയി.

ഉച്ചയ്ക്ക് ഒരു മണിയോടുകൂടി വോട്ടിങ്ങ് കഴിഞ്ഞു. പ്രിൻസിപ്പൽ നിർദ്ദേശിച്ച അദ്ധ്യാപകർ വോട്ടെണ്ണൽ തുടങ്ങി. അദ്ധ്യേതാക്കളെല്ലാം ആകാംക്ഷാഭരിതരായി നിന്നു. കുറേ കഴിഞ്ഞ് ഫലം പ്രഖ്യാപിച്ചു. രഞ്ജിനി സുന്ദർ ബഹുഭൂരിപക്ഷത്തോടെ ജയിച്ചിരിക്കുന്നു. പെൺകുട്ടികൾ ആർപ്പുവിളികളുമായി രഞ്ജിനിയെ പൊക്കിയെടുത്ത് കാമ്പസ്സിൽ നൃത്തമാടി. ഒരു പുഞ്ചിരിയോടെ സോമൻ ആ ആഹ്ലാദപ്രകടനം നോക്കി നിന്നു. കാമ്പസ്സിൽ എല്ലാവർക്കുമറിയാം രഞ്ജിനിക്ക് സോമനാഥനോടുള്ള എതിർപ്പും അനിഷ്ടവും. സോമൻ മലയാളം ബി.എ. അവസാന വർഷവിദ്യാർത്ഥിയും രഞ്ജിനി രണ്ടാംവർഷ ബി.എ.ഇംഗ്ലീഷ് വിദ്യാർത്ഥിനിയുമാണ്. അലസമായി ആർഭാടമില്ലാതെ വസ്ത്രധാരണം ചെയ്തു നടക്കുന്ന സോമനെ അവൾക്ക് പുച്ഛമാണ്. തരം കിട്ടുമ്പോഴെല്ലാം സോമനെ താഴ്ത്തി പറയാൻ അവൾ ശ്രമിക്കാറുമുണ്ട്. എന്തൊക്കെ കുത്തുവാക്കുകൾ പറഞ്ഞാലും സോമൻ വെറുതെ പുഞ്ചിരിക്കുകയേയുള്ളു എന്നതാണ് അവളെ കൂടുതൽ പ്രകോപിപ്പിക്കുന്നത്. കാമ്പസ്സിലുള്ളവർ ഇവരെ കീരിയും പാമ്പും എന്നാണ് വിളിക്കാറ്. രഞ്ജിനി കീരി, സോമൻ പാമ്പും. ഇവരുടെ ഉലസലിനുള്ള കാരണം രസാവഹമാണ്. കുറഞ്ഞകാലം കൊണ്ട് വളരെ പ്രശസ്തിയിലേയ്ക്കുയർന്ന കഥാകൃത്ത് ചേതേശ്വറിന്റെ വലിയ ആരാധികയാണ് രഞ്ജിനി. ആ സാഹിത്യകാരനെ നഖശിഖാന്തം വിമർശിക്കുന്നവനാണ് സോമൻ. കോളേജിൽ നടക്കുന്ന എല്ലാ സാഹിത്യചർച്ചകളിലും ഇവർ ഏറ്റുമുട്ടാറുണ്ട്.

പുതിയ ഡിബേറ്റിങ്ങ് സൊസൈറ്റിയുടെ പ്രഥമ യോഗം സമാഗതമായി. ചേതേശ്വറിന്റെ 'അശ്വത്ഥം' എന്ന കഥാസമാഹാരത്തെ കുറിച്ചുള്ള ചർച്ചയാണ് പ്രമേയ വിഷയം. പ്രമേയം അവതരിപ്പിക്കുന്നത് രഞ്ജിനി. എതിർഭാഗത്ത് മുഖ്യപ്രാസംഗികനായി സോമനാഥനും. ചേതേശ്വറിന്റെ കഥാപ്രപഞ്ചത്തെ പ്രകീർത്തിച്ച് രഞ്ജിനി വാചാലമായി പ്രമേയം അവതരിപ്പിച്ചു. ഏതാനും വിദ്യാർത്ഥികളും, വിദ്യാർത്ഥിനികളും പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു. തന്റെ ഖണ്ഡനാപരമായ പ്രസംഗത്തിനായി സോമനാഥൻ എഴുന്നേറ്റപ്പോൾ തന്നെ രഞ്ജിനീപാർശ്വർത്തികൾ പലരും കൂകി വിളിച്ചു. 'കീരി ഇന്ന് പാമ്പിനെ കൊല്ലും' എന്നൊക്കെ വിളിച്ചു പറയാൻ തുടങ്ങി. സോമനാഥൻ അക്ഷോഭ്യനായി ഒരു നിമിഷം നിന്നു. സദസ്സിനു നേരെ കൈകൂപ്പി. അശ്വത്ഥം എന്ന കഥാസമാഹാരത്തിലെ ഓരോ കഥയേയും പരാമർശിച്ചു സോമൻ രൂക്ഷമായി വിമർശിച്ചു. അതിഭാവുകത്വമാണു കഥാകാരന്റെ ഏറ്റവും വലിയ പോരായ്മയെന്നും പലപ്പോഴും വിചാരധാരയുടെ ഒഴുക്ക് നഷ്ടപ്പെടുന്നുവെന്നും സോമൻ സമർത്ഥി

ച്ചു. പ്രമേയം വോട്ടിനിട്ടു. രഞ്ജിനീപക്ഷം ഭൂരിപക്ഷത്തോടെ വിജയിച്ചു.

കോളേജ് കാമ്പസ്സിൽ കൂറ്റൻ വൃക്ഷങ്ങളുണ്ട്. ചില വൃക്ഷങ്ങളുടെ ചുറ്റും തറ കെട്ടിയിട്ടുണ്ട്. പല കൗമാരപ്രേമബന്ധങ്ങൾക്കും വിത്തുപാകിയത് ഈ തറകളിൽ വെച്ചാണ്. ഉച്ചഭക്ഷണസമയത്ത് കുട്ടികളുടെ പ്രിയപ്പെട്ട വിശ്രമസ്ഥലമാണത്. ഒരു തറയിൽ രഞ്ജിനിയും കൂട്ടുകാരികളും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ശോഭന വന്നു പറഞ്ഞു. 'രഞ്ജിനിക്ക് നോട്ടീസ് ബോർഡിൽ ഒരു കത്തു കിടപ്പുണ്ട്, ആരെങ്കിലും ചൂണ്ടുന്നതിന് മുമ്പ് വേഗം പോയി എടുത്തോ'

'എനിക്ക് ആരിൽ നിന്നും കത്തു വരാറില്ലല്ലോ, ആരാണപ്പാ!'

രഞ്ജിനി പോയി കത്തെടുത്തു. വരാന്തയിൽ ഒരു ഭാഗത്ത് ഒഴിഞ്ഞ് നിന്ന് കവർ പൊട്ടിച്ചു. ഒരു ചെറിയ കഷ്ണം കടലാസുമാത്രമാണ് അതിലുണ്ടായിരുന്നത്. അതിൽ മൂന്നേ മൂന്ന് വാക്കുകൾ മാത്രം.

'സ്നേഹമാണ്

സ്നേഹമുണ്ടോ?'

– പാമ്പ്

രഞ്ജിനി കോപം കൊണ്ട് തുള്ളി. കത്ത് ശോഭനയേയും കാണിച്ചു.

'നാണം കെട്ടവൻ! പ്രേമിക്കാൻ വന്നിരിക്കുന്നു. നീയും വാ. രണ്ട് വാക്ക് പറഞ്ഞിട്ടു തന്നെ കാര്യം' ലൈബ്രറിയിൽ സോമൻ ഒറ്റക്കിരുന്ന് വായിക്കുന്നത് അവർ കണ്ടു. കത്തെഴുതിയ കടലാസ് വലിച്ചു കീറി സോമന്റെ മുഖത്തേക്കെറിഞ്ഞ് അവൾ ആക്രോശിച്ചു.

'തനിക്ക് പ്രേമത്തിന്റെ അസുഖമുണ്ടെങ്കിൽ നല്ല മനോരോഗവിദഗ്ധനെ കാണ്' സോമൻ പുഞ്ചിരിച്ചുകൊണ്ട് കടലാസുകഷണങ്ങൾ പെറുക്കിയെടുത്ത് മാറോട് ചേർത്തു.

'രഞ്ജിനിയിടെ കരസ്പർശമേറ്റ ഈ കടലാസു കഷണങ്ങൾ എനിക്ക് പുണ്യവസ്തുക്കളാണ്'

'ചെകിട്ടത്ത് എന്റെ കരസ്പർശം തരാനാണ് എനിക്ക് തോന്നുന്നത്. തനിക്ക് വട്ടാണ്'

രഞ്ജിനിയും കൂട്ടുകാരിയും സ്ഥലം വിട്ടു. സോമൻ പുഞ്ചിരിച്ചുകൊണ്ടേയിരുന്നു.

വർഷാവസാന പരീക്ഷാദിനങ്ങൾ അടുത്തുവരികയാണ്. വീട്ടിൽ ഒരു ദിവസം രാവിലെ രഞ്ജിനി അപ്പോൾ വന്ന ദിനപത്രം വായിക്കാനെടുത്തു. ഒന്നാം പേജിലെ തലക്കെട്ടു വാർത്ത കണ്ട് അവൾ തുള്ളിച്ചാടി. പ്രതിഭാധനനായ യുവസാഹിത്യകാരൻ ചേതേശ്വറിന്റെ അശ്വത്ഥം എന്ന കഥാ സമാഹാരത്തിന് സാഹിത്യ അക്കാദമിയുടെ ശ്രേഷ്ഠ പുരസ്കാരം എന്നായിരുന്നു വാർത്ത. അടുത്തമാസം എറണാകുളം മഹാരാജാസ് കോളേജിൽ വെച്ച്. പിന്നീട് അറിയിക്കുന്ന തീയതിയിൽ പുരസ്കാര ദാനം നടത്തുമെന്നും.

അന്നു കോളേജിൽ രഞ്ജിനിക്കും കൂട്ടർക്കും ഉത്സവം തന്നെയായിരുന്നു. ഡിബേറ്റിങ്ങ് സൊസൈറ്റിയുടെ സെക്രട്ടറി എന്ന നിലയ്ക്ക് പ്രിൻസിപ്പൽ രഞ്ജിനിയെ വിളിപ്പിച്ചു.

'നമ്മുടെ കോളേജിന് വലിയ ബഹുമാനമാണ് വന്നുചേർന്നിരിക്കുന്നത്. ഡിബേറ്റിങ്ങ് സൊസൈറ്റിയുടെ ഒരു പ്രത്യേകയോഗം വിളിച്ചു കൂട്ടി അതിൽവെച്ചാകട്ടെ പുരസ്കാരദാനം'

സന്തോഷാധിക്യംമൂലം രഞ്ജിനിക്ക് വാക്കുകൾ പുറത്തുവന്നില്ല. തലയാട്ടി സമ്മതമറിയിച്ചുകൊണ്ട് അവൾ പുറത്തുകടന്നു.

പ്രിൻസിപ്പലിനെ കാണാൻ സോമനാഥൻ വരുന്നുണ്ടായിരുന്നു. സോമനെ കൊച്ചാക്കാൻ മറ്റൊരവസരമായി രഞ്ജിനിക്ക്.

'സാരമില്ല സോമാ....സഹിക്കാൻ ശ്രമിക്കൂ. തന്നെക്കാൾ കഴിവുള്ളവരെ വിമർശിക്കുമ്പോൾ തനിക്കതിന് യോഗ്യതയുണ്ടോയെന്നു കൂടി ചിന്തിക്കണം. പത്രവാർത്ത വായിച്ചിരിക്കുമല്ലോ'

സോമൻ ഉത്സാഹത്തോടെ പറഞ്ഞു.

'വായിച്ചു. വായിച്ചു. സാഹിത്യ അക്കാദമിക്കാർ ഇത്ര ബുദ്ധിശൂന്യരോ? ഇയാൾ പൈസ കൊടുത്തു സ്വാധീനിച്ചതാവും. അല്ലെങ്കിൽ പുറംവാതിൽ പ്രക്രിയയിലൂടെ നേടിയതായിരിക്കും.'

'അസൂയക്ക് മരുന്നു കണ്ടുപിടിച്ചുരുന്നെങ്കിൽ താങ്കളുടെ അസുഖം മാറിയേനെ...'

അതുകേട്ട് പുഞ്ചിരിച്ചുകൊണ്ട് സോമൻ പ്രിൻസിപ്പലിന്റെ മുറിയിലേക്ക് കയറി.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ പ്രിൻസിപ്പലിന് അക്കാദമിയുടെ അറിയിപ്പു വന്നു. അടുത്ത മാസം പൗർണ്ണമി ദിവസം രാവിലെ 10 മണിക്ക് ചടങ്ങുകൾ നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ. കാമ്പസ്സിലെ എല്ലാവരും കർമ്മോത്സുകരായി.

അവാർഡ് ദിനം പിറന്നു. കോളേജ് കാമ്പസ് തോരണങ്ങൾ കൊണ്ട് അലങ്കരിച്ചു. ഓഡിറ്റോറിയവും വേണ്ടവിധം സജ്ജമാക്കി. രഞ്ജിനി എല്ലായിടത്തും ഓടിനടന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സോമനാഥനെ കാണാനേ ഉണ്ടായിരുന്നില്ല.

ചടങ്ങുകൾ ബഹിഷ്കരിക്കുകയായിരിക്കും, അരസികൻ. രഞ്ജിനി മനസ്സിലോർത്തു. രാവിലെ ഒമ്പതു മണിയായപ്പോഴേക്കും ഓഡിറ്റോറിയം ഏതാണ്ടു നിറഞ്ഞു. അദ്ധ്യാപകരും അധ്യേതാക്കളും പൊതുപ്രവർത്തകരും പത്രപ്രതിനിധികളും സന്നിഹിതരായി ക്ഷമയോടെ കാത്തിരുന്നു. കുശലപ്രശ്നങ്ങളുടെ അസ്പഷ്ടമർമ്മര ശബ്ദം ഉയർന്നുകൊണ്ടിരുന്നു.

സമയമായി. അതാ പ്രിൻസിപ്പൽ വിശിഷ്ടാതിഥികളേയും സ്വീകരിച്ചുകൊണ്ടുവരുന്നു. കൂടെ അഞ്ചാറുപേരുണ്ട്. അതിലാരാണാവോ ചേതേശ്വർ! രഞ്ജിനിയുടെ ജിജ്ഞാസ ഉച്ചകോടിയിലെത്തി. വേദിയിലേക്ക് നടന്നടുത്തുകൊണ്ടിരുന്ന അതിഥികളെ സൂക്ഷ്മാവലോകനം ചെയ്തു. ഏറ്റവും പുറകിൽ വേറൊരാളോട് സംസാരിച്ചുകൊണ്ടു നടന്നുവന്ന സോമനെ കണ്ട് രഞ്ജിനി ഞെട്ടി. ങേ,, ഇയാൾക്ക് ഇവിടെ എന്തുകാര്യം? ചേതേശ്വറിന്റെ കടുത്ത വിമർശകനായ ഇയാൾ മതം മാറിയോ, ആരാധകനായി മാറിയോ?

അതിഥികൾ വേദിയിലേക്ക് കയറാനാരംഭിച്ചു. സോമനും വേദിയിലേക്കി കയറാൻ ഒരുങ്ങുന്നതു കണ്ടപ്പോൾ രഞ്ജിനിക്ക് സഹിച്ചില്ല. അവൾ മുന്നോട്ട് ചെന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. 'സോമനാഥൻ വേദിയിൽ കയറാൻ പാടില്ല. ചേതോശ്വറിന്റെ കടുത്ത വിമർശകൻ അദ്ദേഹത്തെ ആദരിക്കുന്ന ഈ ചടങ്ങിൽ വേദിയിലിരിക്കുന്നത് അനുചിതമാണ്.' രഞ്ജിനിയുടെ ആവേശം കണ്ട് പ്രിൻസിപ്പലും മറ്റി അതിഥികളും ചിരിച്ചു. സോമൻ രഞ്ജിനിയെ സമീപിച്ചു പറഞ്ഞു. 'പ്രിൻസിപ്പൽ പറഞ്ഞിട്ടാണ്. അതിഥികൾക്ക് വെള്ളമോ മറ്റോ കൊടുക്കാൻ വേണ്ടിവന്നാൽ അതിനു എന്നെ ചുമതലപ്പെടുത്തിയതാണ്. ഞാൻ പുറകിലെവിടെയെങ്കിലും ഒതുങ്ങിയിരുന്നുകൊള്ളാം'. രഞ്ജിനി പിന്നെ പ്രതിഷേധിച്ചില്ല. എന്നാലും സെക്രട്ടറിയായ തന്നോട് പറയാതെ ആ ചുമതല പ്രിൻസിപ്പൽ സോമനാഥനെ ഏൽപ്പിച്ചതിൽ അവൾക്ക് കുണ്ഠിതം തോന്നി. പ്രിൻസിപ്പൽ അദ്ധ്യക്ഷനായി. അദ്ദേഹത്തിന്റെ വലത്തുവശത്ത് അക്കാഡമി ചെയർമാനും, ഇടതുവശം കോർപ്പറേഷൻ മെമ്പറും ഇരുപ്പുറപ്പിച്ചു. ബാക്കി ഇരിക്കുന്നവരിൽ ആരായിരിക്കും ചേതേശ്വർ! രഞ്ജിനിയുടെ ജിജ്ഞാസ പരമകാഷ്ഠയിലെത്തി.

അദ്ധ്യക്ഷപ്രസംഗത്തിൽ പ്രിൻസിപ്പൽ കോളേജിന് കൈവന്ന മഹാഭാഗ്യത്തെ പ്രകീർത്തിച്ചു. ചെയർമാൻ അടക്കമുള്ള അതിഥികളെ സദസ്സിനു പരിചയപ്പെടുത്തി. സോമനാഥനെ എല്ലാവരും അറിയുന്നതുകൊണ്ട് പ്രത്യേകം പരിചയപ്പെടുത്തേണ്ട കാര്യമില്ലല്ലോ എന്നും പറഞ്ഞു. അവാർഡ് ദാനത്തിനായി സാഹിത്യ അക്കാഡമി ചെയർമാനെ ക്ഷണിച്ചു. പുരസ്കാരശില്പവുമായി ചെയർമാൻ എഴുന്നേറ്റ് സദസ്യരെ അത്ഭുതപ്പെടുത്തികൊണ്ട് സോമനാഥനെ സമീപിച്ചു. ശില്പം അദ്ദേഹത്തിന് സമർപ്പിച്ചു. സദസ്സ് ആകമാനം ഒരു നിമിഷത്തേക്ക് നിശബ്ദമായി. ഉടനെതന്നെ ഹർഷാരവങ്ങളും കരഘോഷങ്ങളും കൊണ്ട് സദസ്സ് ഇളകിമറിഞ്ഞു. പ്രിൻസിപ്പലും മറ്റ് അതിഥികളും പ്രത്യേകം പ്രത്യേകം സോമനാഥനെ അഭിനന്ദിച്ചു സംസാരിച്ചു.

രഞ്ജിനിക്ക് തന്റെ കണ്ണുകളെയും ചെവികളേയും വിശ്വസിക്കാനായില്ല. സ്വപ്നം കാണുന്നപോലെ അവൾ ഇരുന്നു. വേദിയിൽ നടന്ന പ്രസംഗങ്ങളൊന്നും അവൾ കേൾക്കുകയുണ്ടായില്ല. അത്രയ്ക്ക് വലിയ മാനസിക സംഘർഷത്തിൽ അവൾ ആണ്ടുപോയി. താനെന്നും നിന്ദിക്കുകയും വെറുക്കുകയും ചെയ്തിരുന്ന സോമനാഥനാണ് ചേതേശ്വറെന്ന സത്യം ഉൾക്കൊള്ളാൻ അവൾ വിഷമിച്ചു. ഒപ്പം ഉയർന്നു വന്ന കുറ്റബോധവും പശ്ചാത്താപവും അവളെ നിസ്തേജയാക്കി.

ചടങ്ങുകൾ അവസാനിച്ചു സദസ്യർ പിരിയാൻ തുടങ്ങി. പരിസരം മറന്നു ഏതോ മയക്കത്തിൽ വീണപോലെ രഞ്ജിനി തളർന്നിരുന്നിടത്തേക്ക് സോമനാഥൻ നടന്നടുത്തു.

'സാരമില്ല രഞ്ജിനി...സഹിക്കാൻ ശ്രമിക്കൂ. മറ്റുള്ളവരിൽ ദോഷം ആരോപിക്കുമ്പോൾ തനിക്കതിന് യോഗ്യതയുണ്ടോയെന്നു കൂടി ചിന്തിക്കണം. സമാധാനപ്പെട്ട് പോയി വിശ്രമിക്കൂ....'

എല്ലാ നിയന്ത്രണവും വിട്ട് രഞ്ജിനി പൊട്ടിക്കരഞ്ഞു. വിതുമ്പികൊണ്ട് പറഞ്ഞു. 'മാപ്പ്.....മാ ...പ്പ്...'വികാരാധിക്യം മൂലം കൂടുതലൊന്നും പറയാൻ അവൾക്ക് കഴിഞ്ഞില്ല.

വർഷാവസാനപരീക്ഷകളെല്ലാം കഴിഞ്ഞു. രണ്ടുപേരും ജയിച്ചാൽ രഞ്ജിനി സീനിയർ ക്ലാസിലേക്കും സോമനാഥൻ അവിടെ വിദ്യാഭ്യാസം പൂർത്തിയാക്കി ഉപരിപഠനത്തിനോ ജോലി തേടിയോ പോകും. രഞ്ജിനിക്ക് ആധിയായി. അതിക്രമിച്ച് തന്റെ ഹൃദയത്തിലേക്ക് അവിചാരിതമായി കടന്നുവന്ന സോമനാഥനെ ഇറക്കിവിടുവാൻ അവൾക്ക് കഴിഞ്ഞില്ല.

സോമന്റെ ഭാവിജീവിത സഖിയായി അവൾ സ്വയം അവരോധിച്ചു. തന്നോട് പ്രേമാഭ്യർത്ഥന നടത്തിയ അദ്ദേഹം തന്നെ അവഗണിക്കുകയില്ലെന്നു തന്നെ അവൾ തീർച്ചപ്പെടുത്തി.

കോളേജിൽ അവസാന പരീക്ഷ കഴിഞ്ഞാൽ

അദ്ധ്യാപകരും അദ്ധ്യേതാക്കളും ഒരുമിച്ചുള്ള സോഷ്യൽ ഗാതറിങ്ങ് പതിവാണ്. അതോടനുബന്ധിച്ചുള്ള ചായസൽക്കാരം നടക്കുകയാണ്. ചായ കുടിച്ചുകൊണ്ടു നിന്ന സോമനാഥനെ സമീപിച്ച് ശോഭന പറഞ്ഞു.

'സോമനെ അത്യാവശ്യമായി കാണണമെന്ന് പറഞ്ഞ് രഞ്ജിനി വാതിൽക്കൽ നിൽപ്പുണ്ട്. ഒന്നു ചെല്ല്...'

ഇനിയും വാക്പ്രഹരം തരാനാണോ, സോമൻ സ്വയം പറഞ്ഞു.

നമ്രമുഖിയായി നിൽക്കുന്ന രഞ്ജിനിയെ സമീപിച്ചു സോമൻ പുഞ്ചിരിച്ചുകൊണ്ട്,

'എന്താണെടോ അത്യാവശ്യകാര്യം'

'അന്നു ഞാൻ കീറിയെറിഞ്ഞ കടലാസ്സുകഷണങ്ങൾ സൂക്ഷിച്ചുവെച്ചിട്ടുണ്ടെങ്കിൽ എനിക്ക് തിരിച്ചു തരൂ.. അതിലെ രണ്ടാമത്തെ വാക്കിന്റെ ഉത്തരം ഒന്നാമത്തെ വാക്കു തന്നെയാണെന്ന് എനിയ്ക്ക് ബോധ്യമായി. അതിനു മറുപടി തരാൻ അവസരം തരൂ...'

സോമന്റെ മുഖത്തെ പുഞ്ചിരി മാഞ്ഞു. ഗൗരവഭാവം പകർന്നു.

'ആ കടലാസു കഷണങ്ങൾ ഗത്യന്തരമില്ലാതെ ഞാൻ കാറ്റിൽ പറത്തി. കുട്ടി ഇപ്പോൾ എന്നെ സ്നേഹിക്കുന്നുവെന്ന് പറയാനാണോ ഉദ്ദേശിക്കുന്നത്?'

'അതേ..ഇപ്പോൾ എന്റെ കൺഫ്യൂഷൻ മാറികിട്ടി. ചേതേശ്വറിലൂടെ ഞാൻ സോമനെ തന്നെയാണ് സ്നേഹിച്ചത്. എന്റെ മനസ്സിന്റെ അപക്വതമൂലം ആ സത്യം ബോധ്യപ്പെടാൻ വൈകിയെന്ന് മാത്രം...'

സോമന്റെ മനസ്സ് അസ്വസ്ഥമായി.

'അങ്ങനെ പറയാൻ വരട്ടെ രഞ്ജിനീ...ആ എഴുത്തിനെക്കുറിച്ചുള്ള പരമാർത്ഥം കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. രഞ്ജിനിക്ക് കിട്ടിയ എഴുത്ത് ഞാനെഴുതിയതല്ലാ. കുട്ടിക്ക് എന്നോടുള്ള വിരോധം അറിയുന്ന എന്റെ സഹപാഠികളിൽ ആരുടെയെങ്കിലും കുസൃതിയായിരിക്കണം..'

രഞ്ജിനി സ്തബ്ധയായി.

'സോമൻ സത്യമാണോ പറയുന്നത്? എങ്കിൽ ഞാനെത്ര നികൃഷ്ടമായ രീതിയിലാണ് സോമനോട് പ്രതികരിച്ചത്!'

'രഞ്ജിനി അതോർത്ത് വിഷമിക്കേണ്ട. എന്റെ പ്രതികരണം എന്തായിരുന്നുവെന്ന് കുട്ടി കണ്ടതല്ലേ?സത്യം മനസ്സിലാക്കാതെയാണ് കുട്ടിയെന്നോട് പെരുമാറിയതെന്ന് എനിക്ക് അറിയാമായിരുന്നല്ലോ. രഞ്ജിനിയുടെ രൗദ്രഭാവം കാണാനുള്ള കൗതുകം കൊണ്ട് ഞാനന്ന് പരമാർത്ഥം പറയാഞ്ഞതാണ്'

'എന്റെ എടുത്തു ചാട്ടത്തിൽ ഞാൻ പശ്ചാത്തപിക്കുന്നു. അതു പോകട്ടെ.ചേതേശ്വറിലൂടെ ഞാൻ സോമനെ തന്നെയാണ് സ്നേഹിച്ചതെന്നു എനിയ്ക്ക് ബോധ്യമുണ്ട്'

'അത് മിഥ്യാബോധമാണ് കുട്ടി. എന്നെയല്ലാ, ചേതേശ്വറിനെ സ്നേഹമെന്ന് തെറ്റിദ്ധരിച്ച ആരാധനയോടെ കാണുകയായിരുന്നു'

'ആരാധനയെന്ന് പറയുന്നത് ആദരപൂർവ്വമായ സ്നേഹം തന്നെയല്ലേ. ഈശ്വരാരാധന ഈശ്വരനോടുള്ള പ്രേമം എന്നല്ലേ മഹത്തുക്കൾ പറയുന്നത്? ചേതേശ്വറിനോടുള്ള ആരാധനയിലൂടെ ഞാൻ വ്യക്തിഭാവം തിരിച്ചറിയാതെ സോമനെ തന്നെയല്ലെ സ്നേഹിച്ചത്'

'അങ്ങനെ ആകണമെന്നില്ലല്ലോ. ചേതേശ്വറെന്ന പേർ ഒരു തൂലികാ നാമം മാത്രമാണെന്നും, യഥാർത്ഥനാമം സോമനാഥനാണെന്നും കുട്ടി അറിഞ്ഞിരുന്നില്ലല്ലോ. അരൂപിയായ താൻ ആരാധിക്കുന്ന വ്യക്തിക്ക് ഒരു രൂപൈക്യം സങ്കൽപ്പിക്കാൻ രഞ്ജിനിയുടെ മനസ്സ് ശ്രമിച്ചു കാണും. ആ രൂപത്തിനു താൻ വെറുത്തിരുന്ന സോമനാഥന്റെ ആകാരം ഒരിക്കലും വരുമായിരുന്നില്ലല്ലോ. ചേതേശ്വർ ഇല്ലായിരുന്നെങ്കിൽ സോമനാഥൻ എന്നും അഹിതപാത്രമായ് തന്നെ കഴിഞ്ഞേനെ. നിഷേധിക്കാൻ പറ്റുമോ'രഞ്ജിനിക്ക് മറുപടി ഉണ്ടായിരുന്നില്ല.

സോമനാഥൻ തുടർന്നു.

'മാത്രമല്ല ചേതേശ്വറിന്റെ സാഹിത്യപരമായ കഴിവും പ്രശസ്തിയും ഭാവിയിൽ നഷ്ടപ്പെടാൻ ഇടവന്നാൽ രഞ്ജിനിയുടെ സ്നേഹമെന്നു തോന്നുന്ന ആരാധനയും അസ്തമിക്കില്ലേ? അപ്പോൾ ഈ സോമനാഥന്റെ സ്ഥാനം എന്തായിരിക്കും? രണ്ടുപേരുടേയും ജീവിതം തന്നെ അവതാളത്തിലാകില്ലേ? ചിന്തിച്ചുനോക്കൂ'

രഞ്ജിനി മറുപടി പറയാൻ കഴിയാതെ കുഴങ്ങി.

'ചേതേശ്വറേയും സോമനാഥനെയും ഇതേവരെ ദ്വൈതഭാവത്തിൽ കണ്ട രഞ്ജിനി ഇപ്പോളവരെ അദ്വൈതഭാവത്തിൽ കാണാൻ വൃഥാ ശ്രമിക്കുകയാണ്. അങ്ങിനെ ശ്രമിക്കുന്നതു തന്നെ ഒരുതരം ആത്മവഞ്ചനയല്ലേ? ചേതേശ്വറോടുള്ള ആരാധന അങ്ങിനെ തന്നെ ഇരുന്നോട്ടെ. സോമനാഥനെ മറന്നുകളയൂ.. മനസ്സിനെ സ്വതന്ത്രമാക്കൂ.. കുട്ടിക്ക് നന്മ നേരുന്നു...'

സോമനാഥൻ നടന്നകന്നു. പുറത്ത് അപ്പോൾ സന്ധ്യ മയങ്ങാൻ തുടങ്ങിയിരുന്നു●

# സൗരയൂഥത്തിന്റെ അതിർത്തിയിൽ

സി.രാമചന്ദ്രൻ

ഇപ്പോൾ നാം നിൽക്കുന്നത് സൗരയൂഥത്തിന്റെ അതിർത്തിയിലെ വെളിമ്പ്രദേശമായ കുയിപ്പർബെൽറ്റ് മേഖലയിലാണ്. സൂര്യനിൽ നിന്നും അഞ്ഞൂറു കോടിയും ആയിരം കോടിയും കിലോമീറ്ററുകൾക്കിടയിൽ ഇതു പരന്നു കിടക്കുന്നു. വല്ലപ്പോഴും വരുന്ന വാൽ നക്ഷത്രങ്ങളുടെ പ്രഭവസ്ഥാനം ഇതാണ്. കുള്ളൻ ഗ്രഹങ്ങളുടെ (Dwarf Plannets) വാസസ്ഥാനവും ഇവിടെത്തന്നെയാണ്. സൂര്യവെളിച്ചം മങ്ങി മങ്ങി ഇല്ലാതാകുന്ന അവസ്ഥയിൽ അന്ധകാരവും സൂര്യതാപം കുറഞ്ഞു കുറഞ്ഞ് ഇല്ലാതാകുന്ന അവസ്ഥയിൽ അതിശൈത്യവും ഈ വലയമേഖലയുടെ പ്രത്യേകതയാണ്. മൂകമായ ഈ അന്തരീക്ഷത്തിൽ ഭീമാകാരങ്ങളായ ഹിമശിലകൾ സൂര്യനെ മെല്ലെ മെല്ലെ വലംവച്ചുകൊണ്ടിരിക്കുന്നു മറ്റു ഗ്രഹങ്ങൾ സൂര്യനെ വലംവയ്ക്കുന്ന അതേ തലം തന്നെയാണിത്. 1949ൽ കെന്നത്ത് എഡ്വർട് എന്ന ശാസ്ത്രജ്ഞനും 1951ൽ ജെറാൾഡ് കുയിപ്പർ എന്ന ശാസ്ത്രജ്ഞനും സ്വതന്ത്രമായിട്ടാണ് ഇതു കണ്ടു പിടിച്ചത്. അതുകൊണ്ട് മുഴുവനായി പറയുമ്പോൾ എഡ്വർട് കുയിപ്പർ വലയം എന്നാണ്. അതു ലോപിച്ച് എളുപ്പത്തിന് കുയിപ്പർ വലയമായി. ആദിമസൗര നെബുലയിൽ നിന്ന് സൂര്യനും ഗ്രഹങ്ങളും ഉരുത്തിരിഞ്ഞുണ്ടായതിനുശേഷം അന്യോന്യം യോജിച്ച് ഗ്രഹമാകാൻ കഴിയാതെ വന്ന പദാർത്ഥങ്ങളാണിവ. ട്രാൻസ് നെപ്ട്യൂണിയൻ വസ്തുക്കൾ എന്നാണിവ അറിയപ്പെടുന്നത്. വഴി തെറ്റി വരുന്നവയെയാണ് ധൂമകേതുക്കളായി നാം കാണുന്നത്. ഈ പ്രദേശത്തു നിന്നും നെപ്റ്റ്യൂൺ പല വസ്തുക്കളെയും ആകർഷിച്ചെടുത്ത് ഉപഗ്രഹങ്ങളാക്കി മാറ്റിയിട്ടുണ്ട്.

സൗരയുഥ പഠന ശാസ്ത്രത്തിന് അടിത്തറയിട്ട ശാസ്ത്രജ്ഞരുടെ കൂട്ടത്തിൽ ഉന്നതമായ സ്ഥാനമുള്ള ഒരാളായിരുന്നു ജെറാൾഡ് കുയിപ്പർ. പ്ലൂട്ടോയ്ക്കപ്പുറമുള്ള ഹിമഗോളങ്ങളെക്കുറിച്ചുള്ള പരികല്പനയിലൂടെയാണദ്ദേഹം ശ്രദ്ധേയനായത്. നെതർലന്റിൽ ജനിച്ച അദ്ദേഹം അമേരിക്കൻ പൗരത്വം നേടി ഷിക്കാഗോയിലെ യേർക്സ് ഒബ്സർവേറ്ററിയിൽ പ്രവർത്തിച്ചു. രണ്ടാംലോകമഹായുദ്ധകാലത്ത് അദ്ദേഹം അമേരിക്കൻ പ്രതിരോധ വകുപ്പിൽ ചേർന്നു. അവിടെ പ്രവർത്തിക്കവെയാണ് അദ്ദേഹം ശനിയുടെ ഉപഗ്രഹമായ ടൈറ്റന് അന്തരീക്ഷമുണ്ടെന്നും കണ്ടു പിടിച്ചത്. പിന്നീട് നാസയുടെ ചാന്ദ്രാ പദ്ധതികളിൽ (അപ്പോളോ) അദ്ദേഹം പങ്കെടുത്തു. ലോകത്ത് ടെലസ്ക്കോപ്പ് സ്ഥാപിക്കുവാൻ ഏറ്റവും പറ്റിയ സ്ഥലം ഹവായ് ദ്വീപിലെ മൗനാകീയായി തിരഞ്ഞെടുത്തത് അദ്ദേഹമാണ്. നാലു വാല്യങ്ങളിലായി രചിച്ച സൗരയുഥം എന്ന ഗ്രന്ഥം ആധികാരികമായ ഒന്നാണ്.

കുയിപ്പർ വലയത്തിനപ്പുറം സൂര്യനിൽ നിന്ന് ഏകദേശം ഒരു പ്രകാശവർഷം വരെ (പ്രകാശം ഒരു വർഷം സഞ്ചരിച്ചാൽ എത്തുന്ന ദൂരം) അകലത്തിൽ വ്യാപിച്ചു കിടക്കുന്ന മറ്റൊരു പ്രദേശമാണ് ഊർട്മേഘ മേഖല. സൗരയൂഥത്തിൽ ഇതുവരെ നാം കണ്ട വസ്തുക്കളെല്ലാം ഒരു പരന്ന പ്രതലത്തിലാണ് എന്നാൽ ഊർട്ട് ക്ലൗഡ് പ്രദേശം ഗോളാകൃതിയിലാണ്. അത് സൗരയൂഥത്തിന്റെ ഒരു കവചം പോലെ സ്ഥിതി ചെയ്യുന്നു. അതാണ് സൂര്യന്റെ ഗുരുത്വാകർഷണത്തിന്റെ അതിരും. സൗരയൂഥത്തിന്റെ അകത്തേയ്ക്ക്, ക്ഷണിക്കാത്ത അതിഥിയെപ്പോലെ കടന്നെത്തുന്ന ധൂമകേതുക്കളുടെ പ്രഭവ കേന്ദ്രം ഇവിടവുമാണ് എന്നാണ് കരുതപ്പെടുന്നത്. 1950ൽ ഡച്ച് ജ്യോതിശാസ്ത്രജ്ഞനായ യാൻ ഹെൻഡ്രിക് ഊർട്ട് ആണ് ഈ പരികല്പന മുന്നോട്ടു വച്ചത്.

ശിലാഖണ്ഡങ്ങളും ധൂളികളുമടങ്ങിയ ഈ പ്രദേശത്ത് ഈ അഴുക്കുകളെല്ലാം അടങ്ങിയ എഴുപതു ശതമാനം അശുദ്ധ ഐസ് ഗോളങ്ങളാണ് സാവധാനത്തിൽ കറങ്ങി നടക്കുന്നത്. ഇത് ഏകദേശം ഒരുലക്ഷം കോടി എണ്ണം വരുമെന്നാണ് കണക്ക്. വാൽനക്ഷത്രങ്ങളെ തരംതിരിച്ചു പഠനവിധേയമാക്കിയപ്പോഴാണ് ഇത്തരമൊരുമേഖലയെക്കുറിച്ചുള്ള ആശയമില്ലാതെ അതിനെക്കുറിച്ച് വിശദീകരിക്കുവാൻ സാധ്യമല്ലെന്ന് ഊർട്ടിനു മനസ്സിലായത്.

ഹിമജലം, മീഥേൻ, ഈഥേൻ, കാർബൺ മോണോക്സൈഡ്, ഹൈഡ്രജൻസയനൈഡ് എന്നിവയാണ് ഇതിലെ പ്രധാന രാസഘടകങ്ങൾ. പാറകൾക്കു സമാനമായ ചിലതുണ്ടെന്നും കണ്ടു

പിടിച്ചിട്ടുണ്ട്. ഊർട് മേഖലകളും, സൗരയൂഥവും, ഒരേ നെബുലയിൽ നിന്നും ഉത്ഭവിച്ചതാണന്നുള്ളതിന് തെളിവുകളുണ്ട്. രൂപീകരണവേളയിൽ മിച്ചം വന്നവയാണ് അനാഥമായി അലയുന്നത്.

സൗരയൂഥത്തെക്കുറിച്ചും ആകാശഗംഗയെക്കുറിച്ചും ആഴത്തിൽ പഠിച്ച ശാസ്ത്രജ്ഞനാണ് ഊർട്. ലെയ്ഡൻ സർവ്വകലാശാലയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണകേന്ദ്രം. അവസാനം അദ്ദേഹം അതിന്റെ ഡയറക്റ്ററാകുകയും ചെയ്തു. ആകാശഗംഗയുടെ ആകൃതിയെക്കുറിച്ചും അതിൽ സൂര്യന്റെ സ്ഥാനത്തെക്കുറിച്ചും സൂര്യൻ ഗാലക്സിയിൽ പരിക്രമണം ചെയ്യുന്ന വേഗതയെക്കുറിച്ചും അദ്ദേഹം വ്യക്തത വരുത്തി.

രണ്ടാംലോക മഹായുദ്ധാനന്തരം അദ്ദേഹം റേഡിയോ അസ്ട്രോണമിയുടെ അനന്തസാധ്യതകളിലേയ്ക്കു തിരിഞ്ഞു. ഗാലക്സിയിലാകെ ഹൈഡ്രജൻ വ്യാപിച്ചു കിടക്കുന്നുണ്ടെന്നദ്ദേഹം മനസ്സിലാക്കി. മറ്റു നക്ഷത്രങ്ങളുടെ ഗുരുത്വം സൗരയൂഥത്തിന്റെ അതിരിൽ പ്രക്ഷോഭണങ്ങളുണ്ടാക്കുമ്പോഴാണ് ഹിമമലയിൽ ചിലത് സൗരയൂഥത്തിലേയ്ക്ക് ധൂമകേതുക്കളായി പതിക്കുന്നത്.ശാസ്ത്രലോകം അദ്ദേഹത്തിന്റെ നിഗമനങ്ങളെ അംഗീകരിച്ചിരിക്കുന്നു.

നാം ഇതുവരെ സൗരയൂഥത്തെക്കുറിച്ചുള്ള ഒരു അവലോകനമാണ് ഈ പരമ്പരയിലൂടെ നിർവ്വഹിക്കുകയുണ്ടായത്.

ഗണിതത്തിന്റെയും ഉപകരണങ്ങളുടെയും ശാസ്ത്രീയ വീക്ഷണങ്ങളുടെയും പരിഷ്കരണങ്ങൾക്കും വികാസങ്ങൾക്കുമനുസരിച്ച് സൗരയൂഥത്തെയും പ്രപഞ്ചത്തെക്കുറിച്ചു തന്നെയുമുള്ള ധാരണകൾക്ക് അടിക്കടി മാറ്റങ്ങൾ വന്നിട്ടുണ്ട്. അതിനനുസരിച്ച് നിലപാടു തറകളിലും മാറ്റങ്ങൾ വരുത്തേണ്ടി വന്നിട്ടുണ്ട്. ഭൂമി പ്രപഞ്ചകേന്ദ്രത്തിലാണ് എന്നായിരുന്നു ആദ്യ ധാരണയും വിശ്വാസവും, സൂര്യനും ചന്ദ്രനുമടക്കം ഏഴുഗ്രഹങ്ങളും രാഹുവും കേതുവും ചേർത്ത് ഒൻപതു ഗ്രഹങ്ങളെയും കണക്കു കൂട്ടി.

കോപ്പർ നിക്കൻ വിപ്ലവത്തിനു ശേഷം സൂര്യൻ ഒരു നക്ഷത്രമായി ഉയർത്തപ്പെടുകയും ചന്ദ്രൻ ഒരു ഉപഗ്രഹമായി താഴ്ത്തപ്പെടുകയും ചെയ്തു. മാത്രമല്ല ഭൂമി ഒരു ഗ്രഹമായി മാത്രം അംഗീകരിക്കപ്പെടുകയും സൂര്യൻ പ്രപഞ്ചകേന്ദ്രത്തിലാണെന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തു. രാഹുവും കേതുവും ഭൂമിയുടേയും ചന്ദ്രന്റെയും രണ്ടു നിഴലുകളാണെന്നും ഈ നിഴലുകളാണ് ഗ്രഹങ്ങൾക്കു കാരണമെന്നും തിരിച്ചറിയുകയും ചെയ്തു. ഗ്രഹങ്ങളുടെ എണ്ണം ആറായി ചുരുങ്ങി. പിന്നീട് ടെലസ്കോപ്പുകളുടെ വികാസത്തോടെയാണ് യൂറാനസ്, നെപ്ട്യൂൺ എന്നീ ഗ്രഹങ്ങളെ കൂടി കണ്ടെത്തിയത്. പ്ലൂട്ടോയെ കണ്ടു പിടിച്ചപ്പോൾ അതിനെക്കൂടി ഉൾപ്പെടുത്തി ഗ്രഹങ്ങൾ ഒൻപത് എന്നു കരുതിയിരുന്നു. എന്നാൽ വേണ്ടത്ര വലുപ്പവും മറ്റു യോഗ്യതയും ഇല്ലാത്തതിനാൽ പ്ലൂട്ടോയെ ഗ്രഹങ്ങളുടെ പട്ടികയിൽ നിന്നൊഴിവാക്കി. ഇന്ന് ഗ്രഹങ്ങളുടെ എണ്ണം എട്ടാണ് അഷ്ടഗ്രഹങ്ങൾ. അതിൽ സൂര്യനും, ചന്ദ്രനും, രാഹുവും കേതുവും പ്ലൂട്ടോയുമില്ല. ഭൂമിയും യൂറാനസ്സും നെപ്ട്യൂണും ഉൾപ്പെടുകയും ചെയ്യും.

ടെലസ്ക്കോപ്പുകളുടെ വലുപ്പം കൂടുകയും ക്യാമറകളും സ്പെക്ടോസ്കോപ്പുകളും മറ്റും അതിനോട് ഇണക്കുകയും ചെയ്തതോടെ പ്രപഞ്ച സങ്കല്പം വീണ്ടും മാറി മറിഞ്ഞു. സൂര്യനും സൗരയൂഥവും പ്രപഞ്ച കേന്ദ്രത്തിലല്ല എന്നും, സൂര്യൻ ക്ഷീരപഥം അഥവാ ആകാശ ഗംഗ എന്ന ഗാലക്സിയിലെ കോടാനുകോടി നക്ഷത്രങ്ങൾക്കിടയിലെ ഒരു ഇടത്തരം നക്ഷത്രം മാത്രമാണെന്നു തിരിച്ചറിഞ്ഞു. നമ്മുടെ ഗാലക്സിപോലുള്ള കോടാനുകോടി ഗാലക്സികൾ വേറെയുമുണ്ട്. പ്രപഞ്ചം നമ്മുടെ ഭാവനയ്ക്കുൾക്കൊള്ളാനാവുന്നതിനേക്കാൾ വിശാലമായ ഒന്നാണെന്നു മാത്രം മനസ്സിലാക്കുക. സോക്രട്ടീസിന്റെ പ്രസിദ്ധമായ ഒരു നിരീക്ഷണത്തോടെ ഈ പരമ്പര അവസാനിക്കുന്നു. 'തന്റെ അറിവ് പരിമിതമാണെന്നു തിരിച്ചറിയുന്ന ആളാണ് ജ്ഞാനി' •


**24-ാം ചരമവാർഷികം**

**21. 01 .2018**



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**
**'മേലങ്ങത്ത്'**
**ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി-682016**
*സന്തപ്ത കുടുംബാംഗങ്ങൾ*

# പാതഞ്ജല യോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ:9447077203)

ചിത്തവൃത്തിനിരോധത്തിന് വേണ്ടത് അഭ്യാസവും വൈരാഗ്യവും. അതിൽ അഭ്യാസം എന്തെന്ന് 13-ാം സൂത്രത്തിൽ പറഞ്ഞു. അഭ്യാസത്തിൽ എങ്ങിനെ ഉറപ്പുകിട്ടും എന്ന് അടുത്ത സൂത്രത്തിൽ പറയുന്നു.

14 സതു ദീർഘകാല നൈരന്തര്യ സൽക്കാര ആസേവിതോ ദൃഢ ഭൂമി:

ആ അഭ്യാസം (സതു) വളരെ കാലം (ദീർഘകാല) തുടർച്ചയായി (നൈരന്തര്യ) ആദരപൂർവ്വം (സൽക്കാര) അനുഷ്ഠിക്കപ്പെട്ടാൽ (ആസേവിത:) ഉറച്ച നിലയിലാകും (ദൃഢഭൂമി:)

അഭ്യാസം ഉറയ്ക്കാൻ എത്രകാലം വേണം? 'ഞാൻ 20 കൊല്ലമായി യോഗം അഭ്യസിക്കുന്നു. ഇനിയും സിദ്ധി ലഭിച്ചില്ലല്ലൊ!' എന്നു സങ്കടപ്പെടുന്നവരുണ്ട്. കാലം കണക്കാക്കാൻ പറ്റില്ല. അത് അവന്റെ പൂർവ്വജന്മ സംസ്ക്കാരം കൂടി അറിഞ്ഞേ തീരുമാനിക്കാനാവൂ.

രണ്ടു ഭക്തന്മാരുടെ കഥയുണ്ട്. അവർ തപസ്സു ചെയ്തു. മോക്ഷം ലഭിക്കണം. അതാണുദ്ദേശം. ഈശ്വരൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു 'ഈ കാണുന്ന മരത്തിന്റെ ഇലകൾ എണ്ണി നോക്കുക. അത്രയും ജന്മം കഴിഞ്ഞാൽ മോക്ഷം കിട്ടും'. ഒന്നാമത്തെ ഭക്തൻ 'അത്രയും ജന്മമോ? ഞാൻ തപസ്സു നിർത്തുകയാണ്. എനിക്ക് മോക്ഷം വേണ്ട.'

മറ്റേയാൾ ശ്രദ്ധയുള്ളവനായിരുന്നു. 'അത്രയേയുള്ളൂ? അതു കഴിഞ്ഞാൽ മോക്ഷം കിട്ടുമല്ലോ!' അയാൾ സന്തോഷം കൊണ്ടു തുള്ളിച്ചാടി.

പൂർവജന്മത്തിലെ സംസ്കാരം കൊണ്ട് വൈരാഗ്യം ഉറച്ചവന് ശീഘ്രമായ സമാധിലാഭമുണ്ടാകും. പക്ഷെ മറ്റുള്ളവർ നിരാശരാവാതെ, കാലത്തെ പഴിക്കാതെ മുന്നോട്ടു പോകണം.

നൈരന്തര്യമാണ് രണ്ടാമത്തെ ഗുണം ഒരു മാസം അഭ്യാസം ചെയ്തു. പിന്നെ ഒരു മാസം നിന്നുപോയി. പിന്നെ രണ്ടുമാസം തുടർച്ചയായി ചെയ്തു. വീണ്ടും തടസ്സം. ഏതഭ്യാസത്തിനും ഇത് വിഷമം സൃഷ്ടിക്കും. നിരാശയില്ലാതെ തുടർച്ചയായി പിടിച്ചു നില്ക്കുന്നവനേ വിജയിക്കൂ. 'നിത്യാഭ്യാസി ആനയെ എടുക്കും' എന്നൊരു ചൊല്ല് നാട്ടിൻപുറത്ത് പ്രസിദ്ധമാണ്. അതിവിടെയും ബാധകമാണ്.

മനസ്സിന്റെ മടുപ്പ് മാത്രമല്ല തടസ്സം രോഗം, അവിശ്വാസം മുതലായ തടസ്സങ്ങളും വരാം. പതഞ്ജലി മുനി 14 തടസ്സങ്ങളെ പറയുന്നുണ്ട്. അതോർക്കുമ്പോഴാണ് 'ഈശ്വരാധീന'ത്തെപ്പറ്റി ചിന്തിച്ചു പോവുന്നത്.

ദീർഘകാലവും നിരന്തരവും ആയാലും പോര മനസ്സിന്റെ ഒരു പങ്കും പ്രധാനമാണ്. അഭ്യാസം മനസ്സിന് ഇഷ്ടപ്പെടണം. താല്പര്യം ഉണ്ടാവണം. ആദരവ് ഉണ്ടാവണം. എന്നു വെച്ചാൽ? തപസ്സ് ബ്രഹ്മചര്യം, വിദ്യ, ശ്രദ്ധ, ഉത്സാഹം ഇവ വേണമെന്നർഥം. വിഷയങ്ങളിലേക്ക്, സുഖഭോഗവസ്തുക്കളിലേക്ക് ആകർഷണമുണ്ടാവുമ്പോൾ അഭ്യാസം ഉറയ്ക്കില്ല. മേൽപറഞ്ഞ സൽഗുണങ്ങൾ സമ്പാദിച്ച് നിരന്തരാഭ്യാസത്തിൽ മുഴുകണം.

ശ്രദ്ധ മൂന്നു തരമെന്നു പറയപ്പെടുന്നു.

ശ്രദ്ധാ സാ സത്വികീ ജ്ഞേയാ

വിശുദ്ധ ജ്ഞാന മൂലികാ

ശുദ്ധജ്ഞാന രൂപമാണ് സാത്വികമായ ശ്രദ്ധ. ഇതാണ് സമ്പാദിക്കേണ്ടത്.

പ്രവൃത്തി മൂലികാ ചൈവ

ജിജ്ഞാസാ മൂലികാ പരാ.

അത്യധ്വാനവും ജിജ്ഞാസയുമാണ് രാജസമായ ശ്രദ്ധ.

വിചാര ഹീനസംസ്കാര

മൂലികാത്വന്തിമാ മതാ

ചിന്താശൂന്യമായ ശ്രദ്ധയാണ് താമസികം.

സാത്വിക ശ്രദ്ധ നേടി അഭ്യാസത്തിൽ സ്ഥിരത നേടിയവൻ ഉപഭോഗസംസ്കാരത്തിന് അടിപ്പെടില്ല.

'മനുഷ്യാണാം സഹസ്രേഷു' എന്നാണ് ഭഗവത് ഗീത പറയുന്നത്. 1000പേരിൽ ഒരാളാണ് സിദ്ധിക്കായി അഭ്യസിക്കുന്നത്. അത്തരക്കാരിൽ നിന്ന് അപൂർവം ചിലരാണ് തത്ത്വത്തെ ദർശിക്കുന്നത്.

'അനേക ജന്മ സം സിദ്ധ:

തതോ യാതി പരാംഗതിം.

എന്നു ഭഗവത്ഗീത 'ദീർഘകാല'ത്തെ വ്യാഖ്യാനിക്കുന്നുണ്ട്. അനേക ജന്മങ്ങളിലൂടെ സിദ്ധി നേടിയവനാണ് പരമമായ ഗതിയടയുന്നത് എന്നത്രെ താല്പര്യം.

ഇത്തരത്തിൽ ദൃഢമായ അഭ്യാസം സാധകന് ദു:ഖത്തെ സഹിക്കാനുള്ള ശക്തി നല്കും. സാധ്യപ്രാപ്തിവരെ പിടിച്ചു നില്ക്കാനുള്ള ത്രാണിയുണ്ടാകും.

യസ്മിൻ സ്ഥിതാ ന ദു:ഖേന

ഗുരുണാപി വിചാല്യതേ-

ആ ദൃഢഭൂമിയിൽ സ്ഥിതി ചെയ്താൽ കഠിനമായ ദു:ഖം വന്നാലും ചലിക്കില്ല. ഉറച്ചിരിക്കും. അഭ്യാസത്തെപ്പറ്റി ഇത്രയും പറഞ്ഞു.

ഇനി വൈരാഗ്യത്തെപ്പറ്റി ചിന്തിക്കാം-

*അടുത്ത ലക്കത്തിൽ*

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 14**

അങ്ങീശാ ഗുണനിർഗ്ഗുണാധികനഖണ്ഡാനന്ദരൂപൻ ഗുണം
നീങ്ങിപ്പോം ത്രിഗുണത്തിനുള്ള തുലനാവസ്ഥക്കു പേർ നിർഗ്ഗുണം
തങ്ങില്ലങ്ങയിലീശ നിർഗ്ഗുണതയെന്നോരുന്ന വിദ്വാനഹോ
മുങ്ങീടുന്നിതു ചിദ്രസാംബുധിയിലമ്മായാ വിനിർമ്മുക്തനായ്

പദാർത്ഥം:

അങ്ങീശാ = ഈശാ അങ്ങ്

ഗുണനിർഗ്ഗുണാധികൻ = ഗുണത്തിനും നിർഗ്ഗുണത്തിനും മുകളിലുള്ളവൻ

അഖണ്ഡാനന്ദരൂപൻ = നിലക്കാത്ത തുടർച്ചയായ ആനന്ദം രൂപമായവൻ

ഗുണം നീങ്ങിപ്പോം = സഗുണാവസ്ഥ, ഗുണം പ്രകടമായ അവസ്ഥ ഇല്ലാതെയാവും

ത്രിഗുണത്തിനുള്ള = സത്വരജസ്തമോഗുണങ്ങൾക്കുള്ള

തുലനാവസ്ഥ = തുല്യമായ അവസ്ഥ

നിർഗ്ഗുണം = നിർഗ്ഗുണം എന്ന്

തങ്ങില്ലങ്ങയിലീശ = അങ്ങയിൽ ചേരില്ല, നിലനിൽക്കില്ല

നിർഗ്ഗുണത = നിർഗ്ഗുണാവസ്ഥ

എന്നോരുന്ന = എന്ന് മനസ്സിലാക്കുന്ന

വിദ്വാൻ = അറിവുള്ളവൻ

അഹോ = അത്ഭുതദ്യോതകം

ചിദ്രസാംബുധി = ചിത്താകുന്ന അമൃതസാഗരം

മായാവിമുക്തനായ് = മായയിൽ നിന്നും സ്വതന്ത്രനായ്

**ശ്ലോകാർത്ഥം:**

ഈശാ, അങ്ങ് ഗുണാവസ്ഥക്കും നിർഗ്ഗുണാവസ്ഥക്കും അതീതനായി തുടർച്ചയായി പ്രവഹിക്കുന്ന ആനന്ദം സ്വരൂപമായുള്ളവനാണ്. സത്വരജസ്തമോഗുണങ്ങൾ മൂന്നും തുല്യമായിരിക്കുന്ന അവസ്ഥയിൽ ഗുണം ഇല്ലാതാവുമ്പോൾ അതിനു നിർഗ്ഗുണം എന്നു പറയുന്നു. അങ്ങയിൽ നിർഗ്ഗുണാവസ്ഥയും ചേരില്ല എന്ന് അറിയുന്നവൻ വിദ്വാനാണ്. അവൻ, മായയിൽ നിന്ന് പൂർണ്ണമായും വിട്ട് ചിത്താകുന്ന അമൃതസാഗരത്തിൽ മുങ്ങുന്നു.

**വ്യാഖ്യാ:**

ഈശ. എല്ലാത്തിന്റെയും അധിപൻ, ശക്തൻ. ഗുണനിർഗ്ഗുണാധികൻ. ഗുണത്തിനും നിർഗ്ഗുണത്തിനും മുകളിലുള്ളവൻ. ഗുണം സത്വരജസ്തമോഗുണങ്ങൾ. ഈ മൂന്നു ഗുണങ്ങൾക്കും മീതേയുള്ളവൻ. അങ്ങ് തന്നെ നിർഗ്ഗുണത്തിനും മീതെയുള്ളവനാണ്. ഇത്രയും പറഞ്ഞുവച്ചിട്ട്, ഗുരു 'നിർഗ്ഗുണം' എന്ന് ശ്ലോകത്തിന്റെ ഈ പാദത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്താണെന്ന് വിശദീകരിക്കുന്നു. ത്രിഗുണങ്ങൾക്കുള്ള തുലനാവസ്ഥ 'ഗുണം' ഇല്ലാതാവുന്ന അവസ്ഥയാണ്. അതിനെ നിർഗ്ഗുണം എന്നു പറയുന്നു. അങ്ങനെയുള്ള ഗുണങ്ങളുടെ തുലനാവസ്ഥക്കും മീതെയാണ് അങ്ങ്. പതിമൂന്നാം ശ്ലോകത്തിൽ: 'ത്വന്മായാ ത്രിഗുണാത്മികാ ഗുണസമത്വത്താൽ പ്രധാനാഖ്യയായ്' (ഹ.ല:ഗു.തോ:13) എന്നുപറഞ്ഞു വച്ചു. ഇവിടെ 'ത്രിഗുണത്തിനുള്ള തുലനാവസ്ഥക്കു പേർ നിർഗ്ഗുണം' എന്നും പറഞ്ഞു. അപ്പോൾ, പ്രധാന (പ്രകൃതി) നിർഗ്ഗുണമാണെന്നു വരും. എന്നാൽ പ്രകൃതി 'ത്രിഗുണാത്മികാ-ത്രിഗുണം ആത്മാവായവൾക്ക്' നിർഗ്ഗുണമാവാൻ പറ്റില്ല. അതുകൊണ്ടാണ് ഗുരു ഇവിടെ 'നിർഗ്ഗുണം' നിർവ്വചിക്കുന്നത്. സത്വം പ്രകടമാവുമ്പോൾ സത്വഗുണി. രജസ് പ്രകടമാവുമ്പോൾ രജോഗുണി. തമസ് പ്രകടമാവുമ്പോൾ തമോഗുണി. മൂന്നും തുല്യമായി ഒന്നും പ്രകടമല്ലാതാവുമ്പോൾ നിർഗ്ഗുണി. അങ്ങനെയുള്ള മായക്കും, പ്രകൃതിക്കും, പ്രധാനക്കും അപ്പുറത്തുള്ളവൻ 'നിർഗ്ഗുണാധികൻ.' പതിമൂന്നാം ശ്ലോകത്തിൽ തന്നെ '....ത്രിഗുണാധികൻ ത്വയി' എന്നു പറഞ്ഞുവച്ചിട്ടുണ്ട്. 'അങ്ങ്..ഗുണ..അധികൻ' എന്ന്. ഇവിടെ വീണ്ടും അതുതന്നെ ആവർത്തിച്ചു. ഗുരു തുടരുന്നു...തങ്ങില്ലങ്ങയിലീശ 'നിർഗ്ഗുണത' ഇങ്ങനെയുള്ള നിർഗ്ഗുണമായ മായ, പ്രകൃതി, പ്രധാന അങ്ങയിൽ തങ്ങില്ല. നിലനിൽക്കില്ല. ചേരില്ല. അതിനെല്ലാം 'അധികൻ' അപ്പുറത്തുള്ളവൻ ആണ് അങ്ങ്. ഇതറിയുന്നവൻ വിദ്വാനാണ്. അറിഞ്ഞവനാണ്. എന്താണതിന്റെ ഫലം? ചിത്താകുന്ന (ചിത് 'ഗുരുതോഷിണിയിൽ' മുമ്പ് വ്യാഖ്യാനിച്ചിട്ടുണ്ട്.) അമൃതസാഗരത്തിൽ മുങ്ങുന്നു. അതെങ്ങിനെ! അങ്ങ് 'അഖണ്ഡാനന്ദരൂപൻ.' ഇടതടവില്ലാതെ പ്രവഹിക്കുന്ന ആനന്ദം സ്വന്തം രൂപമായുള്ളവൻ. ചിത് തന്നെ ആനന്ദം. 'ചിദ്രാസാംബുധി' തന്നെ 'അഖണ്ഡാനന്ദരൂപം.' അപ്പോൾ ആ വിദ്വാൻ 'മായാ വിനിർമ്മുക്തനാവുന്നു.' വിശേഷേണ നിശ്ശേഷം മുക്തൻ വിനിർമ്മുക്തൻ●

# ആരോഗ്യവും നല്ല ശീലങ്ങളും

## ജീവിതശൈലീ രോഗങ്ങളുടെ സങ്കീർണ്ണതകൾ

എ.ശിവസുബ്രഹ്മണ്യം (ഫോൺ: 9847034732)

### പ്രമേഹത്തെ നേരത്തെ കണ്ടെത്താം

പ്രമേഹത്തെ വളരെ നേരത്തെ തന്നെ കണ്ടെത്താൻ സഹായിക്കുന്ന രക്തപരിശോധനയാണ് GTT (Glucose Tolerance Test). ഒരു നിശ്ചിത അളവ് ഗ്ലൂക്കോസിനോട് നിങ്ങളുടെ ശരീരം എങ്ങനെ പ്രതികരിക്കുന്നുവെന്നു കണ്ടെത്തുകയാണ് ഈ പരിശോധനയിലൂടെ ചെയ്യുന്നത്. പ്രീ ഡയബറ്റിസ് ഘട്ടത്തിലുള്ളവരെ കണ്ടെത്താനും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാനും ഇത് സഹായിക്കുന്നു. ടൈപ്പ് 2 പ്രമേഹരോഗ സാധ്യതയുള്ള എല്ലാവരും എല്ലാ വർഷവും ഈ പരിശോധനയ്ക്കു വിധേയമാവണം. വളരെ കൃത്യതയോടെ ചെയ്യേണ്ടതും കൃത്യമായിത്തന്നെ വിലയിരുത്തേണ്ടതുമായ ഈ പരിശോധനയെപ്പറ്റി എല്ലാവരും മനസ്സിലാക്കിയിരിക്കണം.

### രക്തത്തിലെ പഞ്ചസാരയുടെ കണക്കുകൾ

| | |
|---|---|
| സാധാരണ നിലവാരം | FBS 100 മി.ഗ്രാമിന് താഴെ |
| | PPBS 140 മി.ഗ്രാമിന് താഴെ |
| പ്രീഡയബറ്റിസ് | |
| (പ്രമേഹം) | FBS |
| ഉണ്ടാവുന്നതിന് | |
| മുമ്പുള്ള അവസ്ഥ | PPBS (ഇവയിൽ ഏതെങ്കിലും ഒന്നുണ്ടെങ്കിലും പ്രീഡയബറ്റിസ് ആണ്.) |
| പ്രമേഹം | FBS 126 മി.ഗ്രാമിൽ കൂടുതൽ |
| | PPBS 200 മി.ഗ്രാമിൽ കൂടുതൽ |

### പ്രമേഹം

രക്തത്തിലെ പഞ്ചസാരയെ നിയന്ത്രിച്ചു നിർത്തണമെന്ന് ഡോക്ടർമാർ ഉപദേശിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം അങ്ങനെ ചെയ്തില്ലെങ്കിലുണ്ടാവുന്ന സങ്കീർണ്ണതകളാണ്. വളരെ ഗൗരവസ്വഭാവമുള്ളതാണ് ഇവയിൽ മിക്കവയും.

പ്രമേഹം ശരീരത്തിലെ ചെറുതും വലുതുമായ ധമനികളെ ബാധിക്കുന്നതു കൊണ്ടാണ് ഈ സങ്കീർണ്ണതകളിൽ മിക്കവയും ഉണ്ടാവുന്നത്. അതുകൊണ്ടു തന്നെ ഇതിനെ ഒരു ധമനിരോഗമായി ഡോക്ടർമാർ കാണുന്നു. അമിതരക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ, അമിതവണ്ണം എന്നിവ ഉള്ളവരിലും പുകവലിക്കുന്നവരിലും സങ്കീർണ്ണതകൾ പെട്ടെന്നുണ്ടാവുന്നു.

പ്രമേഹ രോഗികളിൽ ഹൃദയാഘാതം ഉണ്ടാകുവാനുള്ള സാധ്യത മറ്റുള്ളവരെക്കാൾ മൂന്നിരട്ടിയും സ്ട്രോക്ക് ഉണ്ടാകുവാനുള്ള സാധ്യത ആറിരട്ടിയും കൂടുതലാണ്. മറ്റൊരു കണക്കുപ്രകാരം പ്രമേഹരോഗികളിൽ 75 ശതമാനം പേരും മരണപ്പെടുന്നത്. ഈ രണ്ടു സങ്കീർണ്ണതകൾ മൂലമാണ്. മറ്റ് രോഗാവസ്ഥകൾ എല്ലാംകൂടി 25 ശതമാനം മാത്രമേ വരൂ. എല്ലാ പ്രമേഹരോഗികളെയും ഒരു പ്രാവശ്യം ഹൃദയാഘാതം വന്നിട്ടുള്ളവരായി കണക്കാക്കി ചികിത്സിക്കണമെന്നാണ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്.

പ്രമേഹത്തിന്റെ വിവിധ സങ്കീർണ്ണതകളിൽ ഏറ്റവും സാധാരണയായിട്ടുള്ളതും മിക്കവർക്കും പേടി സ്വപ്നവുമായവയാണ് ഹൃദയാഘാതവും കാലുകളിലുണ്ടാവുന്ന വ്രണങ്ങളും. ഹൃദയാഘാതം പലപ്പോഴും പെട്ടെന്നുള്ള മരണത്തിന് കാരണമാവുമ്പോൾ കാലുകളിലുണ്ടാകുന്ന വ്രണങ്ങൾ ശരിയായി ചികിത്സിച്ചില്ലെങ്കിൽ കാൽ മുറിച്ചുമാറ്റേണ്ടി വരുന്ന അവസ്ഥ വന്നു ചേരും.

പ്രമേഹ രോഗികളിലുണ്ടാകുന്ന ഹൃദയാഘാതത്തിന് ചില പ്രത്യേകതകളുണ്ട്. സാധാരണ ഹൃദയാഘാതം ഉണ്ടാകുമ്പോഴുള്ള ശക്തമായ നെഞ്ചുവേദന അനുഭവപ്പെടാറില്ല. അതുകൊണ്ടുതന്നെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും കാല താമസം വരികയും. മരണം സംഭവിക്കാനുള്ള സാധ്യത കൂടുകയും ചെയ്യുന്നു. ഇതു കൂടാതെ രോഗലക്ഷണങ്ങളൊന്നുമില്ലാതെ ഹൃദയം പെട്ടെന്നു നിന്നു പോവുന്ന Sudden Cardiac Death ഇവരിൽ സാധാരണയാണ്.

### പാദരോഗങ്ങൾ

പ്രമേഹരോഗികൾ ഏറ്റവും കൂടുതൽ കാലം ആശുപത്രിയിൽ കിടക്കേണ്ടി വരുന്നത് പാദരോഗങ്ങൾ മൂലമാണെത്രെ. ഹൃദയാഘാതത്തിനും സ്ട്രോക്കിനും ഉണ്ടാവുന്നതുപോലെ ധമനികളിലെ തടസ്സം ആണ് പ്രധാന കാരണം. കൂടാതെ പ്രമേഹം ഞരമ്പുകളെ ബാധിക്കുന്നതുമൂലമുള്ള ന്യൂറോപ്പതി

യും പ്രകൃതിദത്ത രോഗപ്രതിരോധശക്തി ക്ഷയിക്കുന്നതുമൂലമുള്ള അണുബാധയും പാദങ്ങളിലെ പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു.

പാദങ്ങളിൽ വ്രണങ്ങളോ മറ്റു പ്രശ്നങ്ങളോ ഉണ്ടാവുന്നതിനു മുമ്പു തന്നെ പ്രമേഹരോഗികൾ തങ്ങളുടെ പാദങ്ങൾ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കുന്നത് പല പ്രശ്നങ്ങളും നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും സങ്കീർണ്ണതകൾ ഉണ്ടാവാതിരിക്കാനും സഹായിക്കും.

## പ്രമേഹം കണ്ണുകളെ ബാധിക്കുമ്പോൾ

പ്രമേഹം നിയന്ത്രിക്കാത്തവരിൽ കണ്ണിനുണ്ടാവുന്ന സങ്കീർണ്ണതകളുടെ ഫലമായി കാഴ്ച ഭാഗികമായോ പൂർണ്ണമായോ തകരാറിലാവാം. കണ്ണിന്റെ കാഴ്ചയെ നിർണ്ണയിക്കുന്ന റെറ്റിനയിലുണ്ടാവുന്ന തകരാറുകളെ ഡയബറ്റിക് റെറ്റിനോപ്പതി എന്നു വിളിക്കുന്നു. റെറ്റിനയിലെ ചെറിയ രക്തക്കുഴലുകളിലുണ്ടാവുന്ന തകരാറുകളാണ് രോഗമുണ്ടാക്കുന്നത്. അവയിൽ തടസ്സങ്ങളുണ്ടാവുക, പുതിയ രക്തക്കുഴലുകൾ മുളയ്ക്കുക, രക്തക്കുഴലുകൾ പൊട്ടി കണ്ണിനകത്തേക്ക് വ്യാപിക്കുക തുടങ്ങിയവയാണ് രോഗാവസ്ഥയ്ക്ക് കാരണം. തുടക്കത്തിൽ വലിയ ലക്ഷണങ്ങളൊന്നും ഉണ്ടാകാത്തതുകൊണ്ട് പലരും ഇത് മനസ്സിലാക്കിയില്ലെന്നു വരാം. റെറ്റിനോപതി കൂടാതെ പ്രമേഹം മൂലം തിമിരം, ഞരമ്പുരോഗങ്ങൾ എന്നിവയും ഉണ്ടാകാം.

## പ്രമേഹവും ഹൃദ്രോഗവും

നിയന്ത്രിക്കാത്ത പ്രമേഹം പല ഹൃദയരോഗങ്ങൾക്കും കാരണമാവുന്നു.

ഹൃദയധമനീരോഗങ്ങൾ, പ്രമേഹരോഗികളുടെ രക്തത്തിൽ ഗ്ലൂക്കോസിന്റെയും കൊഴുപ്പിന്റെയും അളവ് ക്രമാതീതമായി കൂടുന്നതുകൊണ്ട് അവ ധമനിക്കുള്ളിലെ മൃദുലമായ ആവരണത്തിൽ അടിഞ്ഞുകൂടി അവയ്ക്ക് കേടുവരുത്തുന്നു. ഇത് കൊറോണറി ധമനികളിലും സംഭവിക്കുന്നു. ക്രമേണ ഇവയ്ക്ക് കട്ടികൂടുകയും ഉൾവ്യാസം കുറഞ്ഞ് രക്തയോട്ടത്തിന് തടസ്സം ഉണ്ടാവുകയും ചെയ്യുന്നു. തന്മൂലം ഹൃദയപേശികൾക്ക് ആവശ്യത്തിന് ഓക്സിജനും പോഷകങ്ങളും ലഭിക്കാതെ നിർജ്ജീവമായി ഹൃദയാഘാതം സംഭവിക്കാം.

പ്രമേഹരോഗികളിൽ കൊളസ്ട്രോൾ സാധാരണ നിലവാരത്തിലാണെങ്കിലും ധമനീരോഗമുണ്ടായി ഹൃദയാഘാതം ഉണ്ടാവാം. കാരണം രക്തത്തിലെ ഉയർന്ന പഞ്ചസാര നിലവാരം ധമനികൾക്ക് കേടുവരുത്തി അതിറോസ് ക്ലീറോസിസിന് കാരണമാകാം. രക്തത്തിലെ അധികം വരുന്ന പഞ്ചസാര (ഗ്ലൂക്കോസ്) ചുവന്ന രക്താണുക്കളിലുള്ള ഹിമോഗ്ലോബിന്റെ കണികകളിൽ പറ്റിപിടിച്ച് ഗ്ലൈക്കോസിലേറ്റഡ് ഹിമോഗ്ലോബിൻ ഉണ്ടാവുന്നു. എൽഡി എൽ കൊളസ്ട്രോളും മറ്റും ധമനികളുടെ അകത്തെ മൃദുല പാളിയായ എൻഡോതിലിയത്തിൽ പറ്റിപ്പിടിക്കുന്നതുപോലെ ഗ്ലൈക്കോസിലേറ്റഡ് ഹിമോഗ്ലോബിനും പറ്റിപ്പിടിക്കുന്നു. കേടുവരുത്തുന്നു. ക്രമേണ അതിറോസ്, ക്ലിറോസിസും ധമനീ തടസ്സവും ഉണ്ടാവുന്നു. ഹൃദയം പെട്ടെന്നു നിന്നു പോവുന്നു. വേദനയോ മറ്റു പ്രയാസങ്ങളോ ഉണ്ടാവാതെ ഹൃദയത്തിന്റെ പ്രവർത്തനം പെട്ടെന്നു നിലയ്ക്കുന്നു. മരണം സംഭവിക്കുന്നു.

## ഡയബറ്റിക് കാർഡിയോ മയോപതി

പ്രമേഹം മൂലം ഹൃദയപാളികൾക്ക് അപചയം ഉണ്ടായി സങ്കോചിക്കുവാനുള്ള കഴിവ് ക്രമേണ കുറഞ്ഞുവന്ന് ഹൃദയ അറകളിൽ രക്തം കെട്ടിക്കിടക്കുന്ന രോഗമാണിത്. ശ്വാസംമുട്ടലും തളർച്ചയും അനുഭവപ്പെടും. ഹൃദയത്തിന്റെ താളം തെറ്റാനും കാരണമാകും.

## പ്രമേഹം വൃക്കകളെ ബാധിക്കുമ്പോൾ

അനിയന്ത്രിതമായ പ്രമേഹം വൃക്കകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമ്പോഴുണ്ടാകുന്ന രോഗാവസ്ഥയാണ് Diabetic Nephropathy എന്നു വിളിക്കുന്നത്. പ്രമേഹവും അനുബന്ധരോഗങ്ങളായ അമിത രക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ എന്നിവയും നിയന്ത്രിച്ചില്ലെങ്കിൽ പത്തോ പതിനഞ്ചോ വർഷങ്ങൾകൊണ്ട് വൃക്കകളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. സാവധാനമായിരിക്കും വൃക്കകളുടെ പ്രവർത്തനം തകരാറിലാവുന്നത്. വിവിധ ഘട്ടങ്ങളിലൂടെ പൂർണ്ണ വൃക്കപരാജയത്തിലെത്തിച്ചേരുന്നു.

## മൈക്രോ ആൽബുമിനൂറിയ

വൃക്കരോഗത്തിന്റെ ആദ്യലക്ഷണമാണിത്. മൂത്രപരിശോധനയിലൂടെയാണ് ഈ ഘട്ടം ഉണ്ടായിട്ടുണ്ടോയെന്നു മനസ്സിലാവുന്നത്. മറ്റ് രോഗലക്ഷണങ്ങൾ ഒന്നും ഉണ്ടാവണമെന്നില്ല. മൂത്രത്തിലെ ആൽബുമിന്റെ അളവ് നിർണ്ണയിക്കുന്ന ഈ പരിശോധന എല്ലാ പ്രമേഹ രോഗികളും വർഷത്തിൽ ഒരിക്കലെങ്കിലും ചെയ്തിരിക്കണം. ഈ അവസ്ഥയിൽ തന്നെ വൃക്കരോഗം കണ്ടെത്തി ചികിത്സിച്ചാൽ ഭാവിയിൽ ഉണ്ടാവുന്ന വൃക്കപരാജയം ഒഴിവാക്കാൻ കഴിയും.

## പൂർണ്ണ വൃക്ക പരാജയം

എൻഡ് സ്റ്റേജ് റീനൽ ഡിസീസ് (End stage

renal diseases) എന്നാണ് നെഫ്രോളജിസ്റ്റുകൾ ഇതിനെ വിളിക്കുന്നത്. ഡയബെറ്റിക് നേഫ്രോപതിയുടെ അവസാന ഘട്ടമാണിത്. ഡയാലിസിസിയോ വൃക്ക മാറ്റിവയ്ക്കലോ മാത്രമാണ് പരിഹാരം. നമ്മുടെ നാട്ടിൽ വൃക്ക മാറ്റിവയ്ക്കേണ്ടി വരുന്നവരിൽ ഭൂരിഭാഗം രോഗികളും ഈ ഗണത്തിൽ വരുന്നവരാണ്. പ്രമേഹവും അനുബന്ധരോഗങ്ങളും നിയന്ത്രിച്ചു നിർത്തുന്നതോടൊപ്പം മൂത്രത്തിൽ ആൽബുമിന്റെ അളവ് നിർണ്ണയിക്കുന്ന പരിശോധന വർഷത്തിലൊരിക്കലെങ്കിലും നടത്തി വൃക്കകൾ ആരോഗ്യപൂർണ്ണമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പ്രമേഹ ചികിത്സയുടെ ആത്യന്തികമായ ലക്ഷ്യം രോഗത്തിന്റെ സങ്കീർണ്ണതകൾ ഉണ്ടാവാതെ നോക്കുകയാണല്ലോ. അത് ഡോക്ടറുടെയും രോഗിയുടെയും ഉത്തരവാദിത്വമാണ്. ഈ കാര്യത്തിൽ ഡോക്ടറെക്കാൾ കൂടുതൽ ഉത്തരവാദിത്വം രോഗിക്കാണ് എന്നതാണ് യാഥാർത്ഥ്യം. കാരണം സങ്കീർണ്ണതകളുണ്ടാവാതിരിക്കാൻ ആദ്യം കണ്ട പ്രമേഹ രോഗ നിയന്ത്രണം ജീവിത കാലം മുഴുവൻ നീണ്ടുനില്ക്കുന്ന പ്രക്രിയയാണ്. ഇൻസുലിനോ ഗുളികകളോ കൂടാതെ ആഹാരനിയന്ത്രണം, വ്യായാമം എന്നിവ വേണ്ടി വരികയും കൃത്യമായ കാലയളവിൽ പരിശോധനകൾ നടത്തി പ്രധാനപ്പെട്ട അവയവങ്ങളെ സങ്കീർണ്ണതകൾ ഒന്നും ബാധിക്കുന്നില്ലയെന്ന് ഉറപ്പുവരുത്തുകയും വേണം.

## ചികിത്സ

ചികിത്സയുടെ പ്രധാന ഉദ്ദേശ്യം പ്രമേഹത്തിന്റെ സങ്കീർണ്ണതകൾ ഉണ്ടാവാതെ നോക്കുകയാണ്. സങ്കീർണ്ണതകൾ ഉണ്ടായാൽ അവയെ നിയന്ത്രിച്ചു നിർത്തുകയെന്നതും ചികിത്സയുടെ ഭാഗം തന്നെയാണ്. രക്തത്തിലെ പഞ്ചാസാരയുടെ അളവ് സാധാരണ നിലവാരത്തിൽ എത്തിച്ച് അങ്ങനെ തന്നെ നിലനിർത്തണം. എല്ലാ രോഗികളും മൂന്നു മാസം കൂടുമ്പോൾ ഗ്ലൈക്കോസിലേറ്റഡ് ഹിമോഗ്ലോബിൻ ടെസ്റ്റ് നടത്തി ഇത് ഉറപ്പു വരുത്തേണ്ടതാണ്.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആഹാരനിയന്ത്രണം, വ്യായാമം എന്നിവയ്ക്ക് ചികിത്സയിൽ മരുന്നിന്റെ അത്ര തന്നെ പ്രാധാന്യമുണ്ട്. പ്രമേഹം ചെറിയ രീതിയിലാണെങ്കിൽ ഇവ രണ്ടും മതിയാവും. മരുന്ന് ഉപയോഗിക്കുന്നവർക്ക് അതിന്റെ അളവ് കുറയ്ക്കാനും സഹായിക്കുന്നു.

രക്തത്തിലെ പഞ്ചസാര നിയന്ത്രിച്ച് സാധാരണ നിലവാരത്തിൽ നിർത്തുന്നതിൽ രോഗിക്കുള്ള പങ്ക് ഡോക്ടറെക്കാൾ കൂടുതലാണ്. ആഹാരകാര്യങ്ങളിൽ നിയന്ത്രണങ്ങൾ പാലിക്കുകയും വ്യായാമം മുടങ്ങാതെ ചെയ്യുകയും ആവശ്യമെങ്കിൽ മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശാനുസരണം തന്നെ ഉപയോഗിക്കുകയും വേണം.

ഭക്ഷണം കൃത്യസമയത്ത് കഴിക്കാതിരിക്കുക, അമിതഭക്ഷണം, മധുരം കൂടുതലായി ഉപയോഗിക്കുക, ടെൻഷൻ, വ്യായാമം, ശാരീരികാദ്ധ്വാനം വരുന്ന ജോലികൾ, രോഗാണുബാധ തുടങ്ങി നിരവധി സന്ദർഭങ്ങളിൽ രക്തത്തിലെ പഞ്ചസാരയുടെ നിലവാരത്തിൽ മാറ്റങ്ങൾ വരുന്നു. പ്രമേഹത്തിന് ഇൻസുലിനോ ഗുളികയോ ഉപയോഗിക്കുന്നവരിലും രക്തത്തിലെ പഞ്ചസാരയുടെ നിലവാരത്തിൽ വ്യത്യാസം വരുന്നു.

പ്രമേഹത്തിന് ഇൻസുലിനോ ഗുളികയോ ഉപയോഗിക്കുന്നവർ ഭക്ഷണകാര്യത്തിൽ കൃത്യനിഷ്ഠ പാലിക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുന്നത് പ്രധാനമായും ഹൈപ്പോഗ്ലൈസീമിയ ഉണ്ടാവാതിരിക്കാൻ വേണ്ടിയാണ്. ഭക്ഷണത്തിന്റെ അളവ് തീർത്തും കുറഞ്ഞു പോവുകയോ കഴിക്കാതിരിക്കുകയോ ചെയ്താൽ പഞ്ചസാര കുറഞ്ഞുപോകും. അതുപോലെ തന്നെ ഇൻസുലിനോ ഗുളികകളോ ഉപയോഗിക്കാൻ മറന്നുപോവുകയോ അമിതമായി ഭക്ഷണം കഴിക്കുകയോ ശരീരത്തിൽ അണുബാധ ഉണ്ടാവുകയോ ചെയ്താൽ രക്തത്തിലെ പഞ്ചസാര ക്രമാതീതമായി ഉയരാനും സാധ്യതയുണ്ട്.

ആഹാരനിയന്ത്രണം

ആഹാര നിയന്ത്രണം ചികിത്സയുടെ പ്രധാന ഭാഗമാണ്. ആഹാരനിയന്ത്രണം കൊണ്ട് ഉദ്ദേശിക്കുന്നത് കർശനനിയന്ത്രണമല്ല മിതമായ നിയന്ത്രണമാണ്. പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ വരാതിരിക്കണമെന്ന് ആഗ്രഹിക്കുന്നവരും പ്രമേഹം ഉണ്ടാകുവാനുള്ള അപകടഘടകങ്ങൾ ഉള്ളവരും പ്രീ-ഡയബെറ്റിസ് ഉള്ളവരും പ്രമേഹ രോഗികളും എപ്പോഴും സമീകൃതാഹാരവും (ഫുഡ് പിരമിഡ് പോലെ) ദിവസേന വ്യായാമങ്ങളും ശീലിക്കേണ്ടതും ശരീരത്തിന്റെ മാതൃകാഭാരം നിലനിർത്തേണ്ടതുമാണ്.

## പ്രമേഹം പുതിയ കണ്ടെത്തലുകൾ

തെറ്റായ ഭക്ഷണരീതികളും വ്യായാമക്കുറവും മൂലം ടൈപ്പ് 2 പ്രമേഹം കുട്ടികളിലും ഉണ്ടാവാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ കുട്ടികളിൽ അമിതവണ്ണവും ഭാരക്കൂടുതലും കൂടുതലായി കണ്ടുവരുന്നു. ഇവ രണ്ടും പ്രമേഹത്തിലേക്കും മറ്റ് അനവധി രോഗങ്ങളിലേക്കും (മെറ്റാബോളിക് സിൻഡ്രോം,

ഇൻസുലിൻ റെസിസ്റ്റൻസ്, ഉയർന്ന കൊളസ്ട്രോൾ, ഉയർന്ന രക്തസമ്മർദ്ദം) നയിക്കുന്നു. കുട്ടികളിലും കൗമാരപ്രായക്കാരിലും ഉണ്ടാവുന്ന ടൈപ്പ് 2 പ്രമേഹത്തിന്റെ ചികിത്സയും ഡോക്ടർമാർക്ക് ഒരു വെല്ലുവിളിയാണ്. കാരണം ടൈപ്പ് 2 പ്രമേഹത്തിന്റെ പ്രധാന ചികിത്സാവിധിയായ ജീവിതശൈലീമാറ്റങ്ങളും ഭക്ഷണക്രമീകരണവും ഇവരിൽ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണ്. ടൈപ്പ് 2 പ്രമേഹമുള്ള കുട്ടികളിൽ 85 ശതമാനവും അമിതവണ്ണമുള്ളവരാണത്രെ. ഇവരുടെ ചികിത്സയ്ക്കായി എല്ലാ മരുന്നുകളും ഉപയോഗിക്കാറില്ല. ഇൻസുലിനും മെറ്റ്ഫോമിൻ ഗുളികകളുമാണ് സാധാരണ ഉപയോഗിക്കാറ്.

**എന്താണ് രക്താതിസമ്മർദ്ദം**

ഹൃദയം സങ്കേചിക്കുമ്പോൾ അറകളിൽ നിന്ന് രക്തം ശക്തിയോടെ പമ്പു ചെയ്യപ്പെടുന്നു. രക്തം ധമനികളിൽ കൂടി പ്രവഹിക്കുമ്പോൾ അതിന്റെ ഭിത്തികളിൽ ഏല്പിക്കുന്ന മർദ്ദമാണ് രക്തസമ്മർദ്ദം. സങ്കോചനാനന്തരം ഉണ്ടാവുന്ന ഉയർന്ന മർദ്ദത്തെ സിസ്റ്റോളിക് പ്രഷർ എന്നും ഹൃദയം വികസിക്കുമ്പോഴുണ്ടാകുന്ന മർദ്ദത്തെ ഡയസ്റ്റോളിക് പ്രഷർ എന്നും വിളിക്കുന്നു. പ്രഷർ 110/70mm of HGs യെന്ന് എഴുതുമ്പോൾ 110 സിസ്റ്റോളിക് പ്രഷറും 70 ഡയസ്റ്റോളിക് പ്രഷറും ആണ്. സാധാരണ നിലവാരത്തിൽ നിന്ന് അവ രണ്ടുമോ, ഏതെങ്കിലും ഒന്നോ കൂടിയിരിക്കുമ്പോൾ ആ അവസ്ഥയെ നാം High Blood Pressure (Hypertension) എന്നു വിളിക്കുന്നു. സാധാരണ നിലവാരത്തിന്റെ ഏറ്റവും കൂടിയത് 130/85 ആണ്. പ്രഷർ 140/90-ൽ കൂടുതൽ ആണെങ്കിൽ രക്താതിസമ്മർദ്ദം ആണ്.

രക്തസമ്മർദ്ദം എന്തിന് നിയന്ത്രിച്ചു നിർത്തണം?

രക്താതിസമ്മർദ്ദത്തെ ജീവിതശൈലി ക്രമീകരണങ്ങൾകൊണ്ടോ മരുന്നുകൾകൊണ്ടോ നിയന്ത്രിച്ചു നിർത്തിയില്ലെങ്കിലുണ്ടാവുന്ന അപകടങ്ങൾ ഗൗരവ സ്വഭാവമുള്ളതാണ്●

## 2017 ഡിസംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**രാജം മാരാർ**
L/0993, സൗപർണ്ണിക
രവിപുരം റോഡ്, വളഞ്ഞമ്പലം
കൊച്ചി-682016



**കെ. കിട്ടുണ്ണി നായർ**
L/2975, കെഴുപ്പിള്ളി ഹൗസ്
കെ പി വള്ളോൻ റോഡ്
കടവന്ത്ര, കൊച്ചി - 682020

**പന്നഗാധിനാഥശായി തന്നുടെ സഹോദരീ !**
**പരമഭക്തചിത്തനത്തൽ തീർക്കണം മഹേശ്വരീ !**
**വന്നെതിർത്ത ദുരിതദുർഗ്ഗതിക്കു ജനനീ ! നീയൊരു**
**വഹ്നിയായ് ഭവിച്ചെനിക്കു സർവ്വഭൂതി നല്കണം**

*കുഞ്ചൻനമ്പ്യാർ* *രുഗ്മിണീ സ്വയംവരം*

# കൗമാരവും സമീപനവും

**സുനിൽകുമാർ ചൈത്രം**

കൗമാരക്കാരായ മക്കളുടെ മൊബൈൽ ഉപയോഗിക്കേണ്ടി വരുമ്പോൾ യാദൃശ്ചികമായി അതിൽ നീല ചിത്രങ്ങൾ കാണാൻ ഇടയായാൽ, മക്കളുടെ മുറി വൃത്തിയാക്കുന്നതിനിടയിൽ മദ്യകുപ്പിയോ കഞ്ചാവു പൊതിയൊ കാണാൻ ഇടയായാൽ വിശ്വസിക്കാനാവാതെ പകച്ചു നിൽക്കേണ്ടി വന്നിട്ടുണ്ടോ? ഇന്നലെ വരെ തന്റെ സാരിത്തുമ്പ് വിടാതെ നടന്നിരുന്ന മക്കൾ തർക്കുത്തരം പറയാനും സ്വന്തം തീരുമാനം ഒക്കെ നടപ്പാക്കാനും ശ്രമിക്കുമ്പോൾ പരിഭ്രമിക്കേണ്ട ആവശ്യമില്ല. മക്കൾ കൗമാര പ്രായത്തിലേക്ക് എത്തിയിരിക്കുന്നു എന്നും വളർച്ചയുടെ ഈ ഘട്ടത്തിൽ അവരുടെ ശരീരത്തിൽ ഹോർമോണുകൾ ശരിയായ രീതിയിൽ തന്നെ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു എന്നും മനസ്സിലാക്കുക. ഇവിടെ മക്കളെ വഴക്കു പറഞ്ഞതുകൊണ്ടോ, ശിക്ഷണ നടപടികൾ സ്വീകരിച്ചതുകൊണ്ടോ കാര്യങ്ങൾ കൂടുതൽ വഷളാകുകയേ ഉള്ളൂ. കൗമാര പ്രായത്തിൽ ശരീരത്തിനും, മനസ്സിനും വികാരങ്ങൾക്കും സംഭവിക്കുന്ന മാറ്റങ്ങളെ പറ്റി ശരിയായ ഒരു അവബോധം അവരിൽ ഉണ്ടാക്കുകയും ഇത്തരം കാര്യങ്ങളെ എങ്ങനെ നേരിടണം എന്നതിൽ ആവശ്യമായ പരിശീലനം കൊടുക്കുകയാണ് വേണ്ടത്. അതിന് ആദ്യമായി കൗമാര ദശയിൽ കുട്ടികൾക്കുണ്ടാകുന്ന മാറ്റങ്ങളെ പറ്റിയും, പ്രശ്നങ്ങളെ പറ്റിയും മാതാപിതാക്കൾ ശരിയായി മനസ്സിലാക്കേണ്ടതുണ്ട്.

1 ലോകാരോഗ്യ സംഘടനയുടെ നിർവചനപ്രകാരം 10നും 19നും ഇടയ്ക്ക് പ്രായമുള്ളവരെയാണ് കൗമാരക്കാർ എന്ന് വിളിക്കുന്നത്. ഈ ദശയാണ് ഒരു വ്യക്തിയുടെ ശാരീരികവും, മാനസികവും ലൈംഗികവും, വൈകാരികവും ആയ വളർച്ചാ കാലഘട്ടം. പക്ഷെ കുട്ടികൾക്ക് ഈ ഘട്ടത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും കൈകാര്യം ചെയ്യുവാനുള്ള പക്വതയോ ജീവിതാനുഭവമോ ഇല്ല എന്നുള്ളതാണ് അവർ അനുഭവിക്കുന്ന പ്രധാന പ്രശ്നം.

2. കൗമാരം മുതിർന്നവരിലേക്കെത്തുന്നതിന് മുൻപുള്ള പരിണാമദശയാണ് മുതിർന്നവരെ അനുകരിക്കാനും അവരെപോലെ ആയി തീരാനും ശ്രമിക്കുന്നു.

3. മദ്യം, മയക്കുമരുന്ന് ഉപയോഗിക്കുന്നതിലും പുതിയ അനുഭവങ്ങൾ തേടിയുള്ള പരീക്ഷണങ്ങളിലും ഏർപ്പെടാം. ഈ പ്രവർത്തികളുടെ അനന്തരഫലങ്ങളെ പറ്റി ചിന്തിക്കുന്നില്ല. ആവശ്യങ്ങൾക്ക് പണം കണ്ടെത്താൻ കുറുക്കു വഴികളും തെറ്റായ മാർഗ്ഗങ്ങളും സ്വീകരിക്കും. ഇവിടെയും ഭവിഷ്യത്തുകളെ പറ്റി ആലോചിക്കുന്നില്ല, പക്ഷെ മുതിർന്നവർ കുട്ടികളെ കുറ്റപ്പെടുത്തുകയും, താരതമ്യപ്പെടുത്തുകയും ചെയ്യും.

4. ഈ കാലഘട്ടത്തിലൂടെ കടന്നു പോകുമ്പോൾ ഇന്നലെ വരെ വഴികാട്ടിയായിരുന്ന മാതാപിതാക്കളോടോ, അദ്ധ്യാപകരോടൊ ഒന്നും തുറന്നു സംസാരിക്കാൻ കൂട്ടാക്കുന്നില്ല. ലഹരി വസ്തുക്കളോടു തോന്നുന്ന ആകർഷണത്തെ പറ്റിയോ, ലൈംഗികമായ സംശയങ്ങളോ തുറന്നു ചർച്ച ചെയ്യാൻ കുട്ടികൾ മടിക്കുന്നു. ഇത്തരം വിഷയങ്ങളിൽ നമ്മുടെ തന്നെ കാഴ്ചപ്പാടാണ് പ്രധാന കാരണം. പ്രത്യേകിച്ച് ലൈംഗികത എന്നത് അശ്ലീലമാണെന്നും, മറച്ചുവയ്ക്കേണ്ടതാണെന്നും ഉള്ള പൊതുധാരണ. ഈ അവസരത്തിൽ ഇന്റർനെറ്റിന്റെയും, നവമാധ്യമങ്ങളുടെയും പക്വതയില്ലാത്ത സമപ്രായക്കാരുടെയും സ്വാധീനം കുട്ടികളുടെ പ്രവർത്തികളിൽ പ്രതിഫലിക്കുന്നു. കുറ്റപ്പെടുത്താതെ അവരെ മനസ്സിലാക്കാനും, കേൾക്കാനും, ശാസ്ത്രീയമായ വിശദീകരണം കൊടുക്കാനും മാതാപിതാക്കളും ശ്രമിക്കണം.

5. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ പരിശോധിച്ചാൽ കഞ്ചാവും മറ്റു മയക്കുമരുന്നുകളും പിടിക്കപ്പെടുമ്പോൾ ഇതിന്റെ ഉപഭോക്താക്കളിലും, വില്പനക്കാരിലും കൗമാരക്കാരുടെ എണ്ണം കൂടി വരുന്നതായി മനസ്സിലാക്കാം. മോഷണം, അക്രമങ്ങൾ ലൈംഗിക പീഡനങ്ങൾ എന്നീ കുറ്റകൃത്യങ്ങളിലും കൗമാരക്കാരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ്. ആത്മഹത്യയിലും, വിഷാദരോഗത്തിലും ഇവർ മുൻപിട്ട് നില്ക്കുന്നു എന്നത് ആശങ്കാജനകമാണ്.

6. ശരിയായ ഒരു ലൈംഗിക സംസ്ക്കാരം കു

ട്ടികളിൽ ഉണ്ടാകണമെങ്കിൽ കുടുംബത്തിൽ തന്നെ ഈ വിഷയം ചർച്ചയാകണം പത്രമാധ്യമങ്ങളിൽ വരുന്ന പീഡനകഥകളുടെ പശ്ചാത്തലത്തിൽ കുടുംബത്തിൽ തന്നെ തുറന്ന ചർച്ചകൾ ഉണ്ടായാൽ കൗമാരക്കാർക്ക് പരിഭ്രമമോ ഭയമോ കൂടാതെ ഈ വക പ്രശ്നങ്ങൾ നേരിടാൻ കഴിയും.

ഈ വിഷയത്തിലെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് 9-ാം ക്ലാസ്സിലെ സയൻസ് വിഷയത്തിൽ ലൈംഗിക പഠനം ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷെ ഈ വിഷയം കൈകാര്യം ചെയ്യുന്നതിലേ ബുദ്ധിമുട്ടിനെ പറ്റി പല അദ്ധ്യാപകരും പറയാറുണ്ട്.

7. വാഹനം ഓടിക്കാനും, നീന്താനും, പല ജോലികൾ ചെയ്യാനും ഒക്കെ നാം ആവശ്യമായ പരിശീലനം നേടാറുണ്ട്. എന്നാൽ പ്രശ്നസങ്കീർണ്ണമായ കൗമാരദശയിലേക്ക് കടക്കുന്നതിന് മുമ്പ് എന്തു പരിശീലനമാണ് നാം കുട്ടികൾക്ക് കൊടുക്കുന്നത്. അവരെ കൈപിടിച്ചു നടത്തേണ്ട മാതാപിതാക്കളും അദ്ധ്യാപകരും എല്ലാം പലപ്പോഴും നിസ്സഹായരായിരിക്കും. ഈ അവസ്ഥയിൽ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്തു വൈദഗ്ദ്യമുള്ളവരുടെ സേവനം തേടേണ്ടതാണ്.

8. കൗമാരക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും വിദഗ്ധ സമിതികൾ ഉണ്ടാക്കുന്നത് അഭികാമ്യമാണ് മന:ശാസ്ത്രജ്ഞൻ, കൗൺസിലർമാർ, ഈ രംഗത്തു പ്രവർത്തിക്കുന്ന മറ്റു പ്രൊഫഷണലുകൾ എന്നിവരെ ഉൾപ്പെടുത്തി ഇപ്പോൾ വിവാഹ പൂർവ്വ കൗൺസിലിങ്ങ് നടത്തുന്ന രീതിയിൽ കൗമാരപൂർവ്വ കൗൺസിലിങ്ങ് നടത്തേണ്ടതാണ്. തന്റെ ശരീരത്തിനും, ചിന്തകൾക്കും വരാൻ പോകുന്ന മാറ്റങ്ങളും, ലൈംഗികം, മദ്യം, മയക്കുമരുന്ന് ഇവയോടുള്ള ആകർഷണം വൈകാരിക പ്രശ്നങ്ങൾ ഇവയെക്കുറിച്ച് എങ്ങനെ നേരിടണമെന്നും വിദഗ്ധർക്ക് കൈകാര്യം ചെയ്യാം. ജീവിതത്തിൽ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താൻ ഈ കൗമാരപൂർവ്വ കൗൺസിലിങ്ങ് ഉപകരിക്കും.

9. ഈ ശില്പശാലയുടെ ഭാഗമായി ഒരു ദിവസം കുട്ടികൾക്കൊപ്പം മാതാപിതാക്കൾക്കും ക്ലാസ്സ് എടുക്കുകയാണെങ്കിൽ കൗമാര പ്രശ്നങ്ങളെ മനസ്സിലാക്കാനും കൈകാര്യം ചെയ്യാനും അവർക്കും സഹായകമാകും. തുറന്ന ചർച്ചകൾക്കും, കൂട്ടായ തീരുമാനങ്ങൾ എടുക്കാനുമുള്ള ഗൃഹാന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. സ്കൂൾ തലത്തിൽ പി റ്റി എകൾക്കും, വിവിധ സാമൂഹ്യസംഘടനകൾക്കും സ്വന്തം നിലക്കും ഈ ദൗത്യം ഏറ്റെടുക്കാൻ സാധിക്കും.

ഈ പരിശീലനം കൗമാരക്കാരെ അപകടങ്ങളിലും, ചതിക്കുഴിയിലും ചെന്നുപെടാതിരിക്കാനും, സുശക്തമായ ഒരു സംസ്കാരവും, ജീവിതവീക്ഷണവും കുട്ടികളിൽ രൂപികരിക്കാനും സഹായകരമാവും●

## എറണാകുളം കരയോഗം
## **ചാരിറ്റി പ്രവർത്തനങ്ങൾക്ക്**
## **2017 ഡിസംബർ മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീമതി ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി-18 | 1,00,000/- |
| 2. | ശ്രീ.ജയശങ്കർ.ബി, 8 ബി, ശാന്തി തോട്ടേക്കാട്ട് എസ്റ്റേറ്റ്, ചിറ്റൂർ റോഡ്, കൊച്ചി-16. | 25,000/- |
| 3. | ശ്രീമതി ഇന്ദിര മുരളീധരൻ നായർ, പ്രശാന്തി, ഐശ്വര്യ ലെയ്ൻ, കലൂർ.പി.ഒ, കൊച്ചി-17 (ആർ. മുരളീധരൻ നായരുടെ സ്മരണയ്ക്ക്) | 25,000/- |
| 4. | ശ്രീമതി സുജാത നായർ, 3സി, ലീഗസി സ്കൈലൈൻ, ഇ.എസ്.ഐ റോഡ്, കൊച്ചി. | 20,000/- |
| 5. | ശ്രീ.കൃഷ്ണകുമാർ, 4ഇ, സെലസ്റ്റെയിൽ ക്ലിയർവെ ബിൽഡിംഗ്സ്,തോട്ടേക്കാട്ട്. | 10,759/- |
| 6. | ശ്രീമതി എം.മീര, ശ്രീ, എടാട്ട്.പി.ഒ, പയന്നൂർ. | 6,000/- |
| 7. | ശ്രീമതി പ്രീതി എം. C/o കെ.രാധാകൃഷ്ണൻ, സുരമ്യ, കാരിയർ സ്റ്റേഷൻ റോഡ്, എറണാകുളം. | 5,000/- |
| 8. | ശ്രീ.ടി.എൻ.ടി നായർ, 15, കൈരളി അപ്പാർട്ട്മെന്റ്, പനമ്പിള്ളി നഗർ, കൊച്ചി-682036 | 5,000/- |

# മുഖസൗന്ദര്യം എങ്ങനെ വർദ്ധിപ്പിക്കാം

ഡോ.ദേവീദാസ് വെള്ളോടി, ഫോൺ : 9747480903

മുഖസൗന്ദര്യം വേണ്ടാത്തവരോ വർദ്ധിക്കാനാഗ്രഹമില്ലാത്തവരോ ഈ ലേഖനം വായിക്കരുത്. ഈ ലേഖനം സുസ്മേര വദനകളും സുന്ദരികളുമായവർക്കും ആകേണ്ടവർക്കും വേണ്ടി സമർപ്പിക്കുകയാണ് (Dedicate). പുരുഷന്മാർക്കും വേണമെങ്കിൽ ഉപകരിക്കും.

## എന്താണ് മുഖസൗന്ദര്യം

മുഖത്തിന്റെ ആകൃതി, തൊലിയുടെ മൃദുത്വം, നിറം, സ്നിഗ്ദത, യുവത്വം എല്ലാം കൂടി ചേർന്നതാണ് മുഖസൗന്ദര്യം. ഇതിൽ തലമുടിയുടെ നിറം, ചേർച്ച എന്നിവയും കൂടി ചേർക്കണം മുഖത്തിന്റെ ആകൃതിയും നിറവും നമുക്ക് ജന്മനാൽ കിട്ടുന്നതാണ്. കൃത്രിമ മാർഗ്ഗങ്ങളിലൂടെ ആകൃതിയും നിറവും മാറ്റിയെടുക്കുവാൻ കഴിയുന്ന ശസ്ത്രക്രിയകൾ സുലഭമായിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ മുഖത്തിന്റെ മൃദുത്വം, സ്നിഗ്ദത, യുവത്വം എന്നിവ ഒരു പരിധി വരെ നിലനിർത്തുവാനും കുറച്ചു കൂടി മെച്ചപ്പെടുത്തുവാനും സഹായിക്കുന്ന ചില ആയുർവ്വേദ ചര്യകളാണ് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നത്. ചർമ്മം നന്നായിരിക്കണമെന്ന് ആഗ്രഹിക്കുന്ന പുരുഷൻമാർക്കും ഇവ പ്രയോഗിച്ചു നോക്കാവുന്നതാണ്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന ചീത്തപ്പേര് എനിക്ക് കേൾപ്പിക്കരുതെന്ന മുഖവുരയോടെ ആരംഭിക്കട്ടെ.

## പ്രാഥമികമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

നമ്മുടെ ശരീരപ്രകൃതി അറിഞ്ഞിരിക്കുന്നത് തൊലിയിലെ ആരോഗ്യം നിലനിർത്തുവാൻ സഹായിക്കും.

വളരെ വരണ്ട ചർമ്മമാണെങ്കിൽ തീർച്ചയായും ആ വ്യക്തി വാതപ്രകൃതിക്കാരനായിരിക്കണം. അതിസ്നിഗ്ദചർമ്മമാണെങ്കിൽ കഫപ്രകൃതിക്കാരനായിരിക്കും. അമിതമായി വിയർക്കുന്ന ചർമ്മമാണെങ്കിൽ പിത്തപ്രകൃതിയാണെന്ന് സാമാന്യമായി പറയാം. ഉപചാരങ്ങൾ ചെയ്യുന്നതിന് ഈ പ്രകൃതി നിർണ്ണയം നല്ലതാണ്.

ആദ്യമായി ഇവിടെ പ്രതിപാദിക്കാൻ പോകുന്നത് ചർമ്മത്തിന്റെ അസ്വാഭാവികത മാറ്റിയെടുക്കാനുള്ള കർമ്മങ്ങളെയും ചര്യകളെയും കുറിച്ചാണ്. പ്രായാധിക്യം വരുമ്പോൾ ചർമ്മത്തിനുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് യൗവ്വനം നിലനിർത്താനുള്ള ചര്യകൾ ഇതിന് ശേഷം പറയാം.

## 1. എണ്ണമയമുള്ള തൊലി (OILY SKIN)

അധികമായി നെയ്യ്, എണ്ണ, വെണ്ണ, എണ്ണയിൽ വറുത്ത ഭക്ഷണം തുടങ്ങിയവ കഴിക്കുന്നവരിൽ തൊലി കൂടുതൽ എണ്ണമയമുള്ളതായി കണ്ടുവരാറുണ്ട്. ഇങ്ങനെയുള്ളവരിൽ മുഖക്കുരു, തലയിൽ താരൻ എന്നിവ കൂടുതൽ കണ്ടുവരാറുണ്ട്. ശരീരത്തിൽ കൊഴുപ്പിന്റെ അളവും കൂടുതലായി കാണാം. അതുപോലെ കരളിന്റെ അൾട്രാസൗണ്ട് പരിശോധിച്ചാൽ 'FATTY LIVER' ആയും കാണാറുണ്ട്. എണ്ണമയം കുറയ്ക്കുന്നതിന് ആദ്യമേ ചെയ്യേണ്ടത് എണ്ണ, നെയ്യ് തുടങ്ങിയ ഭക്ഷണം പരമാവധി കുറക്കുക എന്നതു തന്നെയാണ്. അമിതവണ്ണമുണ്ടെങ്കിൽ നല്ലപോലെ വ്യായാമം ചെയ്യണം. ശരീരഭാരം കുറച്ചേ തീരൂ. നല്ലപോലെ ശരീരം വിയർക്കുന്നത് നല്ലതാണ്. ധാരാളം പച്ചക്കറികൾ കഴിക്കണം മുഖത്തേക്ക് പ്രത്യേകമായി ആവി പിടിക്കുന്നത് നല്ലതാണ്. എപ്പോഴും മുഖം കഴുകി വൃത്തിയാക്കി വെയ്ക്കണം. രാത്രി കിടക്കാൻ നേരത്ത് മുഖം നല്ലപോലെ കഴുകണം. നിയന്ത്രിച്ചില്ലെങ്കിൽ കാക്കപ്പുള്ളി, അരിമ്പാറ എന്നിവയും കൂടുതലായി കാണും.

## കക്കരിക്ക (Cucumber) ഫെയ്സ്പാക്ക്:–

മുഖക്കുരു, കറുത്ത പുള്ളികൾ, എണ്ണമയമുള്ള തൊലിപ്പുറം എന്നിവയ്ക്ക് കക്കരിക്ക ജൂസ് കട്ടിയിൽ മുഖത്തു പുരട്ടുന്നത് ഗുണം ചെയ്യും. രാവിലെ മുഖം കഴുകി വൃത്തിയാക്കി തുടച്ച് വേണം ഇത് പുരട്ടാൻ. സാധാരണ 20 മിനിട്ട് പുരട്ടിയാൽ മതിയാകും. ഓറഞ്ചുകൊണ്ട് ഫേസ്പാക്ക് ചെയ്യുന്നതും തൊലിയെ ശുചികരിക്കും.

## ഉരുളക്കിഴങ്ങ് ഫെയ്സ്പാക്ക്

പച്ച ഉരുളക്കിഴങ്ങ് ജൂസ് ആക്കി കട്ടിയിൽ ദിവസവും രാവിലെ 20 മിനിട്ട് മുഖത്ത് പുരട്ടുന്നത് എണ്ണമയം കുറയ്ക്കും. കൂടാതെ ഇത് നല്ലൊരു ശുദ്ധീകരണവും (Cleansing) ആണ്.

### 2. വരണ്ടചർമ്മം

നേരത്തെ സൂചിപ്പിച്ച വാതപ്രകൃതികൊണ്ട് തണുപ്പു കാലത്ത് കാലാവസ്ഥ വ്യതിയാനം കൊണ്ടും മുഖത്തും മറ്റു ശരീര ഭാഗങ്ങളിലും വരണ്ട ചർമ്മം (Dry Skin) കാണാറുണ്ട്. പ്രത്യേകിച്ച് വായയുടെ ഇരുവശത്തും ചുണ്ടുകളിലും കണ്ണിനു ചുറ്റും അതുപോലെ നെറ്റിയിലും ഈ വരൾച്ച (Dryness) കാണാറുണ്ട്.

## പ്രതിവിധി

ചൂടുവെള്ളത്തിൽ ശരീരം കഴുകാതിരിക്കുക, പ്രത്യേകിച്ച് മുഖം കഴുകരുത്. ദിവസത്തിൽ നാല് തവണയെങ്കിലും തണുത്ത വെള്ളത്തിൽ മുഖം കഴുകുക. കുളിച്ച് കഴിഞ്ഞശേഷം മോയ്ചറൈസർ (Moisturizser) ക്രീമുകൾ പുരട്ടണം. പാൽകട്ടി മുഖത്തു പുരട്ടുന്നതും നല്ലതാണ്. ഏലാദി വെളിച്ചണ്ണ, വെന്തവെളിച്ചെണ്ണ എന്നിവയിലേതെങ്കിലും മുഖത്തും ശരീരത്തിലും തേച്ച് കുളിക്കുക. സോപ്പിന് പകരം ചെറുപയർ പൊടി തേച്ച് മെഴുക്ക് കളയുക. കുളിയോ മുഖം കഴുകലോ കഴിഞ്ഞശേഷം മൃദുവായ തുണിയാൽ മുഖം തുടയ്ക്കുക.

### ഭക്ഷണക്രമം

വെണ്ണ, നെയ്യ്, പാൽ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. എരിവ് കുറയ്ക്കണം. പ്രമേഹ രോഗമില്ലെങ്കിൽ മധുരം കഴിക്കുന്നത് നല്ലതാണ്. ചിലർക്ക് ജന്മനാൽ ചർമ്മത്തിന് വരൾച്ച ഉണ്ടാകും. അങ്ങിനെയുള്ളവർ സ്ഥിരമായി ഏലാദി വെളിച്ചെണ്ണയോ അതുപോലുള്ള മറ്റു ഔഷധ എണ്ണകളോ ദേഹത്ത് തേച്ച് കുളിക്കണം.

## i. തക്കാളി ഫെയ്സ്പാക്ക്

നല്ല തക്കാളി കഴുകി പേസ്റ്റ് രൂപത്തിൽ അരച്ച് 20 മിനിറ്റ് ദിവസേന രാവിലെ മുഖത്ത് പുരട്ടണം. തണുത്ത വെള്ളത്തിൽ മുഖം കഴുകുക.

## ii. കടലമാവ് ഫെയ്സ്പാക്ക്

കടലമാവ് പൊടി പാൽ ചേർത്ത് കുഴമ്പ് രൂപത്തിലാക്കി രാവിലെ 15–20 മിനിറ്റ് ദിവസേന മുഖത്തു പുരട്ടണം. ചെറുപയർ പൊടി ഉപയോഗിച്ച് മുഖം വൃത്തിയാക്കുക.

### 3. വരണ്ട സ്നിഗ്ദമായ ചർമ്മം

മുഖത്ത് തൊലിക്ക് വരൾച്ചയും അതേ സമയം എണ്ണമയവും ഉള്ളവരുണ്ട്. ഇത് വാതകഫപ്രകൃതിയാണ്. ഇത് വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. കൂടുതൽ എണ്ണമെഴുക്ക് പുരട്ടുന്നത് പ്രയാസമുണ്ടാക്കും. ഏലാദി ചൂർണ്ണം വെള്ളത്തിൽ ചാലിച്ച് കുഴമ്പ് പരുവത്തിൽ രാവിലെ 10 മിനിറ്റ് മുഖത്ത് പുരട്ടുക. കുളി കഴിഞ്ഞാൽ കറ്റാർവാഴ ജൂസ് മുഖത്ത് പുരട്ടുക. ദിവസവും നാരങ്ങ പിഴിഞ്ഞ ചെറു ചൂടുവെള്ളം കൊണ്ട് രണ്ട് തവണയെങ്കിലും മുഖം കഴുകുക എന്നിവ നല്ലതാണ്.

## മുഖസൗന്ദര്യത്തിനുള്ള ചില സുപ്രധാനമായ കാര്യങ്ങൾ:

1. നമ്മുടെ ത്വക്ക്, വായുവിലൂടെ ധാരാളം മലിനീകരണം ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. അതിനാൽ ഇടക്കിടെ മുഖം നല്ല തണുത്ത വെള്ളത്തിൽ കഴുകി തുടക്കണം.

2. സൂര്യതാപമേൽക്കാതെ നോക്കണം. വേനൽക്കാലത്ത് പ്രത്യേകിച്ച് വെയിലത്ത് നടക്കുന്നത് കുറയ്ക്കുകയും വേണ്ടി വന്നാൽ കുടപിടിക്കുകയും വേണം. ജന്മനാൽ സൂര്യതാപത്തിന് അലർജിയുള്ളവർ വൈദ്യനിർദ്ദേശാനുസരണം അനുയോജ്യമായ ക്രീമുകൾ ഉപയോഗിക്കണം.

3. ദിവസേന 10 ഗ്ലാസ്സ് വെള്ളം കുടിക്കണം, ധാരാളം പഴങ്ങളും പച്ചക്കറികളും കഴിക്കണം.

4. ദിവസേന 6 മണിക്കൂറെങ്കിലും ഉറങ്ങിയിരിക്കണം. ഓർക്കുക, ഉറക്കക്കുറവ് തൊലിയുടെ മാർദ്ദവത്തെ കുറക്കും തൊലിക്ക് വരൾച്ചയുണ്ടാകും പ്രായക്കൂടുതൽ കാണിക്കും.

5. “YOU ARE WHAT YOU EAT”ഇത് വളരെ പ്രാധാന്യമുള്ള ഒരു സന്ദേശമാണ്. കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ.

6. ദിവസേന കുറച്ച് സമയം വ്യായാമം ചെയ്യുന്നതിനായും മുഖം സംരക്ഷണത്തിന് വേണ്ടിയും ചിലവഴിക്കുക.

7. ചെറുപ്പക്കാരിൽ മുഖക്കുരു കൂടുതൽ കാണുന്നുണ്ടെങ്കിൽ നിങ്ങളുടെ ഫാമിലി ഫിസിഷ്യനെ കാണണം. ചിലപ്പോൾ ഹോർമോൺ വ്യതിയാനങ്ങൾ മുഖക്കുരു ഉണ്ടാക്കും. മുഖക്കുരു ഒരിക്കലും കൈകൊണ്ട് നുള്ളി പൊട്ടിക്കരുത്. കറുത്തപാട് വരും.

8. പരസ്യങ്ങൾ നോക്കി മാർക്കറ്റിൽ ലഭിക്കുന്നതാണ തരം മുഖ സൗന്ദര്യ വസ്തുക്കളൊന്നും ഉപയോഗിക്കരുത്. ഇന്റർനെറ്റിൽ കാണുന്നതാണെങ്കിലും

നിങ്ങളുടെ ഡോക്ടറുടെ ഉപദേശപ്രകാരമല്ലാതെ ലേപനങ്ങളൊന്നും പുരട്ടരുത്.

9. വരണ്ട ചർമ്മത്തിന് പാൽ, നെയ്യ്, വെണ്ണ, മധുരം എന്നിവ നല്ലതാണെന്നും അധികം എണ്ണമയമുള്ള ചർമ്മത്തിന് ഇവ പറ്റില്ലെന്നും അറിഞ്ഞിരിക്കുക. അധികമായ എരിവ് ഒന്നിനും നല്ലതല്ല. ഉറക്കമിളപ്പ് അമിത ഭക്ഷണം എന്നിവയും ദോഷം ചെയ്യും. നമ്മുടെ നാട്ടിൽ കിട്ടുന്ന പഴവർഗ്ഗങ്ങളും അവകൊണ്ടുള്ള ഫേഷ്യൽപാക്കുകളും മതിയാകും. ഒരുപാട് പണച്ചിലവുള്ള പഴവർഗ്ഗങ്ങൾ ആവശ്യമില്ല. വെളിച്ചെണ്ണ പൊതുവെ നല്ല എണ്ണയാണ്. ദിവസവും 1 ടീസ്പൂൺ നല്ല നെയ്യ് കഴിക്കുന്നത് നല്ലതാണ്.

10. നമ്മുടെ ശരീരസൗന്ദര്യം നമ്മുടെ പേഴ്സണാലിറ്റിയുടെ ഭാഗമാണെന്ന് ഓർക്കുക. മുഖസൗന്ദര്യം പ്രത്യേകിച്ചും ഒരാളുടെ വ്യക്തിത്വത്തെയും ആർജ്ജവത്തെയും ഉയർത്തിക്കാണിക്കും.

11. അറിയാത്ത ലേപനങ്ങൾ പുരട്ടി വെളുക്കാൻ തേച്ചത് പാണ്ടായി മാറരുത്.●

**ഭാരതത്തിലെ ഋഷികവികൾ**

**(13-ാം പേജിൽ നിന്ന് തുടർച്ച)**

ഇരുവരും സമാധിയായത്.

## ബസവേശ്വരൻ

ബിജാപുർ ജില്ലയിലെ ഇംഗളേശ്വർ ബഗേവാഡി എന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് ബസവണ്ണ ജനിച്ചത്. അതിസുന്ദരനും ബുദ്ധിമാനുമായിരുന്ന മകനെച്ചൊല്ലി മാതാപിതാക്കൾക്ക് ഏറെ പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ പുത്രൻ സമൂഹത്തിലെ ബ്രാഹ്മണമേധാവിത്വത്തെ ചോദ്യം ചെയ്യാൻ തുടങ്ങിയതോടെ അവരുടെ പ്രതീക്ഷകൾക്കു മങ്ങലേറ്റു. ഉപനയനത്തിനു വഴങ്ങാൻ ബസവണ്ണ വിസമ്മതിച്ചു. മാതാപിതാക്കളെയും വീടിനെയുമുപേക്ഷിച്ച് അദ്ദേഹം സമൂഹത്തിലേക്കിറങ്ങിച്ചെന്നു; വീരശൈവപ്രസ്ഥാനം എന്നൊരു പുതിയ ഭക്തിമാർഗത്തിനു രൂപം നൽകി. അദ്ദേഹവും അനുയായികളും ശരീരത്തിൽ ശിവലിംഗം ധരിച്ചു. നെറ്റിയിൽ ഭസ്മം പൂശി. സ്വയം ലിംഗായത്തുകൾ എന്നു വിശേഷിപ്പിച്ചു.കൂടലസംഗമ എന്ന മനോഹരമായൊരു പ്രദേശമായിരുന്നു വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാനകേന്ദ്രം. ഇവിടത്തെ അനുഭവമണ്ഡലം എന്ന വിദ്യാഭ്യാസകേന്ദ്രത്തിൽ പണ്ഡിതന്മാരും ബ്രഹ്മചാരികളും പതിവായി സംഗമിച്ചുപോ ന്നു. മഹാപണ്ഡിതനായ അല്ലമേ മഹാപ്രഭൂ എന്ന ദിവ്യനായിരുന്നു അവരുടെ ഗുരു. പ്രഭുദേവ എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടു. ബസവേശ്വരൻ സ്ഥിരമായി പ്രഭുദേവന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ അനുഭവമണ്ഡലം സന്ദർശിച്ചു പോന്നു.

